ISSN-0971-8397

# യോജന

ഏപ്രിൽ 2016 ഒരു വികസന പത്രിക ₹ 22



## വടക്കു കിഴക്കൻ മേഖല

**സമഗ്ര വികസനവും സമാധാന പരിപാലനവും**
സഞ്ജോയ് ഹസാരിക

**വിദ്യാഭ്യാസവും തൊഴിലവസരങ്ങളും**
നതാലി വെസ്റ്റ് ഖർക്കോങ്കർ

**ആരോഗ്യവും സ്ത്രീ ശാക്തീകരണവും വടക്കു കിഴക്കൻ വികസന പ്രതീക്ഷകളും**
അരുണാ ഭട്ടാചാര്യ

ഫോക്കസ്
**കാർഷിക സമൃദ്ധിയുടെ വടക്കുകിഴക്കൻ വിജയഗാഥ**
നിരേന്ദ്ര ദേവ്

പ്രത്യേക ലേഖനം
**ഗോത്രവർഗ വികസനം**
എൻ.സി. സക്സേന

# വികസന പാത

## സിക്കിമിൽ നാഷണൽ ഓർഗാനിക് ഫാമിങ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

സിക്കിമിലെ ഗാങ്ടോക്കിൽ ദേശീയ ജൈവകൃഷി ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനം തുടങ്ങി. സിക്കിമിനെ രാജ്യത്തെ പ്രഥമ ജൈവ സംസ്ഥാനമായി അടുത്തയിടെ പ്രഖ്യാപിച്ചതിനു പിന്നാലെയാണിത്. ഇന്ത്യയിൽ പൊതുവിലും വടക്കു കിഴക്ക് മലയോര മേഖലയിൽ പ്രത്യേകിച്ചും ജൈവ കാർഷിക ഉത്പാദനത്തിനുള്ള എല്ലാ സാങ്കേതിക സഹായവും ചെയ്യുന്നത് ഈ ഗവേഷണ കേന്ദ്രം ആയിരിക്കും. പരിസ്ഥിതി സുസ്ഥിര ജൈവ കൃഷിയിലൂടെ കാർഷിക ഉത്പാദനക്ഷമത വർധിപ്പിക്കാനുള്ള സാമ്പത്തികപരവും ഫലപ്രദവുമായ എല്ലാ ഗവേഷണങ്ങളും ഈ കേന്ദ്രത്തിൽ ഉടൻ ആരംഭിക്കും. രാജ്യത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കൃഷിക്കാർക്ക് ഹ്രസ്വകാല പരിശീലന പരിപാടികളും ഇവിടെ സംഘടിപ്പിക്കും.

## ബേട്ടി ബചാവോ, ബേട്ടി പഠാവോ പദ്ധതി 61 ജില്ലകളിലേയ്ക്കു കൂടി

വനിതാ ശിശുവികസന മന്ത്രാലയം രാജ്യത്തെ 11 സംസ്ഥാനങ്ങളിലെ 61 ജില്ലകളിലേയ്ക്കു കൂടി ബേട്ടി ബച്ചാവൊ, ബേട്ടി പഠാവോ പദ്ധതി വ്യാപിപ്പിച്ചു. ഗുജറാത്ത് - 4, ഹരിയാന - 8, ഹിമാചൽ പ്രദേശ് - 2, ജമ്മുകാഷ്മീർ - 10, മധ്യപ്രദേശ് - 2, മഹാരാഷ്ട്ര - 6, ഡൽഹി - 2, മധ്യപ്രദേശ് - 2, പഞ്ചാബ് - 10, രാജസ്ഥാൻ - 4, ഉത്തർ പ്രദേശ് - 11, ഉത്തരാഖണ്ഡ് - 3 എന്നിങ്ങനെയാണ് പദ്ധതി വ്യാപിപ്പിച്ചിരിക്കുന്നത്. ഹരിയാനയിലെ പാനിപ്പട്ടിലാണ് 2015 ജനുവരി 22 ന് ബേട്ടി ബച്ചാവൊ, ബേട്ടി പഠാവോ പദ്ധതിക്ക് തുടക്കമിട്ടത്. വനിതാ ശിശു വികസനം,ആരോഗ്യ കുടുംബക്ഷേമം, മനുഷ്യവിഭവ വികസന മന്ത്രാലയങ്ങളുടെ സംയുക്താഭിമുഖ്യത്തിൽ 100 ജില്ലകളിലാണ് ആദ്യം പദ്ധതി തുടങ്ങിയത്.

## പ്രധാനമന്ത്രി കൗശൽ വികാസ് യോജനയിൽ 10 ലക്ഷം പേർ

നൈപുണ്യവികസന സംരംഭകത്വ മന്ത്രാലയത്തിന്റെ പതാക നൗക പദ്ധതിയായ പ്രധാനമന്ത്രി കൗശൽ വികാസ് യോജനയിൽ പേര് രജിസ്റ്റർ ചെയ്തവരുടെ സംഖ്യ 10 ലക്ഷം കവിഞ്ഞു. രാജ്യത്തെ 1012 പരിശീലന സ്ഥാപനങ്ങളിലൂടെ നാഷണൽ സ്കിൽ ഡവലപ്മെന്റ് കോർപ്പറേഷനാണ് പദ്ധതി നടപ്പാക്കുന്നത്.382 തൊഴിൽ പരിശീലനത്തിനായി 10,28671 പേരാണ് പദ്ധതിയിൽ അംഗമായിട്ടുള്ളത്. ഇതിൽ 70 ശതമാനവും ഇതിനോടകം പരിശീലനം പൂർത്തിയാക്കി കഴിഞ്ഞു. രാജ്യത്തെ 29 സംസ്ഥാനങ്ങളിലും ആറ് കേന്ദ്രഭരണ പ്രദേശങ്ങളിലും 596 ജില്ലകളിലും 531 നിയോജക മണ്ഡലങ്ങളിലും പദ്ധതി ഇപ്പോൾ നടന്നു വരികയാണ്. 19 മേഖലകളിൽ 566 തൊഴിലുകൾക്കാണ് പദ്ധതി വഴി യുവാക്കൾക്ക് പരിശീലനം നല്കുക.

ഉത്തർപ്രദേശ്, തമിഴ്നാട്, മധ്യപ്രദേശ്, പശ്ചിമബംഗാൾ, ആന്ധ്ര സംസ്ഥാനങ്ങളിൽ നിന്നാണ് ഏറ്റവും കൂടുതൽ യുവാക്കൾ പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കുന്നത്.

## LIGO ശാസ്ത്രപരീക്ഷണത്തിന് അനുമതി

ഗുരുത്വ തരംഗങ്ങൾ പഠിക്കുന്നതിനുള്ള എൽഐജിഒ(ലേസർ ഇന്റർഫെറോമീറ്റർ ഗ്രാവിറ്റേഷണൽ വേവ് ഒബ്സർവേറ്ററി) ഇന്ത്യ എന്ന ശാസ്ത്ര പരീക്ഷണ പദ്ധതിക്ക് മന്ത്രിസഭ തത്വത്തിൽ അംഗീകാരം നല്കി. ആണവോർജ്ജ- ശാസ്ത്ര സാങ്കേതിക വകുപ്പുകളാണ് പദ്ധതിക്ക് നേതൃത്വം നല്കുക. കാൽടെക്, എംഐടി എന്നീ കമ്പനികൾ എൽഐജിഒ ലാബോറട്ടറിയുമായി സഹകരിച്ച് ഏറ്റവും മികച്ച ഗ്രാവിറ്റേഷണൽ ഒബ്സർവേറ്ററിയും ഇന്ത്യയിൽ സ്ഥാപിക്കും. ഇന്ത്യയിലെ ശാസ്ത്രജ്ഞർക്കും എൻജിനിയർമാർക്കും ഈ പദ്ധതി വലിയ സാധ്യതകളാണ് നല്കുക. ഇന്ത്യയിലെ വിദ്യാർത്ഥികൾക്കും ശാസ്ത്ര ഗവേഷണവിജ്ഞാനത്തിന്റെ വിശാലമായ ലോകമാണ് പദ്ധതി തുറന്നു കൊടുക്കുന്നത്.

ഏപ്രിൽ 2016

വാല്യം 44 | ലക്കം 9

# യോജന

മലയാളം പതിപ്പ്

*ചീഫ് എഡിറ്റർ:*
**ദീപിക കച്ചൽ**

*സീനിയർ എഡിറ്റർ:*
**ധന്യ സനൽ കെ.**

*എഡിറ്റർ ഇൻ ചാർജ്:*
**ജെ. മഹേഷ് കുമാർ**




**ഈ ലക്കത്തിൽ**

## വടക്കു കിഴക്കൻ മേഖല

**മലയാളം പതിപ്പ് :** റ്റി.സി 25/139, ഗവണ്മെന്റ് പ്രസ് റോഡ്, തിരുവനന്തപുരം - 695 001. ഫോൺ : 0471 - 2323826
ഇ-മെയിൽ : yojanamal50@yahoo.co.in

**വെബ്സൈറ്റ്** : www.yojana.gov.in

**ഇ-മെയിൽ** : yojanace@gmail.com

വരിസംഖ്യ/ബിസിനസ് സംബന്ധമായ വിവരങ്ങൾക്ക് : pdjucir@gmail.com

ആസൂത്രണവും വികസനവും ലക്ഷ്യമാക്കി മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ബംഗാളി, തമിഴ്, അസമിയ, മറാഠി, തെലുങ്ക്, ഗുജറാത്തി, ഉറുദു, പഞ്ചാബി, കന്നട, ഒറിയ എന്നീ 13 ഭാഷകളിൽ പ്രസിദ്ധീകരിക്കുന്നത്.

ഇംഗ്ലീഷ് യോജനയുടെ വരിസംഖ്യാ സംബന്ധമായ അന്വേഷണങ്ങൾക്ക് എഴുതേണ്ട വിലാസം:
ബിസിനസ് മാനേജർ (സർക്കുലേഷൻ ആന്റ് അഡ്വർടൈസ്മെന്റ്) പബ്ലിക്കേഷൻസ് ഡിവിഷൻ, റൂം നം. 48-53, സൂചനാ ഭവൻ, സിജിഒ കോംപ്ലക്സ്, ലോധി റോഡ് ന്യൂഡൽഹി 110 003

വരിസംഖ്യ: ഒരു വർഷം 230/-, രണ്ടു വർഷം 430/-, മൂന്നു വർഷം 610/-

യോജനയിൽ അച്ചടിച്ചു വരുന്ന ലേഖനങ്ങളിലെ അഭിപ്രായം ലേഖകരുടേതായിരിക്കും; അവ സർക്കാരിന്റേതാകണമെന്നില്ല. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും യോജനയ്ക്ക് ഉത്തരവാദിത്തമില്ല.

യോജനയുടെ ഉദ്ദേശ്യം വികസനത്തിന്റെ സന്ദേശം നാടെങ്ങും എത്തിക്കുകയാണ്. പക്ഷേ ഇതിൽ ഔദ്യോഗികാഭിപ്രായങ്ങൾക്കു മാത്രമല്ല സ്ഥാനം നല്കപ്പെടുക. ജനാഭിലാഷങ്ങളുടെയും നൈരാശ്യങ്ങളുടെയും കണ്ണാടി കൂടിയാണ് യോജന.

കവർ : ജി.പി. ധോപെ




## ലേഖനങ്ങൾ ക്ഷണിയ്ക്കുന്നു

**സമ്പദ് വ്യവസ്ഥ, ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹ്യക്ഷേമ മേഖലകളിലെ പ്രവണതകൾ എന്നിവ സ്ഥിതിവിവര കണക്കുകളോടെ വിശകലനം ചെയ്യുന്ന**

# ലേഖനങ്ങൾ

**വിദഗ്ദ്ധരിൽനിന്നും ഗവേഷണ വിദ്യാർത്ഥികളിൽനിന്നും**

## ക്ഷണിക്കുന്നു

*വിലാസം:*

പത്രാധിപർ, യോജന, ഗവ. പ്രസ്സ് റോഡ്, തിരുവനന്തപുരം 695 001

ഇ–മെയിൽ :

yojanamal50@yahoo.co.in

യോജന
● ഏപ്രിൽ 2016 ●വാല്യം 44 ●ലക്കം ഒൻപത്

# ഉള്ളടക്കം

## വടക്കു കിഴക്കൻ മേഖല

7 സമഗ്ര വളർച്ചയും സമാധാന പരിപാലനവും
സഞ്ജോയ് ഹസാരിക

10 നോർത്ത് ഈസ്റ്റ് : വിദ്യാഭ്യാസവും തൊഴിലവസരങ്ങളും
നതാലി വെസ്റ്റ് ഖർക്കോങ്കർ

13 ആരോഗ്യവും സ്ത്രീ ശാക്തീകരണവും വടക്കു കിഴക്കൻ വികസന പ്രതീക്ഷകളും
അരുണാ ഭട്ടാചാര്യ

15 ഫോക്കസ്
കാർഷിക സമൃദ്ധിയുടെ വടക്കുകിഴക്കൻ വിജയഗാഥ
നിരേന്ദ്ര ദേവ്

17 വികസനത്തെ മന്ദീഭവിപ്പിക്കുന്ന അടിസ്ഥാന സൗകര്യ പ്രശ്നങ്ങൾ
കൃഷ്ണദേവ്

22 പ്രത്യേക ലേഖനം
വടക്കുകിഴക്കൻ ഇന്ത്യയിലെ ഗോത്രവർഗ വികസനം
എൻ.സി. സക്സേന

26 ജൈവ വൈവിധ്യം വടക്കു കിഴക്കൻ താഴ്വരകളിൽ
ഡോ. അരൂപ് കുമാർ മിശ്ര

29 വടക്കു കിഴക്കൻ മേഖലയിലെ വൈദ്യുതീകരണം
കെ. രാമനാഥൻ

33 വടക്കു കിഴക്കേ ഇന്ത്യയിലെ ജലഗതാഗത മാർഗങ്ങൾ
ഡോ. വിശ്വപതി ത്രിവേദി

35 മേഘാലയ: ഗിരിവർഗ സമൂഹവും സ്വയംഭരണ ജില്ലാ ഭരണകൂടവും
ഡോ. ചിന്താമണി റൗത്ത്

37 വടക്കുകിഴക്കൻ മേഖലയ്ക്കായി നൈപുണ്യ ദൗത്യം
സഞ്ജീവ് ദുഗ്ഗാൽ

42 മോട്ടോർ വാഹന മലിനീകരണ നിയന്ത്രണം ഭാരത് VI ലേക്ക്
ഡോ. പി.എം. മുഹമ്മദ് നജീബ്

46 2016 – അന്താരാഷ്ട്ര പയർവിള വർഷം
സുരേഷ് മുതുകുളം

50 സ്വർണം പണമാക്കൽ പദ്ധതി: ഒരു അവലോകനം
ഡോ. ദയാനന്ദൻ എം.എൻ.

54 നിങ്ങൾക്കറിയാമോ?

## അടുത്ത ലക്കം

മെയ് 2016

**ഭിന്നശേഷിക്കാരുടെ വികസനം**

# വടക്കുകിഴക്കൻ മേഖല വികസനപഥത്തിൽ

സപ്ത സഹോദരികൾ എന്നാണ് വടക്കുകിഴക്കൻ സംസ്ഥാനങ്ങളെ എല്ലാവരും താല്പര്യപൂർവം വിളിക്കുക. ആസാം, ത്രിപുര, മേഘാലയ, മിസോറാം, നാഗാലാൻഡ്, അരുണാചൽ പ്രദേശ്, മണിപ്പൂർ, സിക്കിം (അടുത്ത കാലത്തായി ഇക്കൂട്ടത്തിലേക്ക് ചേർക്കപ്പെട്ടു) എന്നീ വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ സദൃശ പരമായും ഭൂമിശാസ്ത്രപരമായും സമാനത പുലർത്തുന്നു. രാജ്യത്തെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയമായും നയതന്ത്രപരമായും ഈ മേഖല അതി നിർണായകമാണ്. അഞ്ച് അന്താരാഷ്ട്ര അതിർത്തികളാണ് ഈ മേഖലയിൽ സ്ഥിതിചെയ്യുന്നത് – മ്യാൻമർ, ബംഗ്ലാദേശ്, നേപ്പാൾ, ഭൂട്ടാൻ, പിന്നെ വൻശക്തിയായി മാറിക്കൊണ്ടിരിക്കുന്ന ചൈന എന്നിവ. അതുകൊണ്ടു തന്നെ ഈ മേഖലയുടെ വികസനത്തിന് അതീവ പ്രാധാന്യമാണ് ഗവൺമെന്റ് നല്കുന്നത്.

സമാനതകളുടെ പേരിൽ സപ്ത സഹോദരിമാർ എന്ന് സൂചിപ്പിക്കുമ്പോഴും എല്ലാ മേഖലകളിലും സൂക്ഷ്മതലത്തിൽ ഇവർ വലിയ വൈവിധ്യം പുലർത്തുന്നു എന്നത് വസ്തുതയാണ്. വംശീയവും സാംസ്കാരികവും ഭാഷാപരവുമായ അനേകം വൈജാത്യങ്ങൾ ഇവർക്കിടയിലുണ്ട്. ഒരു ബിഹാറി എങ്ങനെ പഞ്ചാബിയിൽ നിന്ന് വ്യത്യസ്തനായിരിക്കുന്നുവോ, അപ്രകാരമാണ് ഒരു ആസാമി നാഗയിൽ നിന്ന് വ്യത്യസ്തനായിരിക്കുന്നത്. ഒരു ബോഡോ ഒരിക്കലും ഒരു ഗാരോയുമായി സാമ്യപ്പെടാൻ ആഗ്രഹിക്കുന്നില്ല. മറ്റൊരു പ്രത്യേകത ഈ മേഖലയിലുള്ള ഭൂരിഭാഗം ജനങ്ങളും ആദിവാസികളാണ് എന്നതാണ്. തലമുറകളായി അതിശക്തമായ ആദിവാസി സംസ്കാരം പിന്തുടരുന്നവർ!

വശ്യമനോഹരമായ ഭൂപ്രകൃതിയും ജൈവ വൈവിധ്യവുമാണ് ഈ മേഖലയുടെ ഏറ്റവും പ്രധാന പ്രത്യേകത. അതിനാൽ തന്നെ സഞ്ചാരികളുടെ പ്രധാന ആകർഷണ കേന്ദ്രം കൂടിയാണ് ഈ പ്രദേശങ്ങൾ. ആസാമിലെ ദേശീയ ഉദ്യാനങ്ങൾ, മേഘാലയത്തിലെ ജലപാതങ്ങൾ, തടാകങ്ങൾ,സിക്കിമിലെ ബുദ്ധമത സന്യാസ ഭവനങ്ങളും കാഞ്ചൻഗംഗ പോലുള്ള ഹിമശൈലങ്ങളും ഉൾപ്പെടെയുള്ളവ ഈ സംസ്ഥാനങ്ങൾക്ക് പ്രകൃതി ഭംഗിയും സാംസ്കാരിക വൈവിധ്യവും പ്രദാനം ചെയ്യുന്നു. ആരെയും ആകർഷിക്കുന്ന വശ്യമനോഹരമായ പരമ്പരാഗത നൃത്തങ്ങളും, അപൂർവസുന്ദരങ്ങളായ ഇവിടുത്തെ കരകൗശല വസ്തുക്കളും, തുണിത്തരങ്ങളും ഒക്കെ ലോക പ്രശസ്തങ്ങളാണ്.

എന്നാൽ മനോഹരമായ ഈ ഏദൻ തോട്ടത്തിൽ വിഷ സർപ്പങ്ങളുടെ സാന്നിധ്യം ഏറെ അസ്വസ്ഥതയുണ്ടാക്കുന്നു. തീവ്രവാദവും കലാപവും ഈ മേഖലയുടെ വികസനത്തിന്റെ എല്ലാ നന്മകളും കവർച്ച ചെയ്യുകയാണ്. കഴിഞ്ഞ കുറെ വർഷങ്ങളായി ഈ മേഖലയിൽ മികച്ച വിദ്യാഭ്യാസ സൗകര്യങ്ങളോ തൊഴിൽ അവസരങ്ങളോ ഇല്ല. ഈ സംസ്ഥാനങ്ങളിൽ നിന്ന് പഠനസൗകര്യങ്ങളും തൊഴിലും തേടി രാജ്യത്തിന്റെ ഇതര ഭാഗങ്ങളിലേയ്ക്ക് യുവാക്കളുടെ പ്രവാഹമാണ്. ഈ മേഖലയ്ക്ക് അതിന്റെ പ്രതിഭകളെ കൂട്ടമായി നഷ്ടപ്പെടുകയാണ്.

മയക്കുമരുന്നും ലഹരി ഉപഭോഗവുമാണ് മറ്റൊരു വലിയ ഛിദ്രശക്തിയായി വടക്കുകിഴക്കൻ മേഖലയിൽ പടർന്നു പിടിക്കുന്നത്. പ്രായഭേദമെന്യേ ഈ തിന്മയിലേയ്ക്ക് ആബാലവൃദ്ധം അറിയാതെ വഴുതി വീഴുകയാണ്. കൃഷിയാണ് പ്രധാന തൊഴിൽ. തേയില, ഇഞ്ചി, പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവയുടെ രാജ്യത്തെ പ്രമുഖ ഉത്പാദന കേന്ദ്രമാണ് ഈ മേഖല. പുഷ്പകൃഷിയും അടുത്ത കാലത്ത് ഇവിടെ വ്യാപകമായിട്ടുണ്ട്. എന്നാൽ കൃഷിയിലെ ആധുനിക സംവിധാനങ്ങളോ നൂതന സാമഗ്രികളോ ഇവിടെയ്ക്ക് ഇനിയും കടന്നു വന്നിട്ടില്ല. അതിനാൽ കൃഷി ഇപ്പോഴും നഷ്ടത്തിന്റേതാണ് എന്നതാണ് മേഖലയുടെ മറ്റൊരു ശാപം. ഈ മേഖലയിലൂടെ ഒഴുകുന്ന ബ്രഹ്മപുത്ര ഇടയ്ക്ക് കരകവിഞ്ഞ് സൃഷ്ടിക്കുന്ന പ്രളയം അതിന്റെ തീരത്തെ ഗ്രാമങ്ങൾക്ക് എന്നും ഭീഷണിയാണ്. അടിസ്ഥാന സൗകര്യങ്ങളോ വികസനമോ മുഖ്യധാരയിൽ നിന്ന് ഇങ്ങോട്ടേയ്ക്ക് ഇനിയും കടന്നു വന്നിട്ടില്ല. അതിനു പ്രധാന തടസം വിദേശ രാജ്യ അതിർത്തികൾ ശ്വാസം മുട്ടിക്കുന്ന സിലിഗുരി ഇടനാഴിയാണ്. ഇന്ത്യയുടെ അതിപ്രധാനമായ വടക്കു കിഴക്ക് മേഖലയുടെ സമഗ്ര വികസനം ഏറ്റവും പ്രാധാന്യത്തോടെ കാണേണ്ട അടിയന്തിര വിഷയമാണ്.

# സമഗ്ര വളർച്ചയും സമാധാന പരിപാലനവും

സഞ്ചോയ് ഹസാരിക

വടക്ക് കിഴക്കിന്റെ കവാടങ്ങൾ തെക്ക് കിഴക്കേ ഏഷ്യയ്ക്ക് തുറന്നുകൊടുക്കുന്നത് സംബന്ധിച്ച് അത്ര പ്രകടമായ പുരോഗതി ഉണ്ടായിട്ടില്ലെങ്കിലും ഔദ്യോഗിക സമീപനങ്ങളും സമ്മേളനങ്ങളുമൊക്കെ 1990 കളുടെ തുടക്കം മുതൽ നടന്നുവരുന്നുണ്ട്. പ്രാദേശിക സമ്പദ്‌വ്യവസ്ഥ തുറന്നിടുന്നതു സംബന്ധിച്ച പ്രധാന ഘടകം നിലനിൽക്കുന്നത് ബംഗ്ലാദേശുമായുള്ള രാഷ്ട്രീയ വാണിജ്യ ബന്ധങ്ങൾ മെച്ചപ്പെടുത്തുന്നതിലാണ്. പ്രധാനമന്ത്രിയും അദ്ദേഹത്തിനുമുമ്പ് മറ്റ് രാഷ്ട്ര നേതാക്കളും വിവിധ അവസരങ്ങളിൽ ചെയ്ത പ്രഖ്യാപനങ്ങളിൽ വിഭാവനം ചെയ്തതുപോലെ തെക്ക്കിഴക്കൻ ഏഷ്യയിലെ പ്രധാന മേഖലയാവാൻ ഇന്ത്യയിലെ വടക്കുകിഴക്കൻ പ്രവിശ്യകൾക്ക് ഇതുവഴി സാധിക്കുന്നതാണ്.

അതേ സമയം വടക്കുകിഴക്കൻ പ്രദേശങ്ങളെ സംബന്ധിച്ചടത്തോളം അവർ പ്രതീക്ഷയർപ്പിക്കേണ്ടത് കിഴക്കിൽ അല്ല പകരം തെക്കും പടിഞ്ഞാറുമാണെന്നാണ് ഇത് അർത്ഥമാക്കുന്ന്. കിഴക്ക് പ്രതീകവൽക്കരിക്കുന്നതിന് പട്ടാളഭരണത്തിന്റെ പിടിയിൽനിന്നും ശബ്ദായമാനവും അതേസമയം ദുർബലവും ആയ ജനാധിപത്യത്തിലേക്ക് മാറിവരുന്ന അനിശ്ചിതത്വം നിറഞ്ഞ മ്യാൻമാറാണ്.

രാജ്യത്തെ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന ഇന്റർനെറ്റ് ഗേറ്റ്‌വേ നേടിയെടുക്കുവാൻ ബംഗ്ലാദേശ് സർക്കാരിന്റെ സഹായത്തോടെ ത്രിപുര സംസ്ഥാനത്തിനു കഴിഞ്ഞു. ആലസ്യം വിട്ട് ഊർജ്ജസ്വലമായിക്കൊണ്ടിരിക്കുന്ന അഗർത്തല എന്ന ഈ കൊച്ചു സംസ്ഥാന തലസ്ഥാനത്ത് അതിർത്തിക്കപ്പുറത്തുനിന്നുമുള്ള ബിസിനസ് പ്രതിനിധിസംഘങ്ങളെ മിക്കപ്പോഴും കാണാൻ കഴിയും. ഇതര വടക്കുകിഴക്കൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഭേദപ്പെട്ട ഭരണ നിർവ്വഹണചരിത്രം ത്രിപുരയ്ക്ക് ഉണ്ടെന്നതാണ് ഒരു ഘടകം. ഇതോടൊപ്പം സേവനനിരതമായ സർക്കാരിന്റെ പ്രതിജ്ഞാബദ്ധതയും ഒരു ഘടകമാണ്. സായുധകലാപം പഴങ്കഥയാവുകയും സംസ്ഥാനം സമാധാനത്തിലേക്ക് മടങ്ങിവരികയും ചെയ്തതോടെ ഏറെ ജുഗുപ്സ തോന്നിച്ചിരുന്ന 'സായുധസേന പ്രത്യേകാധികാര നിയമവും' 'അസ്വസ്ഥത ബാധിത പ്രദേശനിയമ'വും (Disturbed Area Act) 2015 ൽ എടുത്തുകളയുകയും ചെയ്തു.

ഡാർജിലിംഗ് പോലെയുള്ള സ്ഥലങ്ങളിലേക്കുള്ള യാത്രികർക്ക് കൊൽക്കത്തവഴി വളഞ്ഞുചുറ്റി പോകേണ്ടത് ഒഴിവാക്കാൻ ബംഗ്ലാദേശ് ബാഗ്ദോഗ്രയിൽ സ്ഥാനപതി സൗകര്യം ഏർപ്പെടുത്തകയാണ്. ഏറ്റവും അടുത്ത സ്ഥാനപതികാര്യാലയം കൊൽക്കത്തയിലും അഗർത്തലയിലും ആയിരിക്കുകയും ബംഗ്ലാദേശ് സന്ദർശിക്കാനുള്ള ഔദ്യോഗിക അനുമതി ലഭിക്കുകയെന്നത് ഒരു പേടി സ്വപ്നമായിരിക്കുകയും ചെയ്തിരുന്ന പഴയകാലവുമായി തട്ടിച്ചുനോക്കുമ്പോൾ ഈ നടപടി പുരോഗമനപരമാണ്. രണ്ടോ മൂന്നോ ദിവസം മാത്രം ദൈർഘ്യമുള്ള വിസയ്ക്ക് ആയിരക്കണക്കിന് രൂപ ചെലവാകും. ഈ പ്രദേശങ്ങൾ ഔദ്യോഗികമായി സന്ദർശിക്കാനാഗ്രഹിക്കുന്ന ബംഗ്ലാദേശികളുടെ കാര്യവും ഇപ്രകാരം തന്നെ. പതിറ്റാണ്ടുകൾ കടന്നുപോകവേ ഏറ്റവും ഒടുവിലത്തെ നിലയനുസരിച്ച് സിൽഹട്ടിലും ഗുവഹത്തിയിലും സ്ഥാനപതി ആഫീസികൾ തുറക്കുന്നതിനുള്ള നടപടികളിലേക്ക് കാര്യങ്ങൾ പുരോഗമിച്ചു.

ആക്റ്റ് ഈസ്റ്റ് പോളിസിയുടെയും കണക്റ്റിവിറ്റിയുടെയും വെല്ലുവിളികൾ നിലനിൽക്കുന്നതോടൊപ്പം വടക്കുകിഴക്കൻ മേഖലയിലേക്കുള്ള വിദേശ മൂലധന നിക്ഷേപങ്ങളിന്മേലുള്ള പ്രതീക്ഷയും ഇപ്പോഴും നിലനിൽക്കുന്നു. വലിയ പ്രതിബന്ധങ്ങളിന്മേലുള്ള മുഖംമിനുക്കലുകളെപ്പറ്റി സംസാരിക്കുന്നതിനേക്കാൾ പ്രധാനം ഈ പ്രശ്നങ്ങളെ നേരിട്ടു സമീപിക്കുന്നതാണ്.

ഒന്നാമതായി, രാഷ്ട്രത്തിനെതിരായും ആഭ്യന്തരവുമായും നടക്കുന്നതും 60 വർഷത്തിന്റെ ചരി

ത്രമുള്ളതുമായ സംഘട്ടനങ്ങളുടെയും സായുധകലാപത്തിന്റേയും സംഭാവനയായ 'അസ്വസ്ഥബാധിത' പ്രദേശമെന്ന പ്രതിച്ഛായ കുടഞ്ഞുകളയുകയാണ്. സർക്കാരിന്റെ കഠിനമായ പ്രചരണപരിപാടികളുണ്ടായിട്ടുപോലും ഈ മേഖല നിക്ഷേപകർക്ക് അനാകർഷകമായി തുടരുന്നതിന് ഇതും ഒരു കാരണമാണ്. ഈ മേഖലയോടുള്ള കേന്ദ്രനയം സുരക്ഷയ്ക്കു മുൻഗണന നൽകുന്നതും തന്മൂലം ഒറ്റപ്പെടലെന്ന വികാരം ശേഷിപ്പിക്കുന്നതുമാണ്. സുരക്ഷാഭടന്മാർ നടത്തുന്ന മനുഷ്യാവകാശ ലംഘനങ്ങളെ ഹിംസാസ്വഭാവമുള്ള ദേശവിരുദ്ധ ശക്തികൾ മുതലെടുക്കുന്നു.

ഷില്ലോംഗ് ടൈംസിന്റെ എഡിറ്ററായ പട്രീഷ്യ മുഖിം 2014 ൽ അഭിപ്രായപ്പെട്ടത്, "തെക്കുകിഴക്കേഷ്യയുമായി നാം ബന്ധപ്പെടും എന്നു പറയുന്നത് എളുപ്പമാണെങ്കിലും സുരക്ഷാകേന്ദ്രീതമായ അതിർത്തികൾ നിലനില്ക്കുമ്പൾ നമുക്ക് അത് എങ്ങിനെയാണ് ചെയ്യാൻ കഴിയുക" എന്നാണ്. നാളിതുവരെയുള്ള നയങ്ങൾ കൊണ്ടു ഗുണം കിട്ടിയത് പശ്ചിമബംഗാൾ, ആന്ധ്രാപ്രദേശ്, തമിഴ്നാട് എന്നീ സംസ്ഥാനങ്ങൾക്കാണ്. കാരണം അന്താരാഷ്ട്രവാണിജ്യം മുഖ്യമായും നടന്നത് റോഡോ റെയിലോ മുഖാന്തിരം കരമാർഗ്ഗത്തിലൂടെ ആയിരുന്നില്ല, സമുദ്രത്തിലൂടെ ആയിരുന്നു.

ഇന്ത്യയിലെ മറ്റുപ്രദേശങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ വടക്കുകിഴക്കൻ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ മോശമായി തുടർന്നു. ബിസിനസ് ഗ്രൂപ്പുകൾക്കാവശ്യമായ ഭൂമി ഏറ്റെടുക്കലാവട്ടെ അതത് കാലത്ത് പരസ്പരം കലഹിച്ചിരുന്ന സാമൂഹ്യരാഷ്ട്രീയ ബന്ധങ്ങളുടെ ഊടുവഴികളിൽ ബന്ധിതവുമായിരുന്നു. മെച്ചപ്പെട്ട പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന സംസ്ഥാനങ്ങളായ മഹാരാഷ്ട്രയുടേയും തമിഴ്നാടിന്റെയും പിന്നിൽ വടക്കുകിഴക്കൻ മേഖലകളിലെ പ്രാദേശിക വളർച്ചാ മുരടിപ്പ് കൂടുതൽ രൂക്ഷമാവുകയും ചെയ്തു.

വടക്കുകിഴക്കൻ മേഖലയെ ബന്ധനവിമുക്തമാക്കാൻ വേണ്ട പ്രധാന കാൽവെയ്പ് ബംഗാൾ ഉൾക്കടലിലേക്കുള്ള മാർഗം കരഗതമാകുന്നതും കരയാൽ ചുറ്റപ്പെട്ട അവസ്ഥയിൽനിന്നും മുക്തമാക്കുകയുമാണ്. അഗർത്തലയിൽ നിന്നും ബംഗ്ലാദേശിലെ അഘൗറ വഴി ചിറ്റഗോംഗ് തുറമുഖത്തേക്ക് റെയിൽ ലൈൻ മുഖാന്തിരം ബന്ധപ്പെടുത്തുന്നതിലൂടെ ഇത് സാദ്ധ്യമാകുന്നതാണ്. എന്നാൽ ഈ വഴിക്കുള്ള നീക്കം ഇഴഞ്ഞു നീങ്ങുകയാണ്. അന്തരിച്ച ബി.ജി. വർഗ്ഗീസിനെപ്പോലെയുള്ള നയതന്ത്രജ്ഞർ ഇത്തരം മാറ്റങ്ങൾക്കായി സമ്മർദ്ദം ചെലുത്തിയിരുന്നെങ്കിലും കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകളായി ഇതേപ്പറ്റിയുള്ള ചർച്ചകൾ ഇരുഭാഗത്തു നിന്നുമായി നടക്കുന്നതേയുള്ളൂ.

ബംഗ്ലാദേശി ഉത്പന്നങ്ങൾ ഇന്ത്യൻ വിപണിയിലേക്കും, വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ നിന്നുള്ള ഇന്ത്യൻ ഉത്പ്പന്നങ്ങൾ ബംഗ്ലാദേശി ഉത്പന്നങ്ങളോടൊപ്പം പ്രധാന തുറമുഖം വഴി അന്താരാഷ്ട്ര വിപണിയിലേക്കും ഇനിയും എത്തേണ്ടിയിരിക്കുന്നു.

ദേശീയ ബാംബൂ മിഷന്റെ കണക്കു പ്രകാരം ശരാശരി 20 ദശലക്ഷം ടൺ ബാംബു (ഈറ, മുള) പ്രതിവർഷം ശേഖരിക്കുന്നതിലൂടെ ഈ മേഖലയിൽ ലക്ഷക്കണക്കിനാളുകൾക്ക് തൊഴിൽ നൽകാൻ കഴിയുന്നതാണ്. എന്നാൽ ഇതിനുള്ള തിടുക്കമൊന്നും താഴെത്തട്ടിൽ കാണപ്പെടുന്നില്ല. പഴങ്ങളും പച്ചക്കറികളും എന്തിന് കന്നുകാലികൾവരെയുള്ള അസംസ്കൃത വസ്തുക്കൾ മ്യാൻമാറിലേക്കും ബംഗ്ലാദേശിലേക്കും കയറ്റുമതി ചെയ്യുമ്പോൾ ഈ ഉല്പന്നങ്ങൾക്ക് മൂല്യവർദ്ധന നൽകുന്നതിനോ അതുവഴി വിപണനം ജീവസുറ്റതാക്കുന്നതിനോ ഉതകുന്ന മാർഗങ്ങളുടെ അഭാവം പ്രധാന പ്രശ്നമായി തുടരുന്നു.

ഔദ്യോഗിക കണക്കുകൾ പ്രകാരം ഇന്ത്യയിൽ പ്രസവത്തോടനുബന്ധിച്ച് ഏറ്റവും കൂടുതൽ മാതൃമരണ നിരക്ക് (300) ആസ്സാമിലാണുള്ളത്. ഇത് ഉത്തർപ്രദേശിന്റെയും ബീഹാറിന്റെയും മദ്ധ്യപ്രദേശിന്റെയും എത്രയോ കൂടുതൽ ആണുതാനും. 2005-06 ൽ ഇത് 490.

ആഗോള കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന കാലാവസ്ഥാ മാറ്റങ്ങളും അതിനാലുണ്ടാകുന്ന ഇന്ത്യയുടെ വിവിധഭാഗങ്ങളിലേക്കുള്ള കുടിയേറ്റവുമാണ് മറ്റൊരു പ്രധാന വെല്ലുവിളി. ഏതാണ്ടെല്ലാവർഷവും തന്നെ വലിയ വെള്ളപ്പൊക്കത്തിൽ ബ്രഹ്മപുത്രാ നദീതടം തകർന്ന് തരിപ്പണമാകുന്നു

ണ്ട്. ഈയിടെ ഉണ്ടായ വെള്ളപ്പൊക്കത്തിൽ 350 ഇട ത്താണ് ബണ്ടുകൾ തകർന്നുപോയത്. ഇതൊക്കെ ആയിരുന്നിട്ടും ഈ ബണ്ടുകളുടെ ശേഷിയെപ്പറ്റിയോ പകരം സംവിധാനത്തിന്റെ ആവശ്യകതയെപ്പറ്റിയോ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലോ രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിലോ ഒരു പൊതു ചർച്ച പോലും നട ന്നിട്ടില്ല.

ആക്റ്റ് ഈസ്റ്റ്/ലുക്ക് ഈസ്റ്റ് നയം സ്തുതർഹ്യമായിരിക്കുമ്പോൾ തന്നെ അത് ഒരു അടി സ്ഥാനകാര്യം വിട്ടുകളഞ്ഞു. നദിയിലൂടെ വൻതോ തിലുള്ള ചരക്കുനീക്കം സാധ്യമാക്കുന്ന ഒരു ജലഗ താഗത നയത്തിന്റെ അഭാവത്തിൽ ഈ നയമാകെ ത്തന്നെ ബ്രഹ്മപുത്രയുടെ മണൽത്തിട്ടകളിൽ ഓടി ക്കളിക്കുകയേ ഉള്ളൂ. അതുകൊണ്ടാണ് കപ്പലോട്ടം മെച്ചപ്പെടുത്താനുള്ള ഗതാഗത മന്ത്രാലയത്തിന്റെ തീരുമാനം ഈ മേഖലയിലേക്ക് പ്രവേശിക്കാനുള്ള ഒരു താക്കോൽ ആയിത്തീരുന്നത്. എല്ലാറ്റിനുമുപരി ഈ മേഖലയിലെ റെയിൽ റോഡുഗതാഗത സംവി ധാനമാകെ വർഷത്തിൽ ഏറ്റവും കുറഞ്ഞത് മൂന്നു മുതൽ അഞ്ചുമാസം വരെ മോശപ്പെട്ട നിലയിൽ വെള്ളപ്പൊക്ക ബാധിതവുമാണ്. ഇന്നത്തെ മാത്രമല്ല നാളത്തേയും കാര്യങ്ങൾ പരിഗണിക്കുന്ന ഒരു സാമ്പ ത്തിക നയം കണക്കിലെടുക്കുമ്പോൾ ഈ അടിസ്ഥാ നഘടകങ്ങൾകൂടി പരിഗണിക്കേണ്ടതുണ്ട്. മറ്റൊരു തരത്തിൽപറഞ്ഞാൽ നയരൂപീകരണത്തിന്റെയും നട പ്പാക്കലിന്റെയും എല്ലാ തലത്തിലും ദുരന്തനിവാരണ നിർവ്വഹണം കൊണ്ടുവരേണ്ടത് അത്യാവശ്യമാണ്.

ഈ നയം നദീതീരങ്ങളിൽ അധിവസിക്കുന്ന പ്രാദേശിക ജനസമൂഹങ്ങളെ എപ്രകാരമാണ് സഹാ യിക്കുക? സാധാരണ മനുഷ്യരുടെ ജീവസന്ധാരണ ത്തിന് അനുപേക്ഷണീയമായ മത്സ്യസമ്പത്തും ജന്തു ജാലങ്ങളും ഉൾക്കൊള്ളുന്ന പരിസ്ഥിതിയിൽ വൻതോതിലുള്ള കപ്പലോട്ടം ഉണ്ടാക്കുന്ന ആഘാതം എന്തായിരിക്കും? എന്നീ ചോദ്യങ്ങൾ പ്രസക്തമാണ്. വടക്കുകിഴക്കിലെ നദികൾക്കു കുറുകേയുള്ള ഭീമ മായ നിർമ്മാണപ്രവർത്തനങ്ങൾ ഈ നദികളുടെ കീഴ് ഒഴുക്കുപ്രദേശങ്ങളിലുണ്ടാക്കുന്ന ആഘാതങ്ങളെപ്പറ്റിയുടെ പഠനങ്ങൾ തുലോം പരി മിതമാണ്. ആ പ്രദേശത്തെ ജലജീവികൾ, അവിടെ മാത്രം കണ്ടുവരുന്ന പ്രത്യേക ഇനം മത്സ്യങ്ങൾ, നദീ ജലത്തെ ആശ്രയിച്ചു നടത്തുന്ന കൃഷികൾ, മത്സ്യ ബന്ധനം നടത്തി ജീവിക്കുന്നവർ ഇവയ്ക്കെല്ലാം എന്തു സംഭവിക്കും? ഇപ്പോൾതന്നെ 400 ൽ താഴെ മാത്രം ശേഷിക്കുന്നതും ദക്ഷിണേഷ്യയിലെ ഏറെ വംശനാശം നേരിടുന്ന ശുദ്ധജല സസ്തനികളുമായ ഡോൾഫിനുകളുടെ കാര്യം എന്തായിത്തീരും? എന്നീ കാര്യങ്ങളും പഠനവിധേയമാക്കേണ്ടിയിരിക്കുന്നു.

എന്നാൽ ചില മേഖലകളിൽ നിരവധി കാര്യ ങ്ങൾ ചെയ്യാനാവും, വളരെ സുഗമമായിത്തന്നെ. തെക്ക്കിഴക്കേഷ്യൻ സർവ്വകലാശാലകൾ, മാധ്യമ ങ്ങൾ, കരകൗശല സംഘടനകൾ എന്നിവയുടെ പര സ്പര സഹകരണത്തിനുപുറമെ, കലാ, സംഗീത വിനിമയങ്ങൾ, പ്രകടനങ്ങൾ, ആഘോഷങ്ങൾ എന്നി ങ്ങനെ ഈ പ്രദേശത്തെ ജനങ്ങളെ തമ്മിൽ തമ്മിൽ കൂടുതൽ അടുപ്പിക്കാൻ കഴിയുന്ന 'സൗമ്യ' മേഖല കൾ കണ്ടെത്തേണ്ടതാണ്. ഔദ്യോഗികതലത്തിലുള്ള ചർച്ചകളെ സ്വാധീനിക്കാനും മെച്ചപ്പെട്ട തരത്തിൽ വിവരങ്ങളെത്തിക്കാനും കഴിയുമെന്നിരിക്കെ ഇതിന് സർക്കാരിന്റേയും അന്തർദേശിയ സംഘടനകളു ടെയും കോർപ്പറേഷനുകളുടെയും പിന്തുണ തേടാ വുന്നതാണ്.

വംശീയ ഗ്രൂപ്പുകളും സർക്കാരും തമ്മിലുള്ള തർക്കവിഷയങ്ങളിൽ തീർപ്പ് കല്പിക്കുക എന്ന വെല്ലുവിളി പലതരത്തിൽ പ്രധാനമാണ്. അത് ബിസി നസ് താൽപര്യങ്ങൾക്കപ്പുറം വിദേശസഞ്ചാരി കൾക്കും മറ്റു ടൂറിസ്റ്റുകൾക്കും ഈ മേഖലകൂടുതൽ ആകർഷകമാക്കുക എന്നതുകൂടിയാണ്. അനന്തമായ സമരങ്ങൾ, ബന്ദുകൾ എന്നിവ ഈ മേഖലയിലെ അവസ്ഥ നാശോന്മുഖമാക്കുമെന്നു മാത്രമല്ല, അത് ലാഭത്തേയും ഉത്പാദനത്തേയും ബാധിക്കുമെന്നതി നാൽ ഇവിടെ നിക്ഷേപം നടത്താൻ ബിസിനസ് ഗ്രൂപ്പുകൾ തയ്യാറായെന്നും വരില്ല.

വികസനത്തിന്റെയും വിപണിയുടേയും ഭൗതിക സാഹചര്യസൃഷ്ടിയുടെയും ഊന്നലോടെ ഈ മേഖലയുടെ സുദൃഢമായ ഭാവി നമുക്കു മുന്നി ലുണ്ടാകണം.

*(ജാമിയ മില്ല്യ ഇസ്ലാമിയ യൂണിവേഴ്സിറ്റിയിൽ സെന്റർ ഫോർ നോർത്ത് ഈസ്റ്റ് സ്റ്റഡീസിന്റെ ഡയറക്ടറാണ് ലേഖകൻ)*



# നോർത്ത് ഈസ്റ്റ്: വിദ്യാഭ്യാസവും തൊഴിലവസരങ്ങളും

**നതാലി വെസ്റ്റ് ഖർക്കോങ്കർ**

എട്ടു സംസ്ഥാനങ്ങൾ ചേർന്ന ഇന്ത്യയുടെ വടക്കു കിഴക്കൻ മേഖലയിൽ സാക്ഷരതാ നിരക്ക് 77.76 ശതമാനമാണ്. മാർച്ച് 2011 വച്ച് കണക്കാക്കുമ്പോൾ ദേശീയ ശരാശരിയായ 74.04 നെ അപേക്ഷിച്ച് ഇത് മുന്നിലാണ്. എന്നാൽ ഉയർന്ന സാക്ഷരതാ നിരക്ക് ഉണ്ടായിരുന്നിട്ടും വടക്കു കിഴക്കൻ ഇന്ത്യയിലെ വിദ്യാഭ്യാസ സംവിധാനം അസംഘടിതമാണ്, ധാരാളം പരിമിതികളും വെല്ലുവിളികളും നിറഞ്ഞതുമാണ്. ഇത് ഏറ്റവും കൂടുതൽ അനുഭവപ്പെടുന്നത് സാങ്കേതിക വിദ്യാഭ്യാസ മേഖലയിലാണ്. ഇക്കാരണത്താൽ തന്നെ, അസംഖ്യം വിദ്യാർത്ഥികൾ ഉന്നതവിദ്യാഭ്യാസത്തിനായി മേഖലവിട്ട് പുറത്തേയ്ക്കു പോകുന്നു. മുഖ്യമായും വിദ്യാഭ്യാസ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നത് ഗവൺമെന്റാണ്. പക്ഷെ ഇവയുടേത് ദേശീയ നിലവാരവുമായി താരതമ്യപ്പെടുത്താനുമാവില്ല. കാരണം ഈ മേഖലയിൽ ഇപ്പോഴും നടക്കുന്നത് പരമ്പരാഗത ശൈലിയിലുള്ള വിദ്യാഭ്യാസമാണ്. ഇത്തരത്തിലുള്ള വിദ്യാഭ്യാസ ഘടനയാണ് സംസ്ഥാനങ്ങൾ വിട്ട് പുറത്തുപോകാൻ വിദ്യാർത്ഥികളെ പ്രേരിപ്പിക്കുന്നത്. മാത്രവുമല്ല, നല്ല പങ്ക് കുട്ടികൾ പ്രാഥമിക വിദ്യാഭ്യാസ കാലത്തു തന്നെ സ്കൂളുകളിൽ നിന്നു തന്നെ കൊഴിഞ്ഞു പോകുന്നു. അതായത് 1 മുതൽ 8 ക്ലാസുകൾ വരെയുള്ള കാലഘട്ടത്തിൽ 50.05 ശതമാനം കുട്ടികൾ വിദ്യാലയം ഉപേക്ഷിക്കുന്നു. ദേശീയതലത്തിൽ 2011 -12 ലെ കൊഴിഞ്ഞു പോക്ക് 40.8 ശതമാനമാണ്.

പുസ്തകാധിഷ്ഠിതം മാത്രമായ പാഠ്യപദ്ധതിയും സാങ്കേതിക/പ്രായോഗിക പരിജ്ഞാനത്തിന്റെ അഭാവവും ഈ മേഖലയെ തൊഴിലില്ലായ്മയിലേയ്ക്കു നയിച്ചു. അപൂർവം ആളുകൾക്കു മാത്രമെ ഈ വിദ്യാഭ്യാസരീതിയിലൂടെ ഏതെങ്കിലും തൊഴിൽ നേടാൻ സാധിച്ചിട്ടുള്ളൂ.

ഈ മേഖലയിൽ നമുക്ക് ധാരാളം ബിരുദ, ഡിപ്ലോമ ധാരികളും ബിരുദാനന്തര ബിരുദ ധാരികളും ഉണ്ട്. അവരിൽ ഭൂരിഭാഗവും തൊഴിൽ രഹിതരാണ്. ജോലി ഉണ്ടെങ്കിൽ തന്നെ തുച്ഛവരുമാനമുള്ള തൊഴിലും. മാത്രമല്ല രാജ്യത്തിന്റെ ഇതര മേഖലകളുമായി താരതമ്യം ചെയ്യുമ്പോൾ വടക്കുകിഴക്കൻ ഇന്ത്യയിൽ നിലവാരമുള്ള വിദ്യാഭ്യാസത്തിന് അവസരങ്ങളും അവ നല്കുന്ന സ്ഥാപനങ്ങളും നാമമാത്രമാണ്. പരമ്പരാഗത പ്രതികൂല ഘടകങ്ങൾക്കൊപ്പം തുടർച്ചയായി നടക്കുന്ന ബന്ദ്, ഹർത്താൽ തുടങ്ങിയവയും കലാപങ്ങളും ഇതിനു കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. ഒരു വർഷം സ്കൂളുകളിൽ ശരാശരി നൂറ് അധ്യയന ദിനങ്ങളാണ് ലഭിക്കുക. ഇതുമൂലമാണ് മിക്ക മാതാപിതാക്കളും മക്കളെ വിദ്യാഭ്യാസത്തിനായി പുറം നാടുകളിലേയ്ക്ക് അയക്കുന്നത്. പക്ഷെ, കുട്ടികളെ കടത്തിക്കൊണ്ടു പോകൽ പോലുള്ള സംഭവങ്ങളും ചിലപ്പോൾ ഇതിന്റെ മറവിൽ നടക്കുന്നു. ഇക്കാരണത്താലാണ് 12 വയസിൽ താഴെയുള്ള കുട്ടികളെ മണിപ്പൂരിൽ നിന്നു പുറത്ത് കൊണ്ടു പോകാൻ പാടില്ല എന്ന് സുപ്രിം കോടതി തന്നെ ഉത്തരവ് പാസാക്കിയിരിക്കുന്നത്.

അപര്യാപ്തമായ വിദ്യാഭ്യാസ സംവിധാനത്തിനു പുറമെ മേഖലയിൽ നിലനിൽക്കുന്ന അരക്ഷിതാവസ്ഥയും മറ്റു പ്രദേശങ്ങളിലേയ്ക്ക് പോകാൻ കുട്ടികളെ പ്രേരിപ്പിക്കുന്നു. വടക്കു കിഴക്ക് മേഖല

യിലെ എല്ലാ സംസ്ഥാനങ്ങളും തന്നെ ഒന്നല്ലെങ്കിൽ മറ്റൊരു തരത്തിൽ അരക്ഷിതാവസ്ഥ അനുഭവിക്കുന്നവയാണ്. ആസാമിലാണെങ്കിൽ ഉൾഫ- ഖർബി ആങ്ലോങ് തീവ്രവാദികളും, നാഗാലാൻഡിൽ നാഗാ കുക്കി തീവ്രവാദികളും, അരുണാചലിൽ ചക്മ ഹാജോങ് തീവ്രവാദികളും നിരന്തര പ്രക്ഷോഭങ്ങളും ഏറ്റുമുട്ടലുകളും തുടരുമ്പോൾ സമാധാനാന്തരീക്ഷം ഇല്ലാതാവുകയും കുട്ടികൾക്ക് പഠിക്കാൻ അവസരം നഷ്ടമാവുകയും ചെയ്യുന്നു. ഇതു കൂടാതെ രാജ്യാന്തര കള്ളക്കടത്തിന്റെ പ്രശ്നങ്ങൾ, തീവ്രവാദികളും സൈന്യവും തമ്മിലുള്ള ഏറ്റുമുട്ടലുകൾ എന്നിവ വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലെ ജനജീവിതം ക്ലേശപൂർണവും വേദനാജനകവുമാക്കി തീർക്കുന്നു.

കൂണു പോലെ മുളച്ചു പൊന്തുന്ന തീവ്രവാദി സംഘടനകളും, അവ തമ്മിലുള്ള ഏറ്റുമുട്ടലുകളും, രക്തച്ചൊരിച്ചിലും, സൈന്യത്തിന്റെ പ്രത്യേക അധികാരങ്ങളും, ഗവൺമെന്റ് ഉദ്യോഗസ്ഥരുടെ അഴിമതിയും ഉൾപ്പെടെയുള്ള സാമൂഹിക രാഷ്ട്രീയ അസ്വസ്ഥത കഴിഞ്ഞ എത്രയോ പതിറ്റാണ്ടുകളായി ഈ മേഖലയിലെ ജീവിതം ദുരന്തപൂർണമാക്കുന്നു. ചില പ്രദേശങ്ങളിൽ ജീവിക്കുക തന്നെ പേടിസ്വപ്നമാണ്. ഒരു വർഷത്തിൽ 100 ദിനങ്ങളും പൊതു പണിമുടക്ക്. സ്കൂളുകളും വ്യാപാരസ്ഥാപനങ്ങളും അടഞ്ഞു തന്നെ കിടക്കുന്നു. പൊതു ഗതാഗത സംവിധാനം മുടങ്ങുന്നു. പല സ്ഥലങ്ങളിലും രണ്ടു മണിക്കൂർ പോലും വൈദ്യുതി ലഭിക്കില്ല. ജലവിതരണം ആഴ്ച്ചയിൽ ഒന്നോ രണ്ടോ തവണ. വ്യാപാര സ്ഥാപനങ്ങളും കടകളും വൈകിട്ട് നാലിനു തുറക്കും. രാത്രി എട്ടു കഴിഞ്ഞാൽ തെരുവുകൾ വിജനമാകും. പോലീസിന് ആരെ വേണമെങ്കിലും ചോദ്യം ചെയ്യാം, അറസ്റ്റ് ചെയ്യാം. ചില സംസ്ഥാനങ്ങളിൽ തീവ്രവാദികൾ ആളുകളെ തട്ടിക്കൊണ്ടു പോയി വധിക്കുന്നു. ഇതാണ് അവസ്ഥ.

ഈ അസ്വസ്ഥതകൾക്കിടയിലും വർഷങ്ങളായി വടക്കു കിഴക്ക് മേഖലയിലെ ജനങ്ങൾ സ്വന്തം ഗ്രാമങ്ങളിലും നഗരങ്ങളിലും തന്നെ ജീവിക്കുന്നു. ആഗോളവത്ക്കരണം ഇന്ത്യയുടെ മഹാനഗരങ്ങളിൽ എത്തും വരെ സ്വന്തം നാട് വിട്ട് പുറത്തു പോകാൻ അവർ ആഗ്രഹിച്ചതേയില്ല. എന്നാൽ ആഗോളവത്ക്കരണം നല്കുന്ന സൗകര്യങ്ങളുടെ പ്രലോഭനത്തിനടിപ്പെട്ട് വടക്കു കിഴക്കൻ മേഖലയിലെ യുവാക്കൾ ബിപിഒകൾ, മാളുകൾ, ഹോട്ടലുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ തൊഴിൽ തേടി കുടിയേറ്റം തുടങ്ങി. മാത്രവുമല്ല, വടക്കു കിഴക്കൻ മേഖലകളിൽ സർക്കാർ വകുപ്പുകളിലും സ്വകാര്യ സ്ഥാപനങ്ങളിലും തൊഴിലവസരങ്ങൾ ഇല്ലാത്തതും പുറം നാടുകളിലേയ്ക്ക് ചേക്കേറാൻ അവരെ പ്രേരിപ്പിച്ചു.

മുൻകാലങ്ങളിൽ വിവിധ വിഭാഗങ്ങൾ തമ്മിലുള്ള സാമുദായിക സംഘട്ടനങ്ങളും ഏറ്റുമുട്ടലുകളും മൂലം നൂറുകണക്കിനു ഗ്രാമങ്ങൾ നശിച്ചു, ആയിരങ്ങൾ കൊല്ലപ്പെട്ടു, പതിനായിരങ്ങൾ ഭവനരഹിതരും അനാഥരുമായി, ശേഷിച്ചവരെല്ലാം അങ്ങിങ്ങായി ചിതറപ്പെട്ടു. അവരിൽ ധാരാളം പേർ ജീവരക്ഷാർത്ഥം സുഹൃത്തുക്കളുടെയോ ബന്ധുക്കളുടെയോ അടുത്തേയ്ക്ക് പലായനം ചെയ്തു. അവരുടെ യാത്രകൾ അവസാനിച്ചത് ഡൽഹി, കൊൽക്കത്ത, മുംബൈ, ബാംഗ്ലൂർ പോലുള്ള മഹാനരങ്ങളിലാണ്.

ഇതിനെല്ലാമുപരി, വടക്കു കിഴക്കൻ മേഖലയിലുള്ള വലുതും ചെറുതുമായ നിരവധി നദികളിൽ അടിക്കടി ഉണ്ടാകുന്ന വെള്ളപ്പൊക്കവും ഇവിടുത്തെ ഗ്രാമങ്ങളിലെ ജനജീവിതം ദുഷ്കരമാക്കുന്നു. പ്രളയ മേഖലകളിൽ ഗതാഗത വാർത്താവിനിമയ പ്രശ്നങ്ങൾ രൂക്ഷമാണ്. കൃഷിനാശം വഴി ജനങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടവും അതിഭീമമാണ്. ഇക്കാരണങ്ങളാലൊക്കെ, എന്തെങ്കിലും വിധത്തിൽ പഠിപ്പോ യോഗ്യതയോ ഉള്ള വിദ്യാർത്ഥികൾ പുതിയ മരുപ്പച്ചകൾ തേടി വീട് വിടാൻ നിർബന്ധിതരുമാകുന്നു. അവരുടെ ഗ്രാമങ്ങളിൽ വൈദ്യുതിയില്ല, ഇന്റർനെറ്റ് ഇല്ല, പല സ്ഥലങ്ങളിലും കൃത്യമായി പ്രാദേശിക പത്രങ്ങൾ പോലും എത്തുന്നില്ല. ഈ മേഖലകളുടെ ഇല്ലായ്മകളെ കുറിച്ച് അച്ചടി-ഇലക്ട്രോണിക് മാധ്യമങ്ങളിൽ ഒരു റിപ്പോർട്ടും വരാറുമില്ല. വടക്കു കിഴക്ക് മേഖലകളിൽ നിന്നു ഇങ്ങനെ നാടു വിടുന്നവരിൽ ഭൂരിഭാഗവും ഡൽഹിയിലും പരിസരങ്ങളിലുമാണ് ജീവിതോപാധി തേടുന്നത്.

വടക്കു കിഴക്ക് സംസ്ഥാനങ്ങളിൽ നിന്ന് രാജ്യത്തിന്റെ ഇതര ഭാഗങ്ങളിലേയ്ക്കുള്ള കുടിയേറ്റം നിയന്ത്രിക്കുന്നതിന് ഒറ്റ മാർഗ്ഗമേയുള്ളു, ഇവിടെ നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായം അടിമുടി പൊളിച്ചെഴുതുക. ഊന്നൽ നല്കേണ്ടത് വ്യാവസായിക പരിശീനത്തിനും, എണ്ണത്തെക്കാളുപരി ഗുണനിലവാരത്തിനും, ഗവേഷണത്തിനും ഇതര സംസ്ഥാനങ്ങളി

ലേതു പോലെ വ്യവസായ കേന്ദ്രീകൃതമായ സംരംഭകത്വ പ്രോത്സാഹനത്തിനുമാണ്. കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റിയുടെ ഭാഗമായി രാജ്യത്തെ വലിയ കമ്പനികൾക്കും വ്യവസായ സ്ഥാപനങ്ങൾക്കും ഈ മേഖലയിൽ സാങ്കേതിക പരിശീലന കേന്ദ്രങ്ങളെയും മറ്റു പരിശീലന കേന്ദ്രങ്ങളെയും സജ്ജമാക്കുന്നതിനായി മുന്നോട്ടു വരാവുന്നതാണ്. അങ്ങനെ ഇവിടുത്തെ തൊഴിൽ സാധ്യാതാ നിലവാരം ഉയർത്തുന്നതിന് തുടക്കം കുറിക്കാവുന്നതാണ്.

വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി മെയ്ക്ക് ഇൻ ഇന്ത്യ, സ്റ്റാർട്ട് അപ്പ് മാതൃകകളുടെ സാധ്യതകൾ പരിശോധിച്ച് ഭാവി തൊഴിൽ മേഖലകളും (മേഖലയിലെ ധാതുവിഭവങ്ങൾ, വനം, പെട്രോളിയം, പ്രകൃതിവാതകം, ജലം, മത്സ്യമേഖല, പട്ടുനൂൽകൃഷി, വിനോദ സഞ്ചാരം തുടങ്ങിയവ അടിസ്ഥാനമാക്കിയുള്ള) പ്രാഥമിക, ദ്വിതീയ, സേവന മേഖലകളും അതുവഴി ലഭ്യമാകുന്ന ജോലികളും വേണ്ട തൊഴിലാളികളുടെ എണ്ണവും അടയാളപ്പെടുത്തേണ്ടിയിരിക്കുന്നു. ഇതിന് ഇവിടുത്തെ പഠ്യപദ്ധതി കൂടി പരിഷ്കരിക്കണം. മികച്ച വിദ്യാഭ്യാസ നിലവാരം പുലർത്തുന്ന ഇതര രാജ്യങ്ങളിലെ വിദ്യാഭ്യാസ സമ്പ്രദായവുമായി വടക്കു കിഴക്ക് മേഖലയിലെ അധ്യാപകരുടെ ശേഷിയും, വിദ്യാർത്ഥികളുടെ പഠനനിലവാരവും പരിശീലന ഉപകരണങ്ങളും എല്ലാം താരതമ്യം ചെയത് വേണം പദ്ധതി തയ്യാറാക്കേണ്ടത്.

ഇംഗ്ലീഷ് സംസാരിക്കുന്ന വലിയ സമൂഹം ജനങ്ങൾ, വിദ്യാർത്ഥികളുടെ സാംസ്കാരിക മിശ്രണം, ഉയർന്ന സാക്ഷരതാ നിരക്ക് തുടങ്ങി ഈ മേഖലയിൽ നിലവിലുള്ള അനുകൂല സാഹചര്യങ്ങൾ ഇതിനായി പൂർണമായും ഉപയോഗപ്പെടുത്തണം. പുതിയ പഠനമല്ല, മറിച്ച് പ്രവർത്തനമാണ് ഇവിടെ ആവശ്യം. വർഷങ്ങളായി പലരും വൻതുക ചെലവുചെയ്തു പഠനങ്ങൾ, ചർച്ചകൾ, സെമിനാറുകൾ, ശില്പശാലകൾ, സമ്മേളനങ്ങൾ, പ്രബന്ധാവതരണങ്ങൾ, ശിബിരങ്ങൾ തുടങ്ങിയവ സംഘടിപ്പിച്ചെങ്കിലും വേണ്ട ഫലം കണ്ടില്ല. നമുക്ക് ആവശ്യം കൃത്യമായസമീപനവും ശരിയായ നയങ്ങളുമാണ്. ലോകത്തിലെ വിദ്യാഭ്യാസ, ടൂറിസം ഹബ്ബായി വടക്കു കിഴക്കൻ ഇന്ത്യയെ പരിവർത്തനപ്പെടുത്തുന്നതിന് ഇവിടുത്തെ പൊതുസമൂഹത്തെ, വിവിധ സർക്കാർ വകുപ്പുകളെ, വിവിധ തലങ്ങളിൽ ഏകോപിപ്പിച്ച് നയിക്കേണ്ടിയിരിക്കുന്നു. വിനോദ സഞ്ചാര മേഖലയിൽ വടക്കു കിഴക്ക് മേഖലയ്ക്ക് ഉള്ള വലിയ സാധ്യതകൾ പ്രയോജനപ്പെടുത്താൻ വേണ്ടത് ശക്തമായ ആസൂത്രണവും പ്രവർത്തനവുമാണ്. മേഖലയിലെ പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളെ കൂട്ടിയിണക്കുന്നതിനും അവയുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമുള്ള അതിവേഗ വിവിധോദ്ദേശ സമീപനമാണ് ഉടൻ നടപ്പാക്കേണ്ടത്. യൂത്ത് ഹോസ്റ്റൽ അസോസിയേഷൻ പോലുള്ള സംഘാടകരുമായി ചേർന്ന് വിനോദസഞ്ചാരികൾക്കായി ട്രക്കിങ്ങും പരിസ്ഥിതി വിനോദയാത്രകളും സാഹസിക പരിപാടികളും നടപ്പാക്കണം. അതിനുള്ള പരിശീലകരെ നിയമിക്കണം. ഗോവ, കേരളം പോലുള്ള സംസ്ഥാനങ്ങളെ അനുകരിച്ച് സുസ്ഥിര വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കണം.

രാജ്യത്തെ സംബന്ധിച്ചിടത്തോളം നയതന്ത്രപരമായി വളരെ പ്രധാനപ്പെട്ട ഒരു മേഖലയാണ് വടക്കു കിഴക്കൻ സംസ്ഥാനങ്ങൾ. അതുകൊണ്ടു തന്നെ കുറെ പ്രശ്നങ്ങൾ ഇവിടെ ഉണ്ടുതാനും. പ്രാദേശികമായി വായ്പാസൗകര്യങ്ങൾ ജനങ്ങൾക്ക് യഥേഷ്ടം ലഭ്യമാക്കാനുള്ള സംവിധാനത്തിന്റെ അപര്യാപ്തത പരിഹരിക്കണം. പൂർവ ദക്ഷിണേഷ്യൻ രാജ്യങ്ങളിലേയ്ക്കുള്ള കവാടം എന്ന പ്രത്യേകത കൂടി ഈ മേഖലയ്ക്ക് ഉണ്ട്. ഈ സാധ്യതകൾ ചൂഷണം ചെയ്യേണ്ടത് ഇവിടെയുള്ള സാമ്പത്തിക സ്ഥാപനങ്ങളാണ്. വായ്പകൾ ലഭ്യമാക്കിക്കൊണ്ട് പ്രാദേശികമായി തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ അവർ സഹായിക്കണം.

ഈ മേഖലയുടെ പ്രത്യേകതകളായ തേയില, കാപ്പി, സുഗന്ധ, ഔഷധ വിളകൾക്കും കാർഷിക ഉത്പ്പന്നങ്ങൾക്കുമായി പ്രത്യേക സാമ്പത്തിക മേഖല രൂപീകരിച്ചുകൊണ്ടും ചെറുകിട നാമമാത്ര കൃഷിക്കാർക്കു കൂടി താങ്ങാൻ ശേഷിയുള്ള ആധുനിക സാങ്കേതിക വിദ്യയും ഗവേഷണ, വികസന നടപടികളും നടപ്പാക്കി കൊണ്ടും കാര്യക്ഷമമായ വിപണിയുടെയും വിതരണ ശൃംഖലയുടെയും പിൻബലം നല്കികൊണ്ടും വടക്കു കിഴക്കൻ മേഖലയെ സാമ്പത്തികമായി മുന്നോട്ടു കൊണ്ടുപോകാനാകും.

*(ഷില്ലോങ് ഐഐഎമ്മിൽ അസോസിയേറ്റ് പ്രൊഫസറാണ് ലേഖിക)*



# ആരോഗ്യവും സ്ത്രീ ശാക്തീകരണവും വടക്കു കിഴക്കൻ വികസന പ്രതീക്ഷകളും

**ഡോ. അരുണാ ഭട്ടാചാര്യ ചക്രവർത്തി**

രാജ്യം വളർച്ചയും പുരോഗതിയും കൈവരിക്കുമ്പോൾ മാറ്റം സംഭവിച്ചേക്കാവുന്ന വിവിധ വിഷയങ്ങളെ സ്പർശിക്കാതെ ഒരു രാജ്യത്തിന്റെ വളർച്ചയെ സംബന്ധിക്കുന്ന സംവാദം സാധ്യമല്ല. പുരോഗതിയെ കുറിച്ചുള്ള ചർച്ച ഹ്രസ്വ-ദീർഘ കാലയളവിലെ വിവിധ രംഗങ്ങളിലുള്ള മൊത്തത്തിലുള്ള പുരോഗതിയെപ്പറ്റി ആയിരിക്കണം. പ്രത്യേകിച്ച് പുരോഗതി പ്രാപിച്ച രംഗങ്ങൾ, അവയിലെ പ്രധാനപ്പെട്ട ഘടകങ്ങൾ, വ്യാപ്തി, ഫലം, സ്വാധീനം എന്നിവയെ കുറിച്ചായിരിക്കണം. എങ്കിൽ മാത്രമേ, യഥാസമയം ദീർഘ വീക്ഷണത്തോടെ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വിജയിപ്പിക്കുവാൻ കഴിയൂ.

ബഹുഭൂരിപക്ഷവും യുവ ജനസംഖ്യ കൈമുതലായുള്ള ഇന്ത്യയെപ്പോലൊരു രാജ്യത്ത് ദീർഘകാലയളവിലെ വിദ്യാഭ്യാസ, ആരോഗ്യ രംഗങ്ങളിലെ പുരോഗതിയെയാണ് വികസനമായി കണക്കിലെടുക്കേണ്ടത്. നോബേൽ ജേതാവ് അമർത്യാസെൻ പറഞ്ഞത് ''നമുക്ക് സാമ്പത്തിക പുരോഗതി നിലനിർത്തണമെങ്കിൽ ആരോഗ്യവും വിദ്യാഭ്യാസവുമുള്ള തൊഴിൽ ശക്തി ആവശ്യമാണ്'' എന്നാണ്. അതുകൊണ്ട് ഒരു ദീർഘകാല വികസനം ലക്ഷ്യം വെക്കുന്നുവെങ്കിൽ നാം തീർച്ചയായും ഗുണനിലവാരമുള്ള ആരോഗ്യവും വിദ്യാഭ്യാസവും നമ്മുടെ യുവതയ്ക്ക് ഉറപ്പുവരുത്തണം.

## വടക്ക് - കിഴക്ക് മേഖലയുടെ സ്ഥിതി

രാജ്യത്തെ പുരോഗതിയുടെ വ്യാപ്തി കണക്കിലെടുക്കുമ്പോൾ വളരെ വിഭിന്നമായ അവസ്ഥയാണ് വടക്കുകിഴക്കൻ മേഖലയിൽ. അരുണാചൽ പ്രദേശ്, ആസാം, മണിപ്പൂർ, മേഘാലയ, മിസോറാം,നാഗാലാന്റ്, ത്രിപുര എന്നീ ഏഴ് സംസ്ഥാനങ്ങൾ സ്ഥിതിചെയ്യുന്നത് ഭൂമിശാസ്ത്രപരവും രാഷ്ട്രീയപരവുമായും സങ്കീർണമായ മേഖലയിലാണ്. ഇവ ഭൂട്ടാൻ, ചൈന, മ്യാൻമർ, ബംഗ്ലാദേശ് എന്നീ രാഷ്ട്രങ്ങളുമായി രണ്ടായിരം കിലോമീറ്ററിലധികം അതിർത്തി പങ്കിടുകയും, ഇരുപത് കിലോമീറ്റർ വീതിയിൽ ഇന്ത്യയുടെ മറ്റു ഭാഗങ്ങളുമായി ബന്ധപ്പെട്ടു കിടക്കുകയും ചെയ്യുന്നു. വടക്ക്-കിഴക്കൻ മേഖലയിലെ 166 ഗോത്രങ്ങളിലുൾപ്പെടെ ഒട്ടനവധി ഭാഷകളും വ്യത്യസ്തമായ സംസ്കാരവും ഈ മേഖലയിലെ ഓരോ സംസ്ഥാനങ്ങളിലും നിലനിൽക്കുന്നു. വിവിധ ഗോത്ര വർഗങ്ങളും ഭൂമിശാസ്ത്ര, പാരിസ്ഥിതിക വൈജാത്യങ്ങളും ഇന്ത്യാ ഉപഭൂഖണ്ഡത്തിന്റെ മറ്റു പ്രദേശങ്ങളിൽ നിന്ന് ഈ മേഖലയെ വ്യത്യസ്തമാക്കുന്നു. ഈ അകൽച്ച വടക്കുകിഴക്കൻ മേഖലയിലെ പുരോഗതിയെ സാരമായി ബാധിക്കുന്നുണ്ട്.

ഈ മേഖലയിലെ ക്ലേശകരമായ ഭൂപ്രകൃതിയും ദുഷ്കരമായ യാത്രയും അവിടുത്തെ വികസനം മന്ദീഭവിക്കുന്നതിന് മുഖ്യ കാരണമായെന്നു കരുതാം.

ഗഹനമായി പരിശോധിക്കുമ്പോൾ മറ്റു പല കാരണങ്ങളും ഇവിടുത്തെ വികസനത്തിന് തടസങ്ങളായിട്ടുണ്ട്. വളരെ മനോഹരമായ ഭൂപ്രദേശമായിട്ടു കൂടി വ്യവസായികൾക്ക് ഇവിടെ നിക്ഷേപം നടത്തുവാൻ സാമൂഹ്യ രാഷ്ട്രീയ കാരണങ്ങളാൽ താല്പര്യം ഇല്ലാതായി. പുരോഗതിയുടെ ആധാരമായ സംരംഭക സൗകര്യങ്ങളും വളരെ പരിമിതമാണിവിടെ.

രാഷ്ട്രീയ ഉദാസീനതയും സംരംഭക അസൗകര്യങ്ങളും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ വികസനത്തെ പിന്നോട്ട് നയിക്കുകയായിരുന്നു. കൂടാതെ ഈ പ്രദേശങ്ങളിലെ മുഖ്യധാരാ രാഷ്ട്രീയ ശക്തികളുടെ നിരുത്സാഹം അരാജകത്വത്തിലേക്കും അഴിമതിയിലേക്കും നയിച്ചു. ഇത്തരം ഒരവസ്ഥ ജനങ്ങളുടെ, പ്രത്യേകിച്ച് യുവാക്കളുടെ, ഇച്ഛാശക്തിയെ പ്രതികൂലമായി ബാധിച്ചു.

## ലഹരിവസ്തുക്കളുടെ അമിതോപഭോഗം

രാജ്യത്തെ മറ്റ് പ്രദേശങ്ങളെ അപേക്ഷിച്ച് ലഹരിവസ്തുക്കളുടെ ഉപഭോഗം വടക്കുകിഴക്കൻ മേഖലയിൽ വളരെ കൂടുതലാണ്. കുപ്രസിദ്ധമായ 'ഗോൾഡൻ ട്രയാംഗിളി'ന്റെ സാന്നിധ്യമാണ് ഒരു കാരണം. മയക്കു മരുന്ന് കുത്തിവെപ്പ് മൂലം HIV ബാധക്കുള്ള അവസരം കൂടുതലുള്ള പ്രദേശം കൂടിയാണിത്. മയക്കുമരുന്ന് കുത്തിവെപ്പും ലൈംഗിക വ്യപാരവും പരസ്പരം ബന്ധപ്പെട്ട് കിടക്കുന്നു. ഇന്ത്യയിൽ 180000 മയക്ക് മരുന്ന് കുത്തിവെപ്പിന് അടിമപ്പെട്ടവരുണ്ടെന്നാണ് കണക്ക്. ഇവർ സിറിഞ്ചുകളും മറ്റും ദുരുപയോഗം ചെയ്യുന്നതുവഴി എച്ച്.ഐ.വി ഉൾപ്പടെ മാരക രോഗങ്ങൾക്ക് ഇരയാകുന്നു.

നമ്മുടെ സാമൂഹിക വ്യവസ്ഥയിൽ ലഹരിവസ്തുക്കളുടെ ഉപഭോഗം കൊണ്ട് സ്ത്രീകൾ അനുഭവിക്കുന്ന ദുരിതം നാം വേണ്ടത്ര പരിഗണിക്കുന്നില്ല. സ്ത്രീകൾക്ക് ഇക്കാര്യത്തിൽ ഇടപെടുവാൻ കഴിയാത്തവിധം പുരുഷ മേധാവിത്വം പ്രകടമാണ്. ഇത് സുരക്ഷിതമായ ലൈംഗിക ജീവിതത്തിന് വിഘാതം സൃഷ്ടിക്കുന്നു. മയക്കുമരുന്ന് കുത്തിവെക്കുന്ന സ്ത്രീകൾ (FIDUs) ലൈംഗിക തൊഴിലാളികൾ (FSWs) എന്നിവർ കൂടുതൽ അവഗണനയും അപമാനവും നേരിടുന്നു. ഇതിന്റെ ഭീകരത കുറയ്ക്കുവാൻ പര്യാപ്തമായ പ്രവർത്തനങ്ങൾ ലൈംഗിക തൊഴിലാളികളുടെ ഇടയിൽ നടപ്പിലാക്കണം. ഇതിനാവശ്യമായ സാമൂഹികാവബോധം നല്കുവാനും കഴിയണം.

ലഹരി ഉപഭോക്താക്കൾക്ക് അവയുടെ തിക്തഫലങ്ങളെക്കുറിച്ച് അവബോധം നൽകുകയും ചർച്ച സംഘടിപ്പിക്കുകയും അവരെ പിന്തിരിപ്പിക്കുവാൻ ശ്രമം നടത്തുകയും വേണം. കൂടാതെ അവർക്ക് ആരോഗ്യപരമായ സൗകര്യങ്ങൾ ഒരുക്കുക എന്നതും അഭിലഷണീയമാണ്. സാമൂഹ്യ, മനഃശാസ്ത്ര ചികിത്സാ സൗകര്യങ്ങൾ കൂടി ലഭ്യമാക്കേണ്ടിയിരിക്കുന്നു.

*(ഡൽഹിയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് ഹെൽത്തിൽ അസോസിയേറ്റ് പ്രൊഫസറാണ് ലേഖകൻ)*

**വിജ്ഞാനപാത**

### പ്രോജക്റ്റ് സൺറൈസ് (Project Sunrise)

വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ എയ്ഡ്സ് നിയന്ത്രണത്തിനായുള്ള പ്രോജക്റ്റ് സൺറൈസ് പദ്ധതി കേന്ദ്ര ആരോഗ്യമന്ത്രി ജെ.പി. നഡ്ഡ ഉദ്ഘാടനം ചെയ്തു. 8 വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലെ 20 ജില്ലകൾ ഈ പദ്ധതിയുടെ പരിധിയിൽ വരും. HIV/AIDS ബാധിതരായ 1 ലക്ഷം പേർക്ക് ചികിത്സയും പരിരക്ഷയും സൗജന്യമായി നൽകാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. 2020 -ഓടെ വടക്കു കിഴക്കൻ മേഖലയിലെ എയ്ഡ്സ് ബാധിതരിൽ 90% പേർക്കും ഇതുവഴി ചികിത്സ ഉറപ്പാക്കും. HIV ബാധ സംബന്ധിച്ചുള്ള പൊതു അവബോധ ക്ലാസ്സുകളും പദ്ധതിയുടെ ഭാഗമായുണ്ട്. ദേശീയ എയ്ഡ്സ് കൺട്രോൾ സൊസൈറ്റി (NACO) യുടെ പ്രവർത്തനങ്ങൾക്ക് പുറമേയാണിത്.



# കാർഷിക സമൃദ്ധിയുടെ വടക്കുകിഴക്കൻ വിജയഗാഥ

നിരേന്ദ്ര ദേവ്

വടക്കു-കിഴക്കൻ മേഖലയിലെ ജനങ്ങൾ പ്രധാനമായും ആശ്രയിക്കുന്നത് കൃഷിയെയാണ്. ഒട്ടുമിക്ക പ്രദേശങ്ങളും നേരിടുന്ന പല മനുഷ്യനിർമ്മിതമായ തടസ്സങ്ങളും പ്രതികൂലാവസ്ഥകളും തുടച്ചുനീക്കുന്നതിൽ കൃഷി ഒരു മുഖ്യ ഘടകമാണ്. അരുണാചൽ പ്രദേശ്, ആസാം, സിക്കിം, മണിപ്പൂർ, മിസോറാം, മേഘാലയ, നാഗാലാന്റ്, ത്രിപുര തുടങ്ങി എട്ടോളം സംസ്ഥാനങ്ങളിലെ വികസന പ്രവർത്തനങ്ങളിലും, ജീവിത സാഹചര്യങ്ങളിലും പ്രധാന പങ്കു വഹിക്കുന്നതും കൃഷിയാണ്.

വംശീയമായി ഒട്ടേറെ വൈവിധ്യങ്ങൾ നിറഞ്ഞതാണ് ഇന്ത്യയുടെ വടക്കുകിഴക്കൻ പ്രദേശം. സിക്കിം അടക്കമുള്ള ഈ എട്ട് സംസ്ഥാനങ്ങൾക്കും തനതായി ഒരു സംസ്കാരവും, കൃഷി രീതിയുമുണ്ട്. ഇന്ത്യയിലെ തന്നെ ആളുകൾ പലപ്പോഴും ഇതിൽ അത്ഭുതപ്പെടാറുണ്ട്. ഈ വൈവിധ്യം തന്നെയാണ് ഇന്ത്യയുടെ ശക്തി.

വടക്കുകിഴക്കൻ പ്രദേശങ്ങളിലെ കൃഷിരീതികളിൽ ഒരു ഏകീകരണം എന്നത് ഏറെക്കുറെ അസാധ്യമാണ്. ഓരോ വംശത്തിനും തനതായ പരമ്പരാഗത രീതികളാണ് ജലസംഭരണത്തിനും കൃഷിയ്ക്കും ഉള്ളത്. ആസാമിലെ ഡോങ്സ് മേഖലയിലെ മുളന്തണ്ടിലൂടെയുള്ള ജലസേചനരീതി, അരുണാചലിലെ സീറോ താഴ്വരയിലെ നെൽകൃഷിയ്ക്കൊപ്പമുള്ള മത്സ്യകൃഷി, നാഗാലാന്റിലെ പെക്ക് ജില്ലയിലെ ചകോസാങ്ങ് വിഭാഗങ്ങൾക്കിടയിലെ 'സാബോ' പദ്ധതി, മിസോറാമിലെ മേൽക്കൂരകളിലെ മഴവെള്ള സംഭരണം തുടങ്ങിയവ ഇവയിലെ ചില രീതികളാണ്. വടക്കു-കിഴക്കൻ ഇന്ത്യയിലെ ഒരു പ്രധാന സവിശേഷതയാണ് 'ജും' കൃഷിരീതി. ഏകദേശം 85% ഓളം വടക്കു-കിഴക്കൻ പ്രദേശങ്ങളിലും ഇത്തരം കൃഷി രീതികളാണ്.

ജലസംഭരണത്തിന്റെ കാര്യത്തിൽ വലിയ തോതിലുള്ള മാറ്റങ്ങളും, പുതുമകളും കൈവരിച്ചുങ്കിലും സാമ്പത്തികമായി ഇപ്പോഴും അത്രകണ്ട് പുരോഗതിയിലെത്താനായിട്ടില്ല. ചരിത്രപരമായും, ഭൂമിശാസ്ത്രപരമായും ഉള്ള കാരണങ്ങൾ കൊണ്ട് ഇപ്പോഴും വടക്കു കിഴക്കൻ മേഖല ദാരിദ്ര്യമനുഭവിക്കുന്നു. മതിയായ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും പുതിയ തൊഴിലവസരങ്ങളും വളർത്തേണ്ടതുമുണ്ട്. പുതിയ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനു ശേഷം കാർഷികമേഖലയിൽ കൂടുതൽ ശ്രദ്ധ ചെലുത്തുന്നുണ്ട്. ഇപ്പോൾ രണ്ടാം ഹരിതവിപ്ലവത്തിന്റെ പാതയിലാണ് രാഷ്ട്രം.

ഇന്ന് കാർഷികമേഖലയിൽ നിലനിൽക്കുന്ന പ്രതിബന്ധങ്ങൾ തരണംചെയ്യുന്നതിനുള്ള മാർഗങ്ങൾ കണ്ടെത്തേണ്ടത് അത്യന്താപേക്ഷിതമാണ്. അതുപോലെ തന്നെ അവ സാമ്പത്തിക ഭദ്രതയ്ക്ക് ഉതകുന്നതുമായിരിക്കണം.

വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ ഗ്രാമപ്രദേശങ്ങളിൽ താമസിക്കുന്ന 75% ജനങ്ങളും കൃഷിയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. എന്നാൽ കണക്കുകൾ പ്രകാരം ഇവിടെ കൃഷിയിടങ്ങൾ 20 ശതമാനത്തിൽ താഴെ മാത്രമാണ്.

ഇന്ത്യയിൽ ഉത്പാദിപ്പിക്കുന്ന തേയില, അരി, കടുക്, ചണം, ഉരുളകിഴങ്ങ്, മധുരക്കിഴങ്ങ്, നേന്ത്രപ്പഴം, പപ്പായ, പുളിരസമുള്ള പഴങ്ങൾ, ഇലക്കറികൾ, മരുന്നുകൾ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയിൽ നല്ലൊരു ശതമാനവും സംഭാവന ചെയ്യുന്നത് ആസാം

തുടങ്ങിയ സംസ്ഥാനങ്ങളാണ്. കശുവണ്ടി, പ്ലം പോലുള്ള പഴവർഗ്ഗങ്ങൾ, മുളക്, ഇഞ്ചി, മുള ഉൽപ ന്നങ്ങൾ എന്നിവ മേഘാലയയിലും വലിയ തോതിൽ ഉത്പാദിപ്പിക്കുന്നുണ്ട്. നാഗാലാന്റിൽ പൈനാപ്പിളും. പ്രതിബന്ധങ്ങളും, തടസ്സങ്ങളും ഒക്കെയുണ്ടെങ്കിലും പഴവർഗ്ഗങ്ങളേയും കാർഷിക ഉത്പ്പന്നങ്ങളേയും ഒരുമിച്ചെടുത്താൽ വിജയകരമായ ഒരു മേഖലയാണ് ഇവിടെ കൃഷി.

### ജനങ്ങളുടെ പങ്കാളിത്തം

വടക്കുകിഴക്കൻ മേഖലയിലെ ജനങ്ങൾ അടിസ്ഥാനപരമായി തന്നെ ഗ്രാമപ്രദേശങ്ങളിൽ നിന്നുള്ളവരാണ്. അതുകൊണ്ടു തന്നെ കൃഷിയോട് മാനസികമായി അടുപ്പമുള്ളവരാണിവർ. അരുണാചൽ പ്രദേശിലെ പരമ്പരാഗത കൃഷിരീതിയായ നെൽപ്പാടങ്ങളിലെ മത്സ്യകൃഷിയിലൂടെ ഒരേസമയം ധാന്യവും മത്സ്യവും ഉത്പാദിപ്പിക്കാൻ കഴിയുന്നു.2016 ജനുവരി 18-ന് പ്രധാനമന്ത്രി നരേന്ദ്രമോഡി സിക്കിമിനെ ആദ്യ ജൈവ സംസ്ഥാനമായി പ്രഖ്യാപിച്ചത് എടുത്തുപറയേണ്ട കാര്യമാണ്.

കൂട്ടായ പ്രവർത്തനത്തിലൂടെ 75,000 ഹെക്ടറോളം കൃഷിഭൂമി ജൈവകൃഷിക്കായി ഉപയോഗിക്കാൻ സിക്കിമിനായി. അതിലൂടെ മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കാനും കഴിഞ്ഞു. കൂടാതെ ഇത് ടൂറിസം മേഖലയ്ക്കും ഉണർവ് പകർന്നു.

നാഗാലാന്റിലെ ബക്ക് ജില്ലയിലെ സാബോ (Zabo) സിസ്റ്റത്തിലൂടെ മലമ്പ്രദേശങ്ങൾ സംരക്ഷിക്കാനായി. കുന്നുകളുടെ മുകളിൽ ജലസംഭരണ ടാങ്കുകൾ സ്ഥാപിക്കുകയും, നടുക്ക് കന്നുകാലി വളർത്തലും, താഴെ നെൽപ്പാടങ്ങളുമായി തരംതിരിച്ചുള്ള രീതിയാണിത്. കന്നുകാലി ഫാമുകളിലുള്ള ജലം ഒഴുക്കിവിട്ടാണ് പാടങ്ങളിലേയ്ക്ക് കൃഷിക്കായി ജലം എത്തുന്നത്. കന്നുകാലികളുടെ വിസർജ്ജ്യാവശിഷ്ടങ്ങൾ കലർന്ന വെള്ളം മുളന്തണ്ടുകളിലൂടെ കൃഷിയിടങ്ങളിലേക്കെത്തുന്നു. ഇത് വിളകൾക്ക് നല്ലൊരു വളമാണ്.

കൃഷി ഈ പ്രദേശങ്ങളിൽ കൊണ്ടുവരുന്ന മാറ്റങ്ങളിൽ ചിലത് ഇവയാണ്.

- തൊഴിലില്ലായ്മ പരിഹരിക്കുന്നു.
- കുടിവെള്ളം, പ്രാദേശിക റോഡുകൾ, പ്രാഥമിക വിദ്യാഭ്യാസം, ആരോഗ്യ പരിപാലനം, പോഷക സമൃദ്ധമായ വിളകൾ എന്നിവയ്ക്കുള്ള സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നു.
- വരുമാനത്തിൽ പ്രകടമായ മാറ്റം കൊണ്ടുവരുന്നു.
- ഉത്പാദനക്ഷമതയിൽ വർദ്ധനവ് ഉണ്ടാക്കുന്നു.

ഏറെ നാളത്തെ വിലയിരുത്തലുകളിൽ നിന്ന് മനസിലാവുന്നത് ആസാമീസ് സാഹിത്യം പോലും അവിടുത്തെ മണ്ണിൽ നിന്നും പിറവിയെടുക്കുന്നതാണ് - അത്രമേൽ കൃഷിയും മണ്ണും ആസാം ജനതയുടെ ഹൃദയത്തോട് ചേർന്നിരിക്കുന്നു. ഇത്തരം ശേഷികൾ ഉയർത്തി കൊണ്ടുവരുന്നതിൽ കൃഷിയ്ക്ക് വലിയ പങ്കുണ്ട്.

വടക്കു-കിഴക്കൻ മേഖലയിലെ ജനങ്ങൾ വിശ്വസിക്കുന്നത് ഭൂമി അമ്മയാണെന്നും, ഉപരിതലം അമ്മയുടെ മടിത്തട്ടുപോലെയെന്നുമാണ്. ഈ സംസ്ഥാനങ്ങളിലെ ജനങ്ങളെല്ലാം തന്നെ കൃഷിയിൽ അഗ്രഗണ്യരാണ്. പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ നിലനിർത്താനുള്ള കാര്യങ്ങളും ഇവർക്ക് വശമാണ്. പരിസ്ഥിതിക്ക് കോട്ടം തട്ടാതെയുള്ള ഇവരുടെ ഓരോ ഇടപെടലും സുസ്ഥിര വികസനത്തിന് രാജ്യത്തിനു തന്നെ മാതൃകയാണ്.

*(ദ സ്റ്റേറ്റ്സ്മാന്റെ പ്രത്യേക പ്രതിനിധിയും ഗ്രന്ഥകാരനുമാണ് ലേഖകൻ)*

**വിജ്ഞാനപാത**

## കലാദൻ പദ്ധതി (Kaladan Multi Model Transit Transport Project)

വടക്കുകിഴക്കൻ സംസ്ഥാനങ്ങളെയും കൊൽക്കത്തെയും തെക്കുകിഴക്കൻ ഏഷ്യയിലെ മ്യാൻമറുമായി ബന്ധിപ്പിക്കുന്നതാണ് ഈ പദ്ധതി. 539 കിലോമീറ്റർ ദൈർഘ്യമുള്ള കടൽപാത കൊൽക്കത്ത തുറമുഖത്തെ മ്യാൻമറിലെ സിറ്റ്വെ (Sittwe) തുറമുഖവുമായി ബന്ധിപ്പിക്കുന്നു. മ്യാൻമറിലെ പലേറ്റുവാ (Paletwa) ജെട്ടി വഴി, മിസാറാമിലെ കലാദൻ നദിയെ സിറ്റ്വെ തുറമുഖവുമായി ബന്ധിപ്പിക്കുന്ന 158 കിലോമീറ്റർ നീളുന്ന നദീജന്യ പാതയും ഈ പദ്ധതിയുടെ ഭാഗമാണ്. തെക്കൻ മിസോറാമിലെ ലോംങ്ത്‌ലായ് (Lawngtlai) ഇന്തോ-മ്യാൻമർ ബോർഡറുമായി ബന്ധിപ്പിക്കുകയും തുടർന്ന് ഈ മാർഗത്തെ ദേശീയ പാത-54 ലൂടെ അസമിലെ ദബാക്കാ (Dabaka) യുമായും ബന്ധിപ്പിക്കുന്നു.

# വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലെ അടിസ്ഥാന സൗകര്യ പ്രശ്നങ്ങൾ



**കൃഷ്ണ ദേവ്**

1947ലെ വിഭജനത്തിനു ശേഷം ഇന്ത്യയിലെ വടക്കുകിഴക്കൻ മേഖല ഏറെക്കുറെ ഒറ്റപെട്ടാണ് കിടക്കുന്നത്. അതുകൊണ്ടു തന്നെ, അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ ഉൾപ്പെടെ ഇവർ തനതായ പ്രശ്നങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. സ്വാതന്ത്ര്യത്തിനു മുൻപ് ഇന്ത്യയിലെ മറ്റു ഭാഗങ്ങളുമായി വടക്ക് കിഴക്കൻ മേഖലക്ക് അഭേദ്യമായ ബന്ധം ഉണ്ടായിരുന്നു. ഇപ്പോഴത്തെ ബംഗ്ലാദേശ് വഴി ഇന്ത്യയുടെ മറ്റു ഭാഗങ്ങളുമായും, ബർമ (ഇപ്പോഴത്തെ മ്യാൻമാർ) വഴി കിഴക്ക് ഭാഗങ്ങളുമായും ബന്ധപ്പെട്ടിരുന്നു. റോഡ്, റെയിൽ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ കുറവായിരുന്നുവെങ്കിലും ഇപ്പോഴത്തെ അവസ്ഥവച്ചു നോക്കുമ്പോൾ മെച്ചപ്പെട്ടതായിരുന്നു. ഇന്ന് ഇന്ത്യയുടെ മറ്റു ഭാഗങ്ങളുമായി ബന്ധപ്പെടുന്നത്, വളരെ ഇടുങ്ങിയ 27 കി. മീ മാത്രം വിസ്താരമുള്ള സിലിഗുഡി ഇടനാഴി (chickens neck) വഴിയാണ്. അതിർത്തികൾ അടച്ചതോടെ ചിറ്റഗോങ്ങ് തുറമുഖവുമായുള്ള ബന്ധം അറ്റുപോകുകയും അങ്ങനെ കടൽ വഴിയുള്ള ബാഹ്യ ബന്ധങ്ങൾ മുറിയുകയും ചെയ്തു. ചുരുക്കിപ്പറഞ്ഞാൽ വിപണിയും, ഉത്പാദന കേന്ദ്രങ്ങളും കേവലം രാഷ്ട്രീയ രേഖയാൽ ഈ മേഖലയിൽ ഒറ്റപ്പെടുകയും അതു ജനജീവിതത്തെ സാരമായി ബാധിക്കുകയും ചെയ്തു.

ഇന്ന് വടക്ക് കിഴക്കൻ ഭാഗങ്ങളുടെ അതിർത്തി ഏതാണ്ട് മുഴുവനായും (96%) അന്തർദേശീയ അതിർത്തിയാണെന്ന് പറയാം. വടക്കുഭാഗത്ത് ചൈനയും ഭൂട്ടാനുമായും, കിഴക്ക് ഭാഗത്ത് മ്യാൻമറുമായും, തെക്കു-വടക്കു ബംഗ്ലാദേശുമായും, സിക്കിമിന്റെ വടക്കു ഭാഗം നേപ്പാളുമായും അതിർത്തി പങ്കിടുന്നു. ഭൂമിശാസ്ത്രപരവും, രാഷ്ട്രീയപരവുമായി പ്രധാന വിപണികളിൽ നിന്നും വാണിജ്യ കേന്ദ്രങ്ങളിൽ നിന്നുമുള്ള ഈ മേഖലയുടെ ഒറ്റപ്പെടൽ വളരെ വലിയ തകർച്ചയാണ് സമ്പദ്ഘടനയിൽ ഉണ്ടാക്കിയിട്ടുള്ളത്.

വടക്കു കിഴക്കേ ഇന്ത്യയിൽ നിന്നുമാണ് തെക്കു കിഴക്കേ ഏഷ്യയുടെ തുടക്കം എന്നു നമുക്കറിയാം. യാത്രാ മാർഗങ്ങളും മറ്റു അടിസ്ഥാന സൗകര്യങ്ങളും വികസിപ്പിക്കുക എന്നതാണ് വിപണിയുടെ ഏകീകരണത്തിനും, സാമൂഹികവും സാമ്പത്തികവുമായ ചലന ക്ഷമത കൂട്ടുവാനും പ്രാഥമിക പരിഗണന നൽകേണ്ടുന്ന കാര്യങ്ങൾ.

വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ സമ്പദ്ഘടന പൊതുവേ കാർഷികമേഖലയുമായി ബന്ധപ്പെട്ടാണ് കിടക്കുന്നതെന്ന് കാണാം. വ്യവസായ മേഖല പ്രധാനമായും തേയില, പെട്രോളിയം, പ്രകൃതിവാതകം, ഖനനം, സ്റ്റീൽ ഫാക്ടറികൾ എന്നിവയുമായി ബന്ധപ്പെട്ടു കിടക്കുന്നു. അവയുടെ തന്നെ മുഴുവൻ സാധ്യതകളും ഉപയോഗപ്പെടുത്തിയിട്ടില്ല. വ്യാവസായിക വളർച്ച അപര്യാപ്തമായതിനാൽ, വിഭവങ്ങളുടെ ഉപഭോഗം നടക്കാതെ പോവുകയും ജോലിക്കു വേണ്ടിയുള്ള സമ്മർദ്ദം എപ്പോഴും സേവനമേഖലകളിലാവുകയും ചെയ്യുന്നു. ഗതാഗത സൗകര്യങ്ങൾ കൂടുന്നത് ഈ സമ്മർദ്ദത്തെ കുറക്കുകയും സമതുലിതമായ വളർച്ച പ്രദാനം ചെയ്യുകയും ചെയ്യും.

മാറിമാറി വന്ന ഗവൺമെന്റുകൾ ഒക്കെത്തന്നെ വടക്ക് കിഴക്കൻ മേഖലയുടെ ഉന്നമനത്തിനായി വിവിധ പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു. 1991 ലെ ലുക്ക്

ഈസ്റ്റ് പോളിസി, 2007 ലെ വ്യവസായ നിക്ഷേപ പ്രചാരണ പദ്ധതി (NEIIPP), 2008ലെ NER വിഷൻ 2020 എന്നിവ ശരിയായ ദിശയിലേക്കുള്ള ഉദ്യമങ്ങൾ ആണെങ്കിലും സംഘടിതമായ രീതിയിലുള്ള ശ്രമത്തിന്റെ അഭാവം വികസന നടത്തിപ്പിൽ അങ്ങോളമിങ്ങോളം കാണാവുന്നതാണ്.

ഇപ്പോഴത്തെ കേന്ദ്രഗവൺമെന്റ് ലുക്ക് ഈസ്റ്റ് പോളിസിക്ക് വലിയ പ്രാധാന്യം തന്നെയാണ് കല്പിച്ചിട്ടുള്ളത്. 2014 നവംബറിൽ മ്യാൻമറിൽ വച്ച് നടന്ന ASEAN ഉച്ചകോടിയിൽ പ്രധാനമന്ത്രി നടത്തിയ പ്രസ്താവനയിൽ ഇത് കാണാവുന്നതാണ്. അദ്ദേഹം 10 രാഷ്ട്രങ്ങൾ ഉള്ള ASEAN ബ്ലോക്കിന്റെ സമകാലിക പ്രസക്തിയെപ്പറ്റി ഊന്നി പറഞ്ഞിട്ടുണ്ട്, പ്രത്യേകിച്ചും സാമ്പത്തിക വികസനത്തിന്റെ, വിപണിയുടെ, നിക്ഷേപങ്ങളുടെ, വ്യവസായവത്ക്കരണത്തിന്റെ കാലത്ത്. വാണിജ്യം, സംസ്ക്കാരം, പരസ്പരബന്ധം എന്നിവയാണ് ഈ പദ്ധതിയുടെ പിൻബലം എന്ന് പറയാം. ഇന്ത്യയുടെ വീക്ഷണം കിഴക്കിനെ നോക്കുക എന്നത് മാത്രമല്ല, അതിനായി പ്രവർത്തിക്കുക എന്നതു കൂടെയാണെന്ന് അദ്ദേഹം വ്യക്തമാക്കി. ഇന്ത്യയുടെ നയം ആക്ട് ഈസ്റ്റ് പോളിസി എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു. ഈ പോളിസിയുടെ ലക്ഷ്യം സാമ്പത്തിക, സാംസ്കാരികപരവും, മറ്റു തന്ത്രപ്രധാനമായതുമായ ബന്ധങ്ങൾ ഏഷ്യാ പസിഫിക് രാജ്യങ്ങളുമായി വികസിപ്പിക്കുക എന്നതാണ്. ഇത് നടപ്പിലാക്കാൻ വേണ്ടി ഉഭയകക്ഷിപരവും, പ്രാദേശികമായതും മറ്റു പല തലങ്ങളിലുമുള്ളതുമായ തുടർച്ചയായ ഇടപെടലുകൾ ആവശ്യമാണ്. അതുവഴി സാമ്പത്തികമായ ഒറ്റപ്പെടൽ അനുഭവിക്കുന്ന വടക്ക് കിഴക്കൻ പ്രദേശങ്ങളെ (അരുണാചൽ പ്രദേശ് ഉൾപ്പെടെ), മുഖ്യധാരയിലേക്ക് കൊണ്ടുവരാമെന്ന് കരുതുന്നു.

ആക്ട് ഈസ്റ്റ് പദ്ധതിയുടെ അവിഭാജ്യ ഘടകം എന്നത് വടക്ക് കിഴക്കൻ മേഖലയ്ക്കുള്ളിൽ പരസ്പരമുള്ളതും അയൽ രാജ്യങ്ങളുമായുള്ളതുമായ ബന്ധങ്ങൾ മെച്ചപ്പെടുത്തുക എന്നതാണ്. അതോടൊപ്പം റോഡ്,റെയിൽ, ഉൾനാടൻ ജലഗതാഗതം, ടെലികോം, എയർപോർട്ടുകൾ, ഊർജ്ജം എന്നീ അടിസ്ഥാന സൗകര്യങ്ങളും മുഴുവനായി സ്ഥാപിക്കപ്പെട്ടാൽ മാത്രമേ ഈ പോളിസിയുടെ ചെറുതും വലുതുമായ നേട്ടങ്ങൾ വിലയിരുത്താനാവൂ.

മേയ്ക്ക് ഇൻ ഇന്ത്യ പദ്ധതിയിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട്, മേയ്ക്ക് ഇൻ നോർത്ത് ഈസ്റ്റ് എന്ന ആശയം ഉൾകൊള്ളുന്ന ഒരു പഠനം തയ്യാറാക്കപ്പെട്ടിരുന്നു. പ്രസ്തുത പഠനം വടക്കുകിഴക്കേ മേഖലയിൽ ജോലിസാധ്യതകൾ വർദ്ധിപ്പിക്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. അതുവഴി യുവാക്കളുടെ ജോലി തേടിയുള്ള കൂട്ട പലായനം ഒഴിവാക്കുകയും ചെയ്യാം. വ്യവസായങ്ങളും, തൊഴിൽ മേഖലയും മെച്ചപ്പെടുന്നതോടെ മുഖ്യധാരയിൽ നിന്നുള്ള മാനസികമായ അകൽച്ച നികത്തപ്പെടുകയും, വടക്കു കിഴക്കേ പ്രദേശങ്ങളെ ഇന്ത്യയുടെ മൊത്തത്തിലുള്ള വികസനത്തിനും, വളർച്ചയ്ക്കും ഒപ്പം നടത്തിയ്ക്കാനുമാകും.

ഇതു കൂടാതെ നോർത്ത് ഈസ്റ്റ് ഇന്നു സ്റ്റാർട്ട് അപ്പ് കമ്പനികളുടെ ഒരു ലക്ഷ്യസ്ഥാനം കൂടിയാണ്. രണ്ടു വർഷത്തേക്കുള്ള നികുതിയിളവ്, 3 മാസം എന്ന എക്സിററ് പീരീഡ് എന്നിവ സമാനതകളില്ലാത്ത സവിശേഷതകളാണ്. വടക്ക് കിഴക്കൻ പ്രദേശങ്ങളുടെ വികസനത്തിനായുള്ള മന്ത്രാലയമാണിതിനു പിന്നിൽ. ഇതു ഭാഗ്യപരീക്ഷണത്തിനു മുതിരുന്ന, പുതിയ വ്യവസായ സംഘാടകർക്ക്, സാമ്പത്തിക ബാധ്യതകളിൽ നിന്നും രക്ഷപെടാനുള്ള ഒരു നിധിതന്നെയാണ്. ഇത് തൊഴിൽ സാധ്യതയും, വരുമാനവും വർധിപ്പിക്കുന്നതോടൊപ്പം മറ്റു പ്രദേശങ്ങളിൽ നിന്നുള്ള യുവാക്കളെ ഇങ്ങോട്ടു ആകർഷിക്കുകയും വടക്ക് കിഴക്കൻ പ്രദേശങ്ങളുടെ സമ്പൂർണ വികസനത്തിനു നാന്ദി കുറിക്കുകയും ചെയ്യും.

വടക്ക് കിഴക്കൻ പ്രദേശങ്ങൾക്ക് കുറുകെ റോഡുകൾ, റെയിൽവേ പാതകൾ, വ്യോമ ഗതാഗതം, ജലപാതകൾ എന്നിവ പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. ആ പദ്ധതികളുടെ ഇപ്പൊഴത്തെ നിലവാരം താഴെ പറയും പ്രകാരമാണ്.

## റോഡുകൾ

വടക്ക് കിഴക്കേ മേഖലയിൽ പ്രത്യേകോദ്ദേശ്യത്തിൽ രൂപംകൊടുത്ത ദ്രുതഗതിയിലുള്ള റോഡ് വികസനപദ്ധതിയാണ് (SARDP - N E). മൂന്ന്

ഘട്ടങ്ങളുള്ള ഈ പദ്ധതി പ്രകാരം, ഉൾപ്രദേശങ്ങൾ, സംസ്ഥാന തലസ്ഥാനങ്ങൾ, ജില്ലാ ആസ്ഥാനങ്ങൾ എന്നിവ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകളാണ് പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളത്. ഇതു പ്രകാരം 88 ജില്ലാ ആസ്ഥാനങ്ങൾ ഏറ്റവും അടുത്തുള്ള ദേശീയ പാതയുമായി ബന്ധിപ്പിച്ചിരിക്കുന്നു. ഇതുവരെയുള്ള തിൽ വച്ച് ഏറ്റവും പ്രതീക്ഷയുള്ള റോഡ് വികസന പദ്ധതിയാണിത്. ഇന്ത്യൻ ദേശീയപാത അതോറിറ്റി, സംസ്ഥാന പൊതുമരാമത്തു വകുപ്പ്, ബോർഡർ റോഡ് ഓർഗനൈസേഷൻ എന്നിവയാണ് ഈ പദ്ധതി നടപ്പിലാക്കാൻ പ്രവർത്തിക്കുന്ന ഏജൻസി കൾ. പദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെ കൊടുക്കുന്നു:

- തലസ്ഥാനങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ദേശീയ പാതകൾ 2/4 വരിയാക്കുക.
- രണ്ടു വരി പാത വഴിയെങ്കിലും വടക്ക് കിഴക്കൻ പ്രദേശങ്ങളിലെ 88 ജില്ലാ ആസ്ഥാനങ്ങളെ തമ്മിൽ ബന്ധിപ്പിക്കുക.
- ഉൾപ്രദേശങ്ങളും പിന്നോക്ക പ്രദേശങ്ങളും റോഡുകൾ വഴി ബന്ധിപ്പിക്കുക.
- അതിർത്തി പ്രദേശങ്ങളിലെ തന്ത്രപ്രധാനമായ റോഡുകൾ മെച്ചപ്പെടുത്തുക.
- അയൽ രാജ്യങ്ങളുമായുള്ള ബന്ധം മെച്ചപ്പെടു ത്തുക.

ഈ പദ്ധതി മൂന്നു ഭാഗങ്ങളായാണ് നടപ്പിൽ വരുത്താൻ ശ്രമിക്കുന്നത് .

എ) ഒന്നാമത്തെ ഘട്ടത്തിൽ(ഫേസ് എ) 4099 കി മീ വരുന്ന പാതകളുടെ ( 2041 കി മീ ദേശീയ പാതയും 2058 കി.മീ സംസ്ഥാന പാതയും ) മെച്ചപെടുത്തലാണ് ലക്ഷ്യം വയ്ക്കുനത് .2015 ഓഗസ്റ്റ് വരെ, 2989 കി.മീ അനുവദിക്കപ്പെട്ട തിൽ 1565 കി.മീ പൂർത്തിയാക്കിയിട്ടുണ്ട്. 2017 മാർച്ചോടെ ഈ ഘട്ടം പൂർണ്ണമാകുമെന്നു കരുതുന്നു.

ബി) ഫേസ് ബി എന്നതു 3723 കി.മീ (1285 കി.മി ദേശീയ പാതയും 2,438 കി.മീ. സംസ്ഥാന പാതയും) ആണ് ലക്ഷ്യമിടുന്നത് . ഫേസ് എ യുടെ പൂർത്തീകരണത്തിനു ശേഷം മാത്രമേ ഇത് ആരംഭിക്കൂ .

സി) 2319 കി.മി. നീളം വരുന്ന റോഡുകളുടെ (1472 കി.മി ദേശീയ പാതയും, 847 കി.മി സംസ്ഥാന പാതയും തന്ത്ര പ്രധാനമായ റോഡുകളും) മെച്ചപെടുത്തലാണ് അരുണാചൽ പ്രദേശ് പാക്കേജിൽ ഗവൺമെൻറ് ലക്ഷ്യമിടുന്നത്. 776 കി.മി ബി.ഒ.ടി ആയും ,ബാക്കി വരുന്നത് വകുപ്പനുസരിച്ചുള്ള കരാർ പ്രകാരവുമാണ് നിർമിക്കുന്നത്. ഓഗസ്റ്റ് 2015 വരെ 1552 കി.മി അനുവദിക്കപ്പെടുകയും, അതിൽ 230 കി.മി പൂർത്തിയാവുകയും ചെയ്തു. 2018 മാർച്ചോടെ ഈ പദ്ധതി പൂർത്തിയാവും എന്നാണു കരുതുന്നത്.

## കിഴക്ക് വടക്ക് ഇടനാഴി

SARDP - N E കൂടാതെ ദേശീയ പാത അതോറിറ്റി 670 കി.മി നാലുവരി പാതകൾ ശ്രീരാംപൂർ മുതൽ (ആസാം വെസ്റ്റ് ബംഗാൾ ബോർഡർ) സിൽച്ചാർ (ആസാം)വരെയും ജോവായ് മുതൽ മേഘാലയിലെ രാത്തെൻചേര(104 കി.മി)വരെയുള്ള രണ്ടു വരി പാതകളുടെ നിർമാണമാണ് ലക്ഷ്യമിടുന്നത്.

2014 ഡിസംബറോടെ ഈ പദ്ധതി പൂർത്തിയാക്കാൻ ആയിരുന്നു ലക്ഷ്യമിട്ടിരുന്നത്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രശ്നങ്ങൾ, തുടർച്ചയായ പണിമുടക്കുകൾ, ദുർബലമായ ക്രമസമാധാന നില, ബോർഡർ റോഡ്സ് ഓർഗനൈസേഷനിൽ നിന്നും അനുമതി ലഭിക്കുന്നതിനുള്ള പ്രശ്നങ്ങൾ, ചില അവസരങ്ങളിലെങ്കിലും തൊഴിലാളികളുടെയും മെഷീനറികളുടെയും അപര്യാപ്തത, കാട് വെട്ടി തെളിക്കാനുള്ള പ്രശ്നങ്ങൾ, നിർമാണ വസ്തുക്കൾ സ്വരുക്കൂട്ടാൻ അനുവദിക്കാത്ത പ്രാദേശിക ഭരണകൂടങ്ങളുടെ നീക്കങ്ങൾ എന്നിവ കാരണം സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. 670 കി.മി.നീളമുള്ള ഈ പദ്ധതിയുടെ 580 കി.മി പൂർത്തിയാക്കിയിട്ടുണ്ട്. 2016 ഡിസംബറോടെ ബാക്കി ഭാഗം പൂർത്തിയാവുമെന്നു കരുതുന്നു.

## റെയിൽവേ

2012 ഏപ്രിൽ 1 ലെ കണക്ക് പ്രകാരം വടക്ക് കിഴക്കൻ പ്രദേശത്ത്, 2661 കി.മി റെയിൽ ശൃംഖലയാണുള്ളത്. ഇതിൽ 1061 കി.മി (60%) ബ്രോഡ് ഗേജ് ആക്കി മാറ്റിയിട്ടുണ്ട്. ഈ മാറ്റങ്ങൾ



പൂർത്തിയായാൽ 20 കി. മീ. വരുന്ന ദൂരം മീറ്റർ ഗേജ് ആയി നിലനിർത്തി പോയ കാലത്തിന്റെ സ്മരണകൾ നിലനിർത്താമെന്നു കരുതുന്നു.

റെയിൽ ടൂറിസം വടക്ക് കിഴക്കേ ഇന്ത്യയിൽ മാറ്റത്തിന്റെ പാതയിലാണ്. ഇക്കോ ടൂറിസം, അധ്യയനത്തിനായുള്ള ടൂറിസം, തീർത്ഥാടന കേന്ദ്രത്തിലേക്കുള്ള പുതിയ യാത്രാ പദ്ധതികളുടെ വികസനം (ദേവി, ജ്യോതിർലിംഗ്, ജൈൻ, ക്രിസ്ത്യൻ, സൂഫി, സിഖ്, ബുദ്ധിസ്റ്റ് ടെമ്പിൾ പാതകൾ) എന്നിവ വികസിപ്പിക്കുകയും, ഇവടങ്ങളിലേക്ക് പ്രത്യേക പാക്കേജുകൾ പ്രഖാപിക്കുകയും ചെയ്തു. സ്വകാര്യ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുക കൂടി ചെയ്യുന്നുണ്ട്.

റെയിൽവേയുടെ അടിസ്ഥാന സൌകര്യങ്ങൾ വികസിപ്പിക്കാനുള്ള പദ്ധതി വിഭാവനം ചെയ്യുന്നത് എല്ലാ സംസ്ഥാന തലസ്ഥാനങ്ങളുമായുള്ള ശ്യംഖലകൾ, പ്രദേശത്തെ യൂണിഗേജ്, ബ്രോഡ് ഗേജ് ശ്യംഖലകൾ, ഭാവിയിലുണ്ടാവുന്ന യാത്രാ പദ്ധതികൾക്കായി നിലവിലുള്ള പദ്ധതികളെ ശക്തിപ്പെടുത്തൽ, ഉൾപ്രദേശങ്ങളിലെ ശ്യംഖലയുടെ നിർമ്മാണം, അന്തർദേശീയ അതിർത്തികളുടെ ശക്തിപ്പെടുത്തൽ, അയൽ രാജ്യങ്ങളുമായുള്ള ബന്ധങ്ങളും വ്യാപാരങ്ങളും മെച്ചപ്പെടുത്തൽ എന്നിവയാണ്.

ദുബ്നോയി – മേൻഡിപത്താർ റെയിൽവേ ലൈൻ, 2014 ഓഗസ്റ്റ് 11 ൽ പൂർത്തിയായത് വഴി മേഘാലയയ്ക്ക് റെയിൽ ശ്യംഖല തുറന്നു കിട്ടി. മൂന്നു പുതിയ ലൈനുകൾ ഈ വർഷം പൂർത്തിയാകുമെന്നു കരുതുന്നു.ലുമിട്സ് മുതൽ സിൽചർ വരെയുള്ള ഗേജു മാറ്റങ്ങളിലൂടെ തെക്കേ അസം, ബ്രോഡ് ഗേജ് ശ്യംഖലയിലേക്ക് ഉടൻ തന്നെ പ്രവേശിക്കാൻ പോവുകയാണ്. ഇത് വരെ നടന്നിട്ടുള്ളതിൽ ഏറ്റവും നീളം കൂടിയ ഗേജ് മാറ്റമാണിത് (210 കി.മീ).

പുതിയ ശ്യംഖലകളുടെ നിർമ്മാണത്തിനും, പാത ഇരട്ടിപ്പിക്കാനും, ഗേജ് മാറ്റത്തിനുമായി, 20 പുതിയ പദ്ധതികളാണ് വടക്ക് കിഴക്കേ മേഖലയിൽ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളത്. 10 ദേശീയ പദ്ധതികളും ഇതിലുണ്ട്.2919 കി.മീ ആണ് ഈ ശ്യംഖലയിൽ ഉൾപ്പെട്ടിരിക്കുന്നത്. 38318 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കപ്പെടുന്നത്. വടക്ക് കിഴക്കേ പ്രദേശങ്ങളിലെ എല്ലാ സംസ്ഥാന തലസ്ഥാനങ്ങളും റെയിൽ വഴി മാർച്ച് 2020 ഓടെ ബന്ധപ്പെടുത്താനാകുമെന്നാണ് കരുതുന്നത്.

### വ്യോമഗതാഗതം

നോർത്ത് ഈസ്റ്റ് മേഖലയിൽ ഇന്ന് 12 ഓപറേഷനൽ എയർപോർട്ടുകളും അത്രയും തന്നെ നോൺ ഓപറേഷണൽ എയർപോർട്ടുകളുമാണുള്ളത്. ഈ മേഘലയിലേക്ക് വ്യോമ ഗതാഗതം മെച്ചപ്പെടുത്താൻ പല തലങ്ങളിലും പ്രയത്നങ്ങൾ നടത്തിയിട്ടുണ്ട്. തേസ്പൂർ, ഭീമാപൂർ, ലീലാബാരി എന്നിവിടങ്ങളിൽ ഇന്ന് എയർ ഇന്ത്യയോ അലിയൻസ് എയറോ

മാത്രമേ സേവനദാതാക്കളായുള്ളൂ. നോർത്ത് ഈസ്റ്റ് കൗൺസിൽ ബാരാപാനി എയർപോർട്ട് കൂടി ഉൾപ്പെടുത്തി സർവീസ് പുനരാരംഭിക്കുവാൻ ഓഗസ്റ്റ് 2013 നു അതിജീവന ഫണ്ടുകൾ പ്രഖ്യാപിച്ചിരുന്നു.

ഗവൺമെന്റ് എയർഹബ്ബുകൾ സൃഷ്ടിക്കുവാനായി പുതിയ പോളിസികൾ പ്രഖ്യാപിച്ചിരിക്കുകയാണ്. ഒരു മന്ത്രിതല കമ്മിറ്റി വ്യോമഗതാഗത സെക്രട്ടറി ചെയർമാനായി രൂപീകരിക്കാനും, അത് വഴി വ്യോമ ഹബ്ബുകളുടെ രൂപീകരണത്തിനും വികസനത്തിനും വിഘാതമായി നില്ക്കുന്ന ഘടകങ്ങളെ അതിജീവിക്കാനുമുള്ള നിർദേശങ്ങൾ നല്കാനും ലക്ഷ്യമിട്ടാണിത്. പുതിയ നയപ്രകാരം ദേശീയ ഹബ്ബുകൾ കൂടാതെ, പ്രാദേശികമായ ഹബ്ബുകൾ രൂപീകരിക്കാനും അതുവഴി മെട്രോകൾ അല്ലാത്തതും ഉൾപ്രദേശങ്ങളിലുള്ളതുമായ ഇടങ്ങളിലെ വ്യോമഗതാഗതം മെച്ചപ്പെടുത്താനും പദ്ധതിയിടുന്നു. എത്തിച്ചേരാൻ ദുർഘടമായ പ്രദേശങ്ങളിൽ വ്യോമമേഖലയ്ക്കു പ്രാമുഖ്യം കൊടുക്കുകയും എയർപോർട്ടുകൾ നിർമ്മിക്കാനും ആധുനികവൽക്കരിക്കാനും ഉയർന്ന പരിഗണന നല്കിവരുന്നു.

## ഉൾനാടൻ ജല ഗതാഗതം

ഉൾനാടൻ ജല ഗതാഗത വകുപ്പ് ദേശീയ ജലപാതകൾ നിർമ്മിക്കാൻ പ്രതിജ്ഞാബദ്ധരാണ്. ദേശീയജലപാത 2 (ബ്രഹ്മപുത്ര നദിയിൽ) ബംഗ്ലാദേശ് അതിർത്തി (ദുബ്രിയ്ക്കടുത്ത്) മുതൽ സാദിയ വരെയും, ലാഖിപൂർ മുതൽ ഭാൻഗ വരെയുമുള്ള ദേശീയജലപാതയുടെ വികസനത്തിനു അതോറിറ്റി ഊന്നൽ നല്കുന്നു. ദേശീയ ജലപാത രണ്ടുമായി ബന്ധപ്പെട്ടിട്ടുള്ള ഉൾനാടൻ ജലഗതാഗത ശൃംഖല മെച്ചപ്പെടുത്താനായി അടിസ്ഥാനസൗകര്യങ്ങളുടെ വികസനത്തിനും ജെട്ടികളുടെ ഉന്നമനത്തിനുമായി പദ്ധതികൾ പലതും വിഭാവനം ചെയ്തിട്ടുണ്ട്. ഇത്തരം ഇടപെടലുകൾ ചരക്കു നീക്കത്തിനും യാത്രയ്ക്കുമായി ദേശീയ ജലപാത രണ്ടിലൂടെ പുതിയ വഴികൾ തുറക്കുമെന്ന് കരുതുന്നു.

ദേശീയ ജലപാതയെ കൂടാതെ, മറ്റു ജലമാർഗങ്ങൾകൂടി വിഭാവനം ചെയ്യുകയും വികസിപ്പിക്കുകയും ചെയ്യുന്നത് വഴി വടക്കു കിഴക്കൻ പ്രദേശങ്ങളുടെ സാമ്പത്തികഉന്നമനം സാധ്യമാവുകയും ഇന്ത്യാ-മ്യാൻമർ അതിർത്തി വ്യാപാരം മെച്ചപ്പെടുകയും ചെയ്യും.

## ഇന്ത്യാ ബംഗ്ലാദേശ് പ്രോട്ടോകോൾ

ഇത് പ്രകാരം ഉൾനാടൻ ജലഗതാഗതത്തിനും വ്യാപരാവശ്യത്തിനുമായി (1700 കി.മീ) ദേശീയ ജലപാത 1 (ഗംഗ ) ജലപാത രണ്ടുമായി (ബ്രഹ്മപുത്ര) ബന്ധപ്പെടുത്താനാണ് ശ്രമങ്ങൾ നടക്കുന്നത്. ഇതിൽ ബരാക് നദിയിലൂടെ ദേശീയ ജലപാത 6 ആരംഭിക്കാൻ ഉദ്ദേശിക്കുകയും ചെയ്യുന്നു. ഈ റൂട്ടിന്റെ വികസനത്തിലൂടെ വടക്ക് കിഴക്കൻ പ്രദേശങ്ങളിലേക്കും പുറത്തോട്ടുള്ളതും ഉപദ്വീപീയ ഇന്ത്യയിലേക്കുമുള്ള ചരക്കു കൈമാറ്റം ബംഗ്ലാദേശിലൂടെയും സുന്ദർബന്നിലൂടെയും നടത്താൻ പറ്റുകയും വടക്ക് കിഴക്കൻ പ്രദേശങ്ങൾ കൂടുതൽ സ്വീകാര്യമാവുകയും ചെയ്യും.

## കാലാദൻ വിവിധോദ്ദേശ്യ പദ്ധതി

വിദേശകാര്യ മന്ത്രാലയം ആണ് ഈ പദ്ധതിയുടെ പ്രയോക്താക്കൾ. ഇത്പ്രകാരം മ്യാന്മറിലെ കാലാദൻ നദിയെ ഉൾപ്പെടുത്തി, മിസ്സോറാമിനെ കൊല്ക്കത്ത, ഹാൽദിയ തുറമുഖങ്ങളുമായുള്ള ബന്ധിപ്പിക്കൽ ആണ് ലക്ഷ്യം. ഇതിൽ ഹാൽദിയ മുതൽ സിറ്റ്വെ വരെ കടൽ മാർഗവും സിറ്റ്വെയിൽ നിന്നും പലെറ്റ്വ (മ്യാന്മാർ) വരെ ഉൾനാടൻ ജലമാർഗത്തിലൂടെയും അവിടെ നിന്നും റോഡ്മാർഗം മിസോറാമിലേക്കും എത്തിപ്പെടാം. ഈ പദ്ധതിയുടെ നടത്തിപ്പ് ഉൾനാടൻ ജലഗതാഗത വകുപ്പിനാണ്. സിറ്റ്വെ തുറമുഖത്തിന്റെ നിർമാണം പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്.

വികസനത്തിലേക്കുള്ള വ്യക്തമായ കാഴ്ചപ്പാടും തൊഴിൽ നൈപുണ്യമുള്ള തദ്ദേശീയവാസികളുടെ ഇടപെടലും ഉൾചേർന്ന് സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കുന്നത് വികസനത്തിലെ പോരായ്മകൾ ഇല്ലാതാക്കുകയും അതോടൊപ്പം ഈ പ്രദേശങ്ങളുടെ ആഴത്തിൽ വേരൂന്നിയിട്ടുള്ള ഒറ്റപ്പെടൽ ഒഴിവാക്കാനും സഹായകമാവും.

*(ആസൂത്രണ കമ്മീഷൻ മുൻ കൺസൾട്ടന്റും പ്രമുഖ ഗതാഗതകാര്യ വിദഗ്ധനുമാണ് ലേഖകൻ)*



# വടക്കുകിഴക്കൻ ഇന്ത്യയിലെ ഗോത്രവർഗ വികസനം

എൻ.സി. സക്സേന

ഇന്ത്യയിലെ ഗോത്രവർഗ ജനസംഖ്യയുടെ 12 ശതമാനം വസിക്കുന്നത് വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലാണ്. മധ്യേന്ത്യൻ സംസ്ഥാനങ്ങളിൽ ഗോത്രവർഗക്കാർ ന്യൂനപക്ഷമാണങ്കിൽ മിസോറാം, മേഘാലയ, നാഗാലാന്റ് തുടങ്ങിയ വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ ഇവർ ജനസംഖ്യയുടെ 80 ശതമാനത്തിലേറെയാണ്. അതുകൊണ്ട് തന്നെ രാഷ്ട്രീയ പ്രാധാന്യത്തോടെ ഈ മേഖലയെ നോക്കിക്കാണേണ്ടതുണ്ട്. കഴിഞ്ഞ കുറെ ദശകങ്ങളായി ബംഗ്ലാദേശ്, മറ്റു അയൽ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലേക്ക് കുടിയേറ്റക്കാർ ഒഴുകിക്കൊണ്ടിരിക്കുകയാണ്. ജനസംഖ്യാ സംതുലനം താറുമാറാകുന്ന അവസ്ഥയാണ് ഈ കുടിയേറ്റം മൂലം സംഭവിക്കുന്നത്. 1951 ൽ ത്രിപുരയിൽ 56ശതമാനമായിരുന്നു ഗോത്രവർഗ ജനസംഖ്യ എങ്കിൽ 2001ൽ അത് 30%ത്തിൽ താഴെയായി. അരുണാചൽ പ്രദേശിൽ 1951ൽ 90 ശതമാനം ഗോത്രവർഗക്കാരായിരുന്നെങ്കിൽ 1991ൽ 64 ശതമാനത്തിലും താഴെയാണ് അവരുടെ എണ്ണം. അസമിലെ പ്രമുഖ ഗോത്രവർഗമായ ബോഡോകൾ മിക്ക സ്വയം ഭരണ ജില്ലകളിലും ന്യൂനപക്ഷമായി മാറിക്കഴിഞ്ഞിട്ടുണ്ട്.

വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലെ ഗോത്രങ്ങൾക്കിടയിൽ തന്നെ വൈവിധ്യങ്ങളുടെ വലിയനിര നമുക്ക് കാണാൻ കഴിയും. 220-ൽപരം വംശീയതകൾ കൊണ്ട് നിറഞ്ഞതാണ് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ ഗോത്രവിഭാഗ മേഖല. ഓരോ വംശീയതയ്ക്കും അവരുടേതായ സംസ്കാരവും ഭാഷയും പൈതൃകവുമുണ്ട്. ഈ സാംസ്കാരിക വൈവിധ്യം പലപ്പോഴും സംഘർഷങ്ങൾക്ക് കാരണമാവുന്നുണ്ട്. ഇത്തരം സംഘർഷങ്ങൾ പുരോഗതിയുടെയും സമാധാനാന്തരീക്ഷത്തിന്റെയും മാർഗത്തിൽ തടസ്സങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു.

ഭരണഘടനയുടെ ആറാം ഷെഡ്യൂൾ ഗോത്രവർഗക്കാരുടെ പാരമ്പര്യവും സംസ്കാരവും പൈതൃകവും നിലനിർത്തിക്കൊണ്ട് പോവാൻ തക്ക നിയമ നിർമാണമാണ് വിഭാവനം ചെയ്യുന്നത്. 1960കളിലെ ഐക്യ ആസാമിൽ ന്യൂനപക്ഷമായിരുന്ന ഗോത്ര വിഭാഗങ്ങൾക്ക് അവർക്കിണങ്ങുന്ന രീതിയിൽ വികസന മാതൃകകൾ സ്വയം രൂപപ്പെടുത്താനും അതുവഴി തങ്ങളുടെ ആചാരാനുഷ്ഠാനങ്ങളേയും വിശ്വാസങ്ങളേയും മുൻനിർത്തിയുള്ള ജീവിതം പുലർത്താനും ഭരണഘടനയുടെ ആറാം പട്ടിക സ്വാതന്ത്ര്യം നൽകി. ഗോത്രവർഗ ഭൂരിപക്ഷ സംസ്ഥാനങ്ങളായ മിസോറാം, മേഘാലയ, നാഗാലാന്റ് തുടങ്ങിയ സംസ്ഥാനങ്ങളുടെ രൂപീകരണത്തോടെ സ്ഥിതിഗതികൾ മാറി. നാഗാവർഗം ഒരുകാലത്ത് നാഗാലാന്റ് സംസ്ഥാനത്തിന്റെ മുഖ്യ ഭാഗമായിരുന്നെങ്കിൽ പിന്നീട് വളരെ പിന്നോട്ട് പോവുകയാണ് ചെയ്തത്. മിസോ ഗോത്രവർഗത്തെ മിസോറാമിലെ ന്യൂനപക്ഷ ഗോത്രവർഗമായിട്ടാണ് ഭരണഘടനയുടെ ആറാം ഷെഡ്യൂൾ പരിഗണിക്കുന്നത്. മേഘാലയയിൽ സ്വയംഭരണ ജില്ലാ സമിതികൾ (ADCs) സംസ്ഥാന നിയമ നിർമാണ സഭയ്ക്ക് സമാന്തരമായി പ്രവർത്തികുന്ന ബദൽ നിയമ നിർവഹണ സഭ പോലെയാണ്. ഈ സ്വയംഭരണവകാശ ജില്ലാ സമിതികൾ ഏറെ പ്രസക്തമാണെന്നു മാത്രമല്ല ഗോത്രേതര വർഗങ്ങളിൽ നിന്ന് ഗോത്രവർഗക്കാർക്ക് സംര

ക്ഷണം ലഭിക്കാനും ഇതുകൊണ്ട് സാധിക്കുന്നുണ്ട്. 85ശതമാനത്തിലധികം ഗോത്രവർഗ കേന്ദ്രീകൃത സംസ്ഥാനമാണ് മേഘാലയ.

ആറാം ഷെഡ്യൂളുമായി ബന്ധപ്പെട്ട മറ്റൊരു പ്രശ്നം ജില്ലാ സമിതി കഴിഞ്ഞാൽ താഴെ തട്ടിൽ തെരഞ്ഞെടുക്കപ്പെട്ട സമിതി ഇല്ല എന്നതാണ്. വിദൂര ഗ്രാമങ്ങളിലെ വികസന പ്രക്രിയകളെ ഇത് പ്രതികൂലമായി ബാധിക്കുന്നു. തായ്‌വഴികളായി വരുന്ന കുലപതികളുടെ നേതൃത്വത്തിൽ ഗ്രാമത്തിൽ സമിതികൾ ഉണ്ടെങ്കിലും അവ ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ടവയല്ല. മറ്റു സംസ്ഥാനങ്ങളിലെപോലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മേഘാലയിൽ അത്യാവശ്യമായി വന്നിരിക്കുന്നു.

## സാമ്പത്തിക അസമത്വം

ഭൂരിപക്ഷം ഗോത്ര വർഗക്കാരും താമസിക്കുന്നത് കാടുകളിലും മലമ്പ്രദേശങ്ങളിലുമാണ്. അവരുടെ സമ്പാദ്യം കാടുമായി ബന്ധപ്പെട്ടാണ് നിലനിൽക്കുന്നത്. കൃഷിയും കന്നുകാലി വളർത്തലുമാണ് ഈ ഗോത്രവർഗങ്ങളുടെ മുഖ്യതൊഴിൽ. അവരുടെ സാമൂഹികവും സാംസ്കാരികവുമായ പൈതൃകവും ഇവയുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. കൃഷിയിലൂടെ വ്യക്തി ഉടമാവകാശത്തിൽ നിന്ന് സാമൂഹിക ഉടമാവകാശത്തിലേക്ക് മാറിയതിന്റെ ഫലമായി സാമൂഹിക അസമത്വം വർധിക്കുകയാണുണ്ടായത്. പുറമക്കാരിൽ നിന്ന് തദ്ദേശീയർക്ക് സംരക്ഷണം നൽകുന്ന നിയമം നിലനിൽക്കെ തന്നെ ഈ ഗോത്രവർഗ സമൂഹം അരക്ഷിതമായി ഭീതിയിൽ കഴിയുകയാണ്. നിയമംകൊണ്ട് മാത്രം ഗോത്രവർഗക്കാർ സുരക്ഷിതരെല്ലന്നർത്ഥം. വ്യത്യസ്ത വിഭാഗങ്ങൾക്കിടയിലുള്ള അന്തരം മാറ്റിയെടുക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്.

ഇന്ന് കാടിന്റെ മക്കളിൽ ലക്ഷാധിപതികളുണ്ട്. എന്നാൽ മറ്റുചിലർ ഒരേക്കർ ഭൂമിപോലും കൃഷിചെയ്യാൻ ലഭിക്കാതെ കഷ്ടപ്പെടുന്നവരുമാണ്. ഗോത്രവർഗത്തിലെ പുതിയ വരേണ്യവർഗം സ്വന്തം അവകാശങ്ങൾക്കുവേണ്ടി മുറവിളി കൂട്ടുമ്പോൾ പാവങ്ങൾ നരകയാതന അനുഭവിക്കുകയാണ്. പാവങ്ങളെ ചൂഷണം ചെയ്ത് തങ്ങളുടെ ചൊൽപടിക്ക് നിർത്താനാണ് സമ്പന്ന വരേണ്യ വർഗം ശ്രമിക്കുന്നത്. കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും വികസിച്ചതോടെ കൈവശഭൂമിക്ക് മൂല്യം വർധിച്ചു. അതുവഴി

**നാഗാലാന്റിൽ നാട്ടുനടപ്പനുസരിച്ച് ഭൂമി, അനന്തരാവകാശം, സ്വത്തുക്കൾ തുടങ്ങിയവയ്ക്കൊന്നും സ്ത്രീക്ക് അർഹതയില്ല. ചുരുക്കം സ്ത്രീകൾ ഭൂമി കൈവശപ്പെടുത്താൻ ശ്രമിച്ചപ്പോൾ അവരെ ദുർമന്ത്രവാദികളും മറ്റുമായി മുദ്രകുത്തുകയാണ് സമൂഹം ചെയ്തത്. അവരെ കുറ്റവാളികളെപ്പോലെയാണ് ഗോത്രവർഗ സമൂഹങ്ങൾ പരിഗണിക്കുന്നത്.**

സാമ്പത്തികമായി താരതമ്യേന മെച്ചപ്പെട്ടുവെങ്കിലും ഗോത്രവിഭാഗക്കാർക്കിടയിലെ ഈ വരേണ്യവർഗത്തിന് സംരഭകത്വശേഷി ഇല്ലാത്തതിനാൽ വ്യവസായമേഖലയിൽ ഇപ്പോഴും ഇവർ അഭിവൃദ്ധി പ്രാപിച്ചിട്ടില്ല.

## സ്ത്രീകളുടെ അവസ്ഥ

സ്വകാര്യവത്ക്കരണം സ്ത്രീ സമൂഹത്തിന് ഏറെ ബുദ്ധിമുട്ടുകൾ വരുത്തിവെക്കുകയാണുണ്ടായത്. നാഗാലാന്റിൽ നാട്ടുനടപ്പനുസരിച്ച് ഭൂമി, അനന്തരാവകാശം, സ്വത്തുക്കൾ തുടങ്ങിയവയ്ക്കൊന്നും സ്ത്രീക്ക് അർഹതയില്ല. ചുരുക്കം സ്ത്രീകൾ ഭൂമി കൈവശപ്പെടുത്താൻ ശ്രമിച്ചപ്പോൾ അവരെ ദുർമന്ത്രവാദികളും മറ്റുമായി മുദ്രകുത്തുകയാണ് സമൂഹം ചെയ്തത്. അവരെ കുറ്റവാളികളെപ്പോലെയാണ് ഗോത്രവർഗ സമൂഹങ്ങൾ പരിഗണിക്കുന്നത്. ഇത്തരം സ്ത്രീകൾ മാനസികമായും ശാരീരികമായും പീഡിപ്പിക്കപ്പെടുന്നു. ചില സ്ത്രീകളെയെങ്കിലും ജീവനോടെ കുഴിച്ചുമൂടപ്പെട്ടതിനും ചുട്ടുകൊന്നതിനും എത്രയോ ഉദാഹരണങ്ങൾ നിരത്താൻ കഴിയും. ഗോൽപാറ, ബോൾനൈഗൺ, കൊക്രജാർ, നൽബാറി, ദുബ്‌റി ജില്ലകളിൽനിന്ന് ദുർമന്ത്രവാദിനി വേട്ടയുടെ ധാരാളം റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. സമുദായത്തിലെ ശക്തരായ അംഗങ്ങളുടെ വ്യക്തി വിരോധവും അന്ധ വിശ്വാസങ്ങളുടെ ആധിക്യവുമാണ് ഈ മന്ത്രവാദിനി വേട്ടയ്ക്ക് കാരണങ്ങൾ.

## രേഖരഹിത ഭൂമി

നാഗാലാന്റ്, അരുണാചൽ പ്രദേശ്, മിസോറാം, മേഘാലയ, മണിപ്പൂരിലെ മലമ്പ്രദേശങ്ങൾ, അസ



മിലെ ഗോത്രവർഗ പ്രദേശങ്ങൾ എന്നിവിടങ്ങളിലെ വലിയൊരു അളവ് ഭൂമിക്കും യാതൊരുവിധ രേഖകളുമില്ല. സർക്കാറിലേക്ക് നികുതിയിനത്തിൽ യാതൊന്നും ഇത്തരം ഭൂമിയിൽ നിന്ന് ലഭിക്കുന്നുമില്ല. രേഖകളില്ലാത്ത ഭൂമിയിൽ താമസിക്കുന്നവർ ഒരു തരത്തിലും സുരക്ഷിതരല്ല. മനഃസമാധാനത്തോടെ അവർക്ക് ജീവിക്കാൻ സാധ്യമല്ല. ഒരു ചെറു സംഘത്തിന്റെ കരങ്ങളിൽ വലിയ അളവ് ഭൂമി ഒതുങ്ങിക്കൂടിയതിനാൽ പാവങ്ങൾക്ക് ഈ ഭൂമികൊണ്ട് പ്രയോജനം ലഭിക്കാത്ത അവസ്ഥയാണുള്ളത്. ഇവർക്കിടയിലെ വരേണ്യവർഗം സർക്കാർ ഫണ്ടുകൾ മുഴുവൻ കൈക്കലാക്കുന്നതിന്റെ ഫലമായി പാവങ്ങൾ അനുദിനം കൂടുതൽ ദുരിതത്തിലേക്ക് വഴുതി വീഴുകയാണ്. ദരിദ്രർ കൂടുതൽ കൂടുതൽ ദരിദ്രരായി മാറുന്നു. സ്വകാര്യ വത്ക്കരണം ഗോത്ര വിഭാഗങ്ങളുടെ വളർച്ച പിന്നോട്ടടിക്കുകയാണ് ചെയ്തത്.

## ഫണ്ട് വിനിമയത്തിലെ ക്രമക്കേടുകൾ

ജില്ലാ സമിതികൾക്ക് സ്വയംഭരണാവകാശമുണ്ടെങ്കിലും ഈ രംഗത്തെ പ്രശ്നങ്ങൾക്ക് അടിസ്ഥാനപരമായ ഒരു കാരണം ഫണ്ടിന്റെ അപര്യപ്തത തന്നെയാണ്. ഇതിനെ മറികടക്കാൻ കേന്ദ്രസർക്കാർ പ്രത്യേക ഫണ്ട് അനുവദിച്ചുകൊണ്ടും മറ്റും ശ്രമങ്ങൾ നടത്തിയെങ്കിലും അതൊന്നും ഫലപ്രാപ്തിയിൽ എത്തിയിട്ടില്ല. ബജറ്റിൽ കേന്ദ്രമന്ത്രാലയങ്ങളുടെ ഫണ്ടിൽ നിന്ന് 10 ശതമാനം നീക്കിവെക്കുകയും ഒപ്പം മറ്റു ചില ഫണ്ടുകൾ കൂടി ഈ രംഗത്തേക്ക് അനുവദിച്ചുവെങ്കിലും വടക്കു കിഴക്കൻ ഗോത്രവർഗ സംസ്ഥാനങ്ങൾക്ക് നൽകുന്ന സർക്കാർ ഫണ്ട് പര്യാപ്തമെന്ന് പറയാൻ കഴിയില്ല.

സംസ്ഥാനങ്ങൾക്ക് ശരിയായ പ്രെപ്പോസലുകൾ സമർപ്പിക്കാൻ കഴിയുന്നില്ല എന്നതും വികസനം സംബന്ധിച്ച് ശരിയായ ആസൂത്രണം നടക്കുന്നില്ല എന്നതും വടക്കു കിഴക്കൻ സംസ്ഥാനങ്ങൾക്ക് ലഭിക്കുന്ന ഫണ്ടുകളുടെ അപര്യാപ്തതക്ക് കാരണങ്ങളായി നമുക്ക് ചൂണ്ടിക്കാണിക്കാൻ കഴിയും. ഫണ്ടിന്റെ ചെലവ് സംബന്ധിച്ച് പാകപ്പിഴവുകളും ക്രമക്കേടുകളും വരുന്നു എന്നത് വികസന രംഗത്ത് കാര്യങ്ങൾ നാമുദ്ദേശിക്കുന്ന രൂപത്തിൽ മുന്നോട്ടു പോകാത്തതിന്റെ മറ്റൊരു കാരണമാണ്.

ശരിയായ ആസൂത്രണമില്ലായ്മയുടെയും നടപടിക്രമങ്ങളുടെ നൂലാമാലകളുടേയും ഫലമായി പല പദ്ധതികളും പാതിവഴിയിൽ നിലച്ചുപോകുന്ന അവസ്ഥയാണുള്ളത്. സർക്കാരിന്റെ ഫണ്ടുകൾ ശരിയായ രൂപത്തിൽ ഉപയോഗപ്പെടുത്താൻ കഴിയാത്തതിന്റെ കാരണങ്ങൾ ഇനിയും പലതുണ്ട്. ഉപയോഗ സർട്ടിഫിക്കറ്റുകൾ സമർപ്പിക്കാതിരിക്കൽ, സംസ്ഥാനതല കമ്മിറ്റി യോഗം ചേരാനുള്ള കാലതാമസം തുടങ്ങിയവ അവയിൽ ചിലതാണ്. ഒരേ സമയം വ്യത്യസ്ത നടപടികൾ കാര്യക്ഷമമായി നടപ്പാക്കുകയും ഫീൽഡ് ഉദ്യോഗസ്ഥരെ സമയബന്ധിതമായി നിയമിക്കുകയും മറ്റു നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുകയും ചെയ്യുകയാണങ്കിൽ സർക്കാർ ഫണ്ടുകൾ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയും.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (NREGA) ഫണ്ടുകൾ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയാത്തതിന്റെ കാരണം ഇത് സമർപ്പിക്കുന്നത് ഓൺലൈൻ സംവിധാനത്തിലൂടെയാണ് എന്നതാവാം.വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ ഓൺലൈൻ സംവിധാനങ്ങൾ വേണ്ടത്ര ഫലം കാണുന്നില്ല എന്നത് നിർഭാഗ്യകരമായൊരു വസ്തുതയാണ്.

## ആസൂത്രണ വകുപ്പുകളുടെ ശാക്തീകരണം

സംസ്ഥാന സർക്കാർ അവരുടെ ആസൂത്രണ

വകുപ്പുകളെ കാര്യക്ഷമമാക്കുകയാണെങ്കിൽ ഫണ്ട് ലഭ്യതയുടെ കാലതാമസം ഒഴിവാക്കാനും പദ്ധതികൾ ശരിയായ രൂപത്തിൽ പൂർത്തീകരിക്കാനും കഴിയും. സംസ്ഥാന ആസൂത്രണ ബോർഡുകൾ ശക്തമല്ല എന്നതാണ് പലപ്പോഴും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത്. സംസ്ഥാനത്തിന്റെ ബഹുമുഖ സുസ്ഥിരവികസനത്തെക്കുറിച്ച് ശരിയായ അവബോധമുണ്ടാകുകയും ദീർഘകാലപദ്ധതികളെകുറിച്ച് ശരിയായ ചട്ടക്കൂട്ടിൽ നിന്നുകൊണ്ട് പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും ചെയ്യുകയാണങ്കിൽ വികസന മുരടിപ്പിന് ഒരു പരിധിവരെ തടയിടാനാകും. ആസൂത്രണ വകുപ്പ്, വാർഷിക പഞ്ചവത്സര പദ്ധതികൾ എന്നിവയിലൂടെ ശരിയായ രൂപത്തിലും കാഴ്ചപ്പാടോടു കൂടിയും മുന്നോട്ടു പോകുമ്പോൾ മാത്രമേ വികസനം സാധ്യമാകുകയുള്ളൂ.

## മറ്റു വിഷയങ്ങൾ

താഴ്ന്ന ആളോഹരി വരുമാനം, സ്വകാര്യ നിക്ഷേപത്തിന്റെ അഭാവം, അപര്യാപ്തമായ അടിസ്ഥാന സൗകര്യങ്ങൾ, ഒറ്റപ്പെട്ടതും വിദൂരവുമായ ഭൂപ്രദേശങ്ങൾ, ആശയവിനിമയത്തിന്റെ കുറവ്, അപര്യാപ്തമായ റോഡ്, റെയിൽ, വിമാന മാർഗങ്ങളുടെ അപര്യാപ്തത തുടങ്ങിയ നിരവധി പ്രശ്നങ്ങളാണ് സിക്കിമിനെ ഒഴിച്ചു നിർത്തിയാൽ ഗോത്രവർഗ മേഖല എന്നു മാത്രമല്ല വടക്കു കിഴക്കൻ സംസ്ഥാനങ്ങൾ ഒട്ടാകെ മുഴുവനായും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ.

വികസനത്തിനെതിരെ പലപ്പോഴും വില്ലനായി നിൽക്കുന്നത് ഊർജ്ജ പ്രതിസന്ധിയാണ്. ജലവൈദ്യുത പദ്ധതികൾ, മറ്റു നവീന ഊർജ്ജ സ്രോതസുകൾ തുടങ്ങിയവയിലൂടെ ഊർജരംഗം വിപുലപെടുത്തേണ്ടതുണ്ട്. കേന്ദ്രത്തിലെ ഭരണ സംവിധാനത്തിന്റെ തണലിൽ മാത്രമേ ഈ മേഖലയുടെ സമഗ്രവികസനം സാധ്യമാവൂ.

വടക്കുകിഴക്കൻ മേഖലയിലെ മൊത്തം നിക്ഷേപം വർധിപ്പിക്കാൻ സംസ്ഥാന സർക്കാർ കുറെ കൂടി മെച്ചപ്പെട്ട ഭരണ നിർവഹണ സംവിധാനം കാഴ്ച വെക്കേണ്ടതുണ്ട്. വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലെ പദ്ധതി ചെലവുകൾ വർധിക്കുകയും ആഭ്യന്തര വരുമാനം കുറയുകയും ചെയ്യുന്നു എന്നതാണ് ഈ രംഗത്തെ വലിയ പ്രതിസന്ധി. ഈ മേഖലയിലെ ഫണ്ടിന്റെ കാര്യത്തിൽ കേന്ദ്രസർക്കാർ ഉദാര സമീപനം സ്വീകരിക്കുന്നുണ്ടെങ്കിലും ഈ മേഖലയിലെ പദ്ധതി വിഹിതം അപര്യാപ്തമായിത്തന്നെ ഇപ്പോഴും തുടരുന്നു. ഉദാഹരണത്തിന് 2014-2015ൽ അസമിന്റെ ആളോഹരി പദ്ധതി വിഹിതം 5775 രൂപയാണ്. എന്നാൽ ഏറെക്കുറെ സമാന ജനസംഖ്യയുള്ള ഛത്തിസ്ഗഡിലേക്കുള്ള ആളോഹരി പദ്ധതി വിഹിതം 12,807 രൂപയായിരുന്നു.

ആസൂത്രണം കാര്യക്ഷമമാക്കുകയും സർക്കാർ ഉദ്യോഗസ്ഥരുടെ പ്രവത്തന ശേഷി വർധിപ്പികുകയും അവരെ ഉത്തരവാദിത്ത ബോധമുള്ളവരാക്കാൻ ശ്രമിക്കുകയും ചെയ്യേണ്ടത് ഈ മേഖലയെ പുഷ്ടിപെടുത്താൻ അനിവാര്യമാണ്. പലപ്പോഴും സ്വന്തം വീഴ്ച മറച്ചുവെയ്ക്കാൻ സർക്കാർ ഉദ്യോഗസ്ഥർ നൽകുന്ന വിവരങ്ങൾ സത്യവിരുദ്ധമായിരിക്കും. ഉദാഹരണത്തിന് സംസ്ഥാന സർക്കാരുകളുടെ കണക്കുകൾ പ്രകാരം വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ പോഷകഹാരക്കുറവുള്ള കുട്ടികൾ ഒരുശതമാനത്തിലും താഴെയാണ്. എന്നാൽ യുനിസെഫിന്റെ ((UNICEF) റിപ്പോർട്ട് പ്രകാരം മണിപ്പൂരിൽ 3.5 ശതമാനവും ത്രിപുര, മേഘാലയ സംസ്ഥാനങ്ങളിൽ 16 ശതമാനവും പോഷകാഹാരക്കുറവുള്ള കുട്ടികൾ ഉണ്ട്. ഈ രണ്ട് കണക്കുകൾ തമ്മിലുള്ള അന്തരം അധികാരികൾ പരിശോധിക്കുകയും കാരണങ്ങൾ കണ്ടെത്തുന്നതിന് ഫലപ്രദമായ സംവിധാനങ്ങൾ ഉണ്ടാക്കേണ്ടതുമാണ്.

വടക്കു കിഴക്കൻ സംസ്ഥാനങ്ങളുടെ സമഗ്ര പുരോഗതി സാധ്യമാക്കാനും രാജ്യത്തിന്റെ വളർച്ചയും ഗോത്രവർഗ സമൂഹത്തിന്റെ വളർച്ചയും തമ്മിലുള്ള ഭീമമായ വിടവ് നികത്താനും ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. സമ്പത്തിന്റെ ലഭ്യത കൊണ്ട് മാത്രം പ്രശ്നങ്ങൾ തീരുന്നില്ല. ഭരണ സാമൂഹിക രംഗത്ത് പുത്തനുണർവ് ദൃശ്യമാകണം. ജനങ്ങളും സർക്കാരുകളും തമ്മിൽ വ്യക്തമായ ധാരണയുടെ അടിസ്ഥാനത്തിൽ ഉറച്ച ബന്ധമുണ്ടാവണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വളർച്ചയും ജനാധിപത്യവത്കരണവുമാണ് ഏറ്റവും പ്രധാനമായിട്ടുള്ളത്.

*(ആസൂത്രണ കമ്മീഷൻ
മുൻ സെക്രട്ടറിയാണ് ലേഖകൻ)*



# ജൈവവൈവിധ്യം വടക്കുകിഴക്കൻ താഴ്‌വരകളിൽ

ഡോ. അരൂപ് കുമാർ മിശ്ര

രാഷ്ട്രങ്ങളിലേയും വിവിധ ആവാസ മേഖലകളിലേയും ജൈവവൈവിധ്യത്തിന്റെ തോതനുസരിച്ചു വിദഗ്ധർ ജൈവലോകത്തെ പലവിധമായി തരംതിരിച്ചിട്ടുണ്ട്. ഈ പട്ടികയിൽ വിവിധങ്ങളായ അപൂർവയിനം സസ്യലതാദികളും ജീവികളും കാണാൻ കഴിയുന്ന 12 'മെഗാ ഡൈവേഴ്സിറ്റി' രാഷ്ട്രങ്ങളുണ്ട്. ബ്രസീൽ, കൊളംബിയ, ചൈന, മെക്സിക്കോ, ദക്ഷിണാഫ്രിക്ക, റഷ്യൻ കോൺഫെഡറേഷൻ, ഇന്തോനേഷ്യ, വെനസ്വേല, യു.എസ്.എ., ഇക്വഡോർ, ഓസ്ട്രേലിയ തുടങ്ങിയ രാഷ്ട്രങ്ങൾക്കൊപ്പം ഇന്ത്യയും ഈ പട്ടികയിലെ ഒരു പ്രമുഖ അംഗമാണ്. വ്യത്യസ്ത രീതിയിലുള്ള ഭൂപ്രകൃതിയും കാലാവസ്ഥയും കാണപ്പെടുന്ന ഇന്ത്യയിൽ ജൈവവൈവിധ്യത്തെക്കുറിച്ചു പഠിക്കാനുള്ള സാധ്യതകൾ ഏറെയാണ്. മഞ്ഞുമൂടിയ ഹിമാലയം മുതൽ സമുദ്രനിരപ്പിലുള്ള സമതലപ്രദേശങ്ങൾ വരെയും ദ്വീപസമൂഹങ്ങളും ഉഷ്ണമേഖലാ മഴക്കാടുകളും മുതൽ ചുട്ടുപൊള്ളുന്ന മരുഭൂമികളും എക്കൽ തടങ്ങളും വരെയും ഉൾപ്പെടുന്ന ഏറെക്കുറെ എല്ലാ വൈവിധ്യങ്ങളും ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ കാണാം.

ആവാസവ്യവസ്ഥയുമായി ബന്ധപ്പെട്ട ജൈവവൈവിധ്യം ദർശിക്കാവുന്ന വടക്കുകിഴക്കൻ മേഖലയിലാണ് ഇക്കാര്യത്തിൽ ഏറ്റവും ശ്രദ്ധേയമായ ബഹുവർണചിത്രം കാണാൻ കഴിയുക. ആസാം, അരുണാചൽ പ്രദേശ്, മേഘാലയ, മണിപ്പൂർ, മിസോറാം, നാഗാലാന്റ്, ത്രിപുര, സിക്കിം എന്നീ സംസ്ഥാനങ്ങൾ ഉൾപ്പെടുന്ന ഈ മേഖല ഫലത്തിൽ ലോകത്തിലെ മൂന്നു പ്രമുഖ ജൈവ-ഭൂമിശാസ്ത്ര മണ്ഡലങ്ങളായ ഇൻഡോ-മലയൻ, ഇൻഡോ-ചൈനീസ്, ഇന്ത്യൻ എന്നിവയിൽ ഒന്നാണ്. കാലാവസ്ഥയും മണ്ണിന്റെ സ്വഭാവവും സമുദ്രനിരപ്പിൽനിന്നുള്ള ഉയരവും നിമിത്തം ജൈവ-ജന്തു വൈവിധ്യത്തിന്റെ പേരിൽ ആഗോള ശ്രദ്ധ ലഭിക്കുന്ന മേഖലയാണിത്. വടക്കുകിഴക്കൻ സംസ്ഥാനങ്ങളുടെ ഏതാണ്ട് 70 ശതമാനം പ്രദേശം കുന്നുകളും മലകളുമാണ്. ബാക്കിയുള്ള 30 ശതമാനം പ്രദേശങ്ങളാകട്ടെ, ബ്രഹ്മപുത്ര, ബാരക് താഴ്‌വരകളാണ്. ഈ പ്രദേശങ്ങളിലെല്ലാം നമ്മെ അദ്ഭുതപ്പെടുത്തുംവിധമുള്ള ജൈവവൈവിധ്യമാണുള്ളത്.

## ബ്രഹ്മപുത്ര നദീതടത്തിലെ ജൈവവൈവിധ്യം

ഓറിയന്റൽ, ഏഷ്യാറ്റിക് സൂ-ജിയോഗ്രഫിക്കൽ മേഖലകളുടെ തുടർച്ചയായി കാണപ്പെടുന്ന ബ്രഹ്മപുത്ര നദീതടം ഉഷ്ണമേഖലാ മഴക്കാടുകൾകൊണ്ടും ഇലപൊഴിയും കാടുകൾ കൊണ്ടും നദീതീര പുൽപ്രദേശങ്ങൾകൊണ്ടും മുളങ്കാടുകൾകൊണ്ടും ചതുപ്പുനിലംകൊണ്ടും സവിശേഷതയാർന്നതാണ്. ഇന്ത്യയിലെ പ്രധാന നദികളിൽ ഒന്നായ ബ്രഹ്മപുത്ര, ഹിമാലയൻ തടങ്ങളിൽനിന്ന് ഉത്ഭവിച്ച് ടിബെറ്റിലൂടെയും ഇന്ത്യയിലൂടെയുമായി 2880 കിലോമീറ്റർ ഒഴുകി ബംഗ്ലാദേശിലെത്തി കടലിൽ ചേരുന്നു. അതിന്റെ വീതി കൗതുകകരമാണ്. അപ്പർ ആസാമിൽ ദിബ്രുഗഢിനു സമീപം 16 കിലോമീറ്റർ വീതിയുണ്ട്. എന്നാൽ, ലോവർ ആസാമിൽ ഗോഹട്ടിക്ക് സമീപം കേവലം 1.2 കിലോമീറ്ററാണു വീതി. ഹിമക്കട്ടകൾ ഉരുകിയൊഴുകുന്ന വെള്ളമാണു ബ്രഹ്മപുത്രയിലേറെയും. ഏറ്റവും കൂടുതൽ എക്കൽശേഖര (852t/km$^2$/y) മുള്ള നദിയും ഇതു തന്നെ. ആമസോൺ കഴിഞ്ഞാൽ അഴിമുഖ പ്രദേശത്ത് ഏറ്റവും കൂടുതൽ വെള്ളമൊഴുകി എത്തുന്ന നദിയുമാണ് ബ്രഹ്മപുത്ര.

56,33,900 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ഏറ്റവും വലിയ എക്കൽതടമായിരുന്നു ബ്രഹ്മപുത്ര താഴ്‌വര. പക്ഷേ, കാലങ്ങളായുള്ള വ്യാപകമായ വനനശീകരണം നിമിത്തം തീരപ്രദേശത്തെ എക്കൽത്തടത്തിൽ നല്ലൊരു പങ്ക് ഒലിച്ചുപോയി. വടക്കൻ മലമ്പ്രദേശങ്ങളും തെക്ക്, വടക്ക് സമതലങ്ങളും വെള്ളപ്പൊക്കത്താൽ രൂപപ്പെട്ട തടങ്ങളും നദീതീരവും തെക്കൻ മലമ്പ്രദേശങ്ങളും ജൈവവൈവിധ്യത്തിന്റെ അത്യപൂർവമായ കേന്ദ്രമാണ്. ആസാമിന്റെ ജൈവവൈവിധ്യം ഏറ്റവും കൂടുതൽ ദൃശ്യമാകുക കാസിരംഗ, മനസ്, ദിബ്രു-സൈഖോവ, ഒറാങ്, നമേരി എന്നീ അഞ്ചു നാഷണൽ പാർക്കുകളിലാണ്. ഇതിൽ ആദ്യത്തെ രണ്ടെണ്ണം യുനെസ്കോയുടെ വേൾഡ് ഹെറിറ്റേജ് സൈറ്റുകൾകൂടിയാണ്. പോബിത്തോറ, ഗരംപാനി, ഗിബ്ബോൻ, ബുരസോപ്രി, ചക്രശില, സോനൈ-രൂപൈ, ബൊർനോഡി, ലവോഖോവ, ജോയ്ദിഹിങ്, പനിദിഹിങ് തുടങ്ങിയ വന്യജീവിസങ്കേതങ്ങൾ ആകർഷകമായ ജന്തുജീവികളുടെയും ദേശാടനപ്പറവകളുടെയും വാസസ്ഥലമാണ്. അപൂർവമായ, ഒറ്റക്കൊമ്പുള്ള കാണ്ടാമൃഗം, റോയൽ ബംഗാൾ കടുവ, കാട്ടിൽ വളരുന്ന എരുമ, പൊൻമാൻ, വിവിധയിനം പക്ഷികൾ തുടങ്ങി അപൂർവയിനം ജീവ ജാലങ്ങളാണ് കാസിരംഗയിലുള്ളത്. വംശനാശഭീഷണി നേരിടുന്ന ഗോൾഡൻ ലാംഗുർ, പിഗ്മി ഹോഗ്, ഹൂലക്ക് ഗിബ്ബൺ, പല ജാതി ഫ്ളോറിക്കനുകൾ, പാരറ്റ് ബില്ലുകൾ, ഫിഷിങ് ഈഗിൾ തുടങ്ങി വംശനാശ ഭീഷണി നേരിടുന്ന പല ജന്തുജാലങ്ങളുടെയും സാന്നിധ്യമുള്ള മാനസ് ഇന്ത്യയിലെ തന്നെ ഇത്തരം കേന്ദ്രങ്ങളിൽ പ്രധാനപ്പെട്ടതാണ്. ഇന്ത്യയെയും ഭൂട്ടാനെയും വേർതിരിക്കുന്ന മാനസ് നദിയിൽ ഗാൻജെറ്റിക് ഡോൾഫിനുകൾ ഇപ്പോഴുമുണ്ട്. വെള്ളച്ചിറകുകളോടുകൂടിയ വുഡ് ഡക്കുകളുള്ള ഏക സ്ഥലമെന്ന് അന്താരാഷ്ട്ര ഖ്യാതിയുള്ള സ്ഥലമാണു നമേരി. താഴ്‌വരയിൽ ജനവാസമില്ലാത്തതും സംരക്ഷിക്കപ്പെട്ടതുമായ പ്രദേശങ്ങളിൽ പ്രകൃതിയുടെ പല അദ്ഭുതങ്ങളും കാണാൻ സാധിക്കും. ഗുവഹത്തി നഗരപരിധിയിലുള്ള ദീപോർ ബീൽ സങ്കേതം തലയിൽ വെളുപ്പുനിറമുള്ള റെഡ്സ്റ്റാർ, ഫോക്ക്ടെയ്ൽ, കോർമറന്റ്, റഡ്ഡി ഷെൽഡക്ക്, ഐബിസ് തുടങ്ങിയ ദേശാടനപക്ഷികളുടെ വിഹാരകേന്ദ്രമാണ്.

തടികൂടിയ മരങ്ങളും മുളകളുമായി സമ്പന്നമായ വനങ്ങൾ ആസാമിലുണ്ടായിരുന്നു. ആസൂത്രിതമല്ലാതെ വനവിഭവങ്ങൾ ചൂഷണം ചെയ്തതും കലാപങ്ങളും നിമിത്തം വനസമ്പത്തു വൻതോതിൽ നഷ്ടമായി. ഇതേത്തുടർന്ന് തൊണ്ണൂറുകളിൽ മരങ്ങൾ മുറിക്കുന്നതു സുപ്രീം കോടതി നിരോധിച്ചിരുന്നു. തഴച്ചുവളർന്നിരുന്ന നൂറുകണക്കിനു പ്ലൈവുഡ് വ്യവസായങ്ങൾക്ക് അസംസ്കൃതവസ്തു കിട്ടാതായതോടെ ഈ പ്രശ്നം രണ്ടു ദശാബ്ദത്തിലേറെയായി ആസാമിന്റെ സമ്പദ്‌വ്യവസ്ഥയ്ക്കു തിരിച്ചടിയായി നിലകൊള്ളുകയാണ്. സാൽവൃക്ഷ വനങ്ങൾക്കും അപൂർവമായ ഓർക്കിഡുകൾക്കും വിവിധയിനം മുളകൾക്കും കായ്ക്കുന്നതും അല്ലാത്തതുമായ മരങ്ങൾക്കും പ്രശസ്തമാണ് ആസാം താഴ്‌വരകൾ. മുള, നഹർ, ബകുൽ, ചാം, മാവ് തുടങ്ങിയവയും താന്നിയുമൊക്കെ ചേർന്ന് ഇവിടെ നിത്യഹരിതവനം സൃഷ്ടിക്കുന്നു. അതേസമയം, താഴ്ന്ന പ്രദേശമായ ബ്രഹ്മപുത്ര നദീതടത്തിൽ സാവന്ന വിഭാഗത്തിൽപ്പെട്ട നീളമുള്ള പുൽച്ചെടികളാണു കൂടുതലുള്ളത്.

## ബറാക് താഴ്‌വരയിലെ ജൈവവൈവിധ്യം

കച്ചാർ, കരീംഗഞ്ച്, ഹൈലകണ്ടി എന്നീ മൂന്നു ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന ബറാക് താഴ്‌വര സമ്പന്നമായ ജൈവവൈവിധ്യത്തോടുകൂടിയ ഇൻഡോ-ബർമൻ കേന്ദ്രത്തിന്റെ ഭാഗമാണ്. ബ്രഹ്മപുത്ര നദീതടം പോലെ സസ്യ, ജന്തുജാലങ്ങളുടെ വളർച്ചയ്ക്ക് അനുകൂലമായ സാഹചര്യങ്ങളുള്ള എക്കൽത്തടമാണ് ബറാക്. ചെടികൾ തഴച്ചുവരുന്ന ഈ പ്രദേശത്ത് ബ്രഹ്മപുത്രയുടെ താഴ്‌വരയിലെന്ന പോലെ ഒട്ടേറെ തേയിലത്തോട്ടങ്ങളുണ്ട്. 6962 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുണ്ട്, ഈ താഴ്‌വരയ്ക്ക്. ടിലാസ് എന്നു പേരുള്ള നൂറു മീറ്ററിൽ താഴെ മാത്രം പൊക്കമുള്ള ചെറുകുന്നുകൾ ഇവിടെ ഏറെയുണ്ട്. താഴ്‌വരയുടെ മധ്യഭാഗത്തായി ചിലയിടങ്ങളിൽ ചതുപ്പുനിലവും ചെറു കുളങ്ങളുമുണ്ട്. പ്രധാന നദിയായ ബറാക് എന്ന പോലെ അതിന്റെ പോഷകനദികളായ ജിറി, മധുര, ഡാടിംഗ, ലറാങ്, സോനായ്, റുക്നി, ഘാഗ്ര, ധാലേശ്വരി, കടാഖൽ തുടങ്ങിയവയും ദക്ഷിണ ആസാമിലെ ജൈവവൈവിധ്യത്തിനു നീരേകുന്നു. ബറാക് നദിയുടെ ഇരു കരകളിലുമുള്ള ഓക്സ്-ബോ

തടാകങ്ങൾ ഏറെ ശ്രദ്ധേയമാണ്. ബറാക് താഴ്വരയിൽ നിത്യഹരിത വനവും അർധ നിത്യഹരിത വനവും ഇലപൊഴിയും വൃക്ഷങ്ങളുള്ള വനവും കുറ്റിച്ചെടിക്കൂട്ടങ്ങളും നശിപ്പിക്കപ്പെട്ട വനങ്ങളും കൃഷിസ്ഥലവും തേയിലത്തോട്ടങ്ങളുമുണ്ട്. ഇവിടെ 14 സംരക്ഷിതവനങ്ങളും ബരെയ്ൽ വന്യജീവി സങ്കേതവുമുണ്ട്. ധാലേശ്വരി എന്ന മറ്റൊരു വന്യജീവി സങ്കേതമാകട്ടെ അംഗീകാരം കാത്തുകിടക്കുകയാണ്. കടുവ, ആന, ലാംഗുർ, ഹൂലക്ക് ഗിബൺ എന്നീ മൃഗങ്ങൾ ഈ കാടുകളിലും മലമ്പ്രദേശങ്ങളിലുമുണ്ട്.



*മേഘാലയിലെ മരത്തിന്റെ വേരുകൾ കൊണ്ടുള്ള പാലം*
*(Root bridge)*

ജനപ്പെരുപ്പവും മനുഷ്യന്റെ ഇടപെടലും ബറാക് താഴ്വരയിലെ ജന്തുജീവിജാലങ്ങളുടെ നാശത്തിനു കാരണമാകുന്നുണ്ട്. ഈ മേഖലയിലെ പ്രശസ്തമായ ഏഷ്യൻ ആനയ്ക്ക് ഏറെക്കുറെ വംശനാശം സംഭവിച്ചുകഴിഞ്ഞു. ഒരു കാലത്തു പലയിടങ്ങളിലും യഥേഷ്ടം കാണപ്പെട്ടിരുന്ന ഫായറേസ് ലീഫ് മങ്കി, പിഗ് ടെയ്ൽഡ് മക്കാകി, സ്റ്റംപ് ടെയ്ൽഡ് മക്കാകി, മാസ്ക്ഡ് ഫിൻഫൂട്ട് തുടങ്ങിയ ജീവികൾ ഇപ്പോഴും വംശനാശ ഭീഷണിയിലാണ്. ആവാസവ്യവസ്ഥ തകർക്കപ്പെടുന്നതു നിമിത്തമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ ബ്രഹ്മപുത്ര താഴ്വരയ്ക്കു സമാനമായി ബറാക് താഴ്വരയിലുമുണ്ട്.

## മജൂലി ദ്വീപിലെ ജൈവവൈവിധ്യം

ഒന്നര ലക്ഷം വരുന്ന ജനസമൂഹത്തിനു താങ്ങായി നിന്നിരുന്ന മജൂലി ദ്വീപ് 1250 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ളതും ഒരുകാലത്ത് ലോകത്തിലെ ഏറ്റവും വലിയ നദീജന്യ ദ്വീപുമായിരുന്നു. പക്ഷേ തീരം ഇടിഞ്ഞതും മറ്റും നിമിത്തം, ആസാമിലെ വൈഷ്ണവാരാധനയുടേയും സാംസ്കാരിക പൈതൃകത്തിന്റെയും പ്രമുഖ കേന്ദ്രമായ ഈ പ്രദേശത്തിനു 16ാം നൂറ്റാണ്ടു മുതൽ ഉണ്ടായിരുന്നുവെന്നു കരുതിപ്പോരുന്ന പ്രൗഢിയും കീർത്തിയും നഷ്ടമായി. ഇപ്പോൾ 425 ചതുരശ്ര കിലോമീറ്റർ പ്രദേശം മാത്രമേ ബാക്കിയുള്ളൂ.

പ്രധാന നദികളായ വടക്കൻമേഖലയിലെ ഖേർസൂതി, സുബാൻസിരി എന്നിവയും തെക്കുള്ള ബ്രഹ്മപുത്രയും മജൂലിക്ക് അലങ്കാരമായി നിലകൊള്ളുന്നു. ചെറുതും വലുതുമായ 155 ചതുപ്പുനിലങ്ങൾ മജൂലിയുമായി ചേരുന്നുണ്ട്. എത്രയോ ഇനം കൊക്കുകൾ, ഞാറപ്പക്ഷി, കൊറ്റി, ചൂളംവിളിക്കുന്ന എരണ്ട തുടങ്ങിയ പക്ഷികളുള്ള ഇവിടം പക്ഷിനിരീക്ഷകരുടെ പറുദീസയാണ്. വംശനാശ ഭീഷണി നേരിടുന്ന ബാഡിസ് ബാഡിസ്, ചാക ചാക, ഓാംപോക് പാബോ, ചന്ന ബാർക്ക, ടോർടോർ, ചിതല ചിതല തുടങ്ങിയ മൽസ്യങ്ങളും ഈ ദ്വീപപ്രദേശത്തു കണ്ടുവരുന്നു.

നെൽകൃഷിക്ക് അനുയോജ്യമായ പ്രദേശമാണിത്. ഒരുവിധത്തിലുമുള്ള രാസവളങ്ങളോ കീടനാശിനികളോ പ്രയോഗിക്കാതെ നൂറിലധം നെല്ലിനങ്ങൾ ഇവിടെ കൃഷി ചെയ്യപ്പെടുന്നുണ്ട്. സ്വദേശികളും വിദേശികളുമായ എത്രയോ വിനോദസഞ്ചാരികൾ ഇവിടം സന്ദർശിക്കാനെത്തുന്നു. 250ലധികം ഇനം പക്ഷികൾ ഇവിടെയുണ്ടെന്നു പക്ഷിനിരീക്ഷകർ കണ്ടെത്തിയിട്ടുണ്ട്. സ്പോട്ട് ബിൽഡ് പെലിക്കൺ, ലെസ്സർ അഡ്ജുടന്റ്, ഗ്രെയ്റ്റർ അഡ്ജുടന്റ്, ബംഗാൾ ഫ്ളോറിക്കൻ, വൈറ്റ് ബാക്ക്ഡ് വൾച്ചർ, സ്ലെൻഡർ ബിൽഡ് വൾച്ചർ, പാല്ലാസ് ഫിഷ് ഈഗിൽ തുടങ്ങിയവയെ ഇവിടെ കണ്ടുവരുന്നുണ്ട്.

*(ആസാം ശാസ്ത്ര, സാങ്കേതിക, പരിസ്ഥിതി കൗൺസിൽ ഡയറക്ടറാണ് ലേഖകൻ)*

# വടക്കു കിഴക്കൻ മേഖലയിലെ വൈദ്യുതീകരണം

കെ. രാമനാഥൻ

ലോകത്തെവിടെയും സാമൂഹ്യ സാമ്പത്തിക വികസനത്തിനു ഫലപ്രദമായ വൈദ്യുതി മേഖല നിർണായകമാണ്. ഇന്ത്യയുടെ വടക്കുകിഴക്കൻ മേഖലയെ സംബന്ധിച്ചിടത്തോളം ഇതു വളരെ പ്രസക്തവുമാണ്. ആളോഹരി വരുമാനം, ആളോഹരി വൈദ്യുതി ഉപഭോഗം, വ്യവസായവത്കരണം തുടങ്ങിയ പല സാമൂഹ്യ-സാമ്പത്തിക വികസന വളർച്ചാ സൂചികകൾ പരിശോധിച്ചാൽ വടക്കു കിഴക്കൻ മേഖല രാജ്യത്തിന്റെ മറ്റു ഭാഗങ്ങളെ അപേക്ഷിച്ചു വളരെ പിന്നിലാണെന്നു കാണാം.

സിക്കിം ഒഴികെ ഈ മേഖലയിലെ മറ്റെല്ലാ സംസ്ഥാനങ്ങളും രൂക്ഷമായ വൈദ്യുതി ദൗർലഭ്യം അനുഭവിക്കുന്നുണ്ട്. ഇതാവട്ടെ ദേശീയ ശരാശരിയേക്കാൾ വളരെ ഉയർന്ന തോതിലാണുതാനും. ഈ മേഖലയിലെ സമൃദ്ധമായ ജലവൈദ്യുതിയും പുനരുപയോഗ ഇന്ധന സ്രോതസും കണക്കിലെടുത്താൽ ഇക്കാര്യം വിരോധാഭാസമായി കണ്ടേക്കും. ഉയർന്ന സാക്ഷരതയുള്ള ഈ സംസ്ഥാനങ്ങൾക്കു പ്രത്യേക വിഭാഗത്തിൽ ഉൾപ്പെടുത്തി ആവശ്യത്തിനു ധനസഹായവും ലഭിക്കും എന്ന വസ്തുത കൂടി കണക്കിലെടുക്കുമ്പോൾ നിലവിലെ അവസ്ഥ വിചിത്രമായി തോന്നാം.

ഈ സാഹചര്യത്തിൽ ഇവിടുത്തെ വൈദ്യുതി ഉത്പാദനമേഖലയുടെ വികസനം പ്രത്യേകം ശ്രദ്ധ അർഹിക്കുന്നു. ഇതുവഴി വടക്കുകിഴക്കൻ മേഖലയ്ക്കു മാത്രമല്ല രാജ്യത്തിനും വലിയ നേട്ടങ്ങളാണുണ്ടാകാൻ പോകുന്നത്. എന്നാൽ ഇന്ധന സുസ്ഥിരത ഉറപ്പു വരുത്തുകയെന്നത് അത്ര എളുപ്പമുള്ള പ്രവൃത്തിയല്ല. ഈ മേഖലയിലെ അവസരങ്ങളും വെല്ലുവിളികളും അടിസ്ഥാനപ്പെടുത്തി പ്രായോഗികമായ ബഹുമുഖ തന്ത്രം ഇതിനായി രൂപപ്പെടുത്തുകയേ തരമുള്ളൂ. ഇതുവരെ ഉപയോഗപ്പെടുത്താത്ത ഇന്ധനസ്രോതസുകളുടെ വികസനം, ഈ മേഖലയിലെ ഊർജാവശ്യം വിലയിരുത്തൽ, കയറ്റുമതി സാധ്യത, വൈദ്യുതി വിതരണ-പ്രേഷണ സൗകര്യങ്ങളുടെ വികസനം, ഉത്പാദനവിതരണ സംവിധാനം കാര്യക്ഷമമാക്കൽ, നയവും നിയമ ചട്ടക്കൂടും ശക്തമാക്കൽ, ഭരണനിർവഹണം മെച്ചപ്പെടുത്തൽ, മനുഷ്യവിഭവശേഷി വികസനം തുടങ്ങിയ കാര്യങ്ങളിൽ പ്രത്യേക ശ്രദ്ധ നല്കേണ്ടിയിരിക്കുന്നു.

## ജലവൈദ്യുതി വികസനം

ജലസ്രോതസ് ഉപയോഗിച്ച് വടക്കുകിഴക്കൻ മേഖലയിൽ നിന്നു 56,000 മെഗാവാട്ട് വൈദ്യുതി വരെ ഉത്പാദിപ്പിക്കുവാൻ സാധിക്കുമെന്നാണ് കണക്കാക്കുന്നത്. എന്നാൽ ഇതിന്റെ 90 ശതമാനവും ഇപ്പോഴും ഉപയോഗപ്പെടുത്താതെ കിടക്കുകയാണ്. ഈ ഊർജസ്രോതസ് വികസിപ്പിക്കുന്നതുവഴി ഈ മേഖലയുടെ നല്ലൊരു ഭാഗം ഊർജാവശ്യങ്ങളും നിറവേറ്റുവാൻ സാധിക്കുമെന്നു മാത്രമല്ല, രാജ്യത്തിന്റെ ഇതര ഭാഗങ്ങളിലെ വൈദ്യുതി ആവശ്യങ്ങൾ നിറവേറ്റുവാനും ഇതുവഴി കഴിയും. ഈ മേഖലയിൽ അടിക്കടി ഉണ്ടാകുന്ന വെള്ളപ്പൊക്കം നിയന്ത്രിക്കാനും, ജലസേചനാവശ്യങ്ങൾ നിറവേറ്റാനും ഈ പദ്ധതികൾ സഹായകമാകും.

ജലവൈദ്യുതി പദ്ധതികൾ നടപ്പാക്കുന്നതിനുള്ള ഏറ്റവും വലിയ വെല്ലുവിളി അതിനു വേണ്ടിവരുന്ന ഉയർന്ന മൂലധനച്ചെലവാണ്. ഉത്പാദനം ആരംഭിക്കുവാൻ വേണ്ടി വരുന്ന ദീർഘകാലയളവ്, ജലശേഖരണ വിതാനങ്ങളിൽ വരുന്ന മാറ്റങ്ങൾ, ജലജീവികളുടെ ആവാസ വ്യവസ്ഥയിൽ ഉണ്ടാകുന്ന ആഘാതങ്ങൾ, പൊതു ജനാരോഗ്യം, ഭൂമികുലുക്കവും അതുമൂലമുണ്ടാകുന്ന നാശനഷ്ടങ്ങളും, ജനങ്ങളുടെ പുനരധിവാസ പ്രശ്നങ്ങൾ തുടങ്ങിയവ ജലവൈദ്യുതി വികസനത്തിൽ അനുഭവപ്പെടുന്ന മറ്റു പ്രധാന വെല്ലുവിളികളാണ്.

ക്രമസമാധാന പ്രശ്നമാണ് മറ്റൊരു പ്രധാന ആശങ്ക. പദ്ധതി എത്രയാളുകളെ ബാധിക്കുമെന്നു

കണക്കാക്കുന്നതിനാവശ്യമായ ഭൂമി സംബന്ധിച്ച രേഖകളുടെ അഭാവമാണ് മറ്റൊരു കടമ്പ. പദ്ധതിക്കു ആവശ്യമായ അനുമതി കിട്ടുവാനെടുക്കുന്ന കാലതാമസം, മോശമായ റോഡ് ഗതാഗത സംവിധാനം തുടങ്ങിയവ പദ്ധതി നടത്തിപ്പ് വൈകിപ്പിക്കുകയും അധികച്ചെലവിന് വഴിവയ്ക്കുകയും ചെയ്യുന്നു. ദീർഘമായ കാലതാമസം പദ്ധതിയിലുള്ള നിക്ഷേപകരുടെ താൽപര്യം ഇല്ലാതാക്കുകയും ചെയ്യുന്നു.

പദ്ധതി നടപ്പാക്കുമ്പോൾ ഉയർന്നു വരുന്ന സെൻസിറ്റീവായ ചില വിഷയങ്ങൾ TERI (ദ എനർജി ആൻഡ് റിസോഴ്സസ് ഇൻസ്റ്റിറ്റ്യൂട്ട്) അടുത്തുകാലത്തു നടത്തിയ പഠനത്തിലൂടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. തങ്ങളുടെ സംസ്കാരവും പരാമ്പര്യവും നഷ്ടപ്പെടുമോയെന്ന പ്രദേശവാസികളുടെ ഭയമാണ് ഇതിൽ ഏറ്റവും പ്രധാനമായിട്ടുള്ളത്. കാലാവസ്ഥ വ്യതിയാനത്തിന്റെ ഫലമായി ജല, അന്തരീക്ഷത്തിലുണ്ടാകുന്ന മാറ്റങ്ങൾ സംബന്ധിച്ച ആശങ്കളാണ് മറ്റൊരു വിഷയം.

മേൽപ്പറഞ്ഞ വിഷയങ്ങളെല്ലാം സങ്കീർണമാണ്. സാമൂഹ്യമായും സാമ്പത്തികമായും പെട്ടെന്ന് പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നവയുമാണ്. അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ ഉൾപ്പെട്ടിട്ടുള്ള ചില പ്രശ്നങ്ങൾക്കു പ്രധാന്യം നല്കിക്കൊണ്ടുള്ള തന്ത്രം രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ ചുവടെ ചേർക്കുന്നു:

- നദീതടം അടിസ്ഥാനമാക്കിയുള്ള പദ്ധതിയുടെ തയാറാക്കലും ഒത്തിണക്കത്തോടെയുള്ള അവയുടെ നടപ്പാക്കലും ഉറപ്പാക്കുക.
- നഷ്ടമാകുന്ന വിഭവങ്ങളുടെ സമഗ്ര മാപ്പിംഗ് നടത്തുക.
- രാജ്യാന്തര ഹൈഡ്രോപവർ അസോസിയേഷന്റെ മാർഗനിർദേശങ്ങൾ പ്രാദേശികാവശ്യങ്ങൾക്കനുസൃതമായി മാറ്റം വരുത്തി സ്വീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സുസ്ഥിരതാ വിലയിരുത്തൽ നടത്തുകയും ചെയ്യുക.
- സുതാര്യവും വിദഗ്ധവുമായ പരിസ്ഥിതി പ്രത്യാഘാത പഠനം നടത്തുക.
- പദ്ധതി നടത്തിപ്പിലെ അനുമതി സംബന്ധമായ കാലതാമസം ഒഴിവാക്കുക.
- പൊതുജനങ്ങളുമായി നിരന്തരം ബന്ധപ്പെട്ടു കൊണ്ടിരിക്കുകയും അനുഭാവ സമീപനം സ്വീകരിക്കുകയും ചെയ്യുക.

## മറ്റു പുനരുപയോഗ ഊർജസ്രോതസുകളുടെ വികസനം

ചെറുകിട ജല വൈദ്യുതി പദ്ധതികൾ, സൗരോർജം, ജൈവോർജ ഉത്പാദന വസ്തുക്കൾ തുടങ്ങിയ പാരമ്പര്യേതര ഊർജസ്രോതസുകൾ ഉപയോഗപ്പെടുത്തിയാൽ വൈദ്യുതി ലഭ്യത വർധിപ്പിക്കുവാനും വിദൂരസ്ഥലങ്ങളിലെ വീടുകളിൽ ഇതു ലഭ്യമാക്കുവാനും സാധിക്കും. ഈ മേഖലയിൽ ആയിരത്തോളം ചെറുകിട ജലവൈദ്യുതി പദ്ധതികൾക്കു സാധ്യതയുണ്ടെന്നാണു വിലയിരുത്തൽ. ഇതുവഴി 2200 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുവാൻ സാധിക്കും. ഇതു പൂർണമായും ഉപയോഗപ്പെടുത്താതെ കിടക്കുകയാണ്.

അതേപോലെ വൻതോതിൽ ജൈവോർജ സ്രോതസുകൾ ഈ മേഖലയിൽ ലഭ്യമാണ്. ഇതു പ്രായോഗികമായി ഉപയോഗപ്പെടുത്തിയാൽ ഗ്രാമീണ വൈദ്യുതിവത്കരണത്തിനു സഹായകമകുമെന്നും വിലയിരുത്തപ്പെടുന്നു.

സൗരോർജം ഉപയോഗപ്പെടുത്തുന്നതിനു വലിയ സാധ്യതയാണു ഇവിടെ നിലനില്ക്കുന്നത്. നവ, പുനരുപയോഗ ഊർജ മന്ത്രാലയത്തിന്റെ സൗരോർജ നഗരവികസനപദ്ധതിയുടെ ഭാഗമായി എട്ടു നഗരങ്ങളിൽ സൗരോർജ വികസനത്തിനുള്ള മാസ്റ്റർ പ്ലാൻ ഇതിനകം തയാറാക്കിയിട്ടുണ്ട്. അഗർത്തല, ഐസ്വാൾ എന്നിവയെ പൈലറ്റ് സൗരോർജ നഗരങ്ങളായി വികസിപ്പിച്ചുവരികയാണ്.

പദ്ധതിയുമായി ബന്ധപ്പെട്ട കുടിയൊഴിപ്പിക്കൽ പ്രശ്നങ്ങൾ, നിക്ഷേപകരുടെ താല്പര്യക്കുറവ്, ശരിയായ ബിസിനസ് മാതൃകയില്ലായ്മ തുടങ്ങിയവയെല്ലാം ഈ പുനരുപയോഗ ഊർജസ്രോതസുകളുടെ ദ്രുതഗതിയിലുള്ള വികസനത്തിനു തടസമായി നില്ക്കുന്നു. പദ്ധതി പ്രദേശത്തുനിന്നു വളരെയകലെയാണ് ഊർജസ്രോതസുകൾ എന്നതാണ് മറ്റൊരു പ്രധാന തടസം.

ഈ സാഹചര്യത്തിൽ ഉപയോഗപ്പെടുത്താ

വുന്ന ഊർജസ്രോതസുകളെക്കുറിച്ചു സമഗ്രമായ വിലയിരുത്തൽ വേണ്ടിയിരിക്കുന്നു. അതുപോലെ പ്രാദേശിക ഊർജാവശ്യത്തെക്കുറിച്ചു പ്രായോഗികമായ മൂല്യനിർണയവും ആവശ്യമാണ്. ഭൂമിശാസ്ത്രം, ജനസാന്ദ്രത, വൈദ്യുതി ആവശ്യം, ഗ്രിഡിന്റെ ലഭ്യത എന്നിവ കണക്കിലെടുത്ത് ഈ പദ്ധതികളെ പൊതു വൈദ്യുതി ഗ്രിഡുമായി ബന്ധിപ്പിക്കുന്ന വിധത്തിലോ അല്ലാതെയോ രൂപകല്പന ചെയ്യാം. അനുയോജ്യമായ ബിസിനസ് മാതൃകകൾ വികസിപ്പിച്ചെടുക്കുന്നതിനു പ്രത്യേക ശ്രദ്ധ നല്കേണ്ടതുണ്ട്.



## പ്രേഷണ-വിതരണ- നിയന്ത്രണ സംവിധാനങ്ങളുടെ വികസനം

വിദൂരത്തുള്ള പദ്ധതി പ്രദേശങ്ങളിൽനിന്നു വൈദ്യുതി ആവശ്യമുള്ള വടക്കുകിഴക്കൻ മേഖലയിലെ വിവിധ സ്ഥലങ്ങളിലേക്കും അതിനു പുറത്തേക്കും എത്തിക്കുന്നതിനു പ്രേഷണ- വിതരണ സംവിധാനത്തിൽ വൻ വികസനം ആവശ്യമാണ്. ഇതു ലഭ്യമാക്കുവാൻ വൻതോതിലുള്ള നിക്ഷേപവും അനിവാര്യമാണ്. ഉത്പാദനശേഷി വർധിപ്പിക്കുന്നതിലെ അസന്നിഗ്ധാവസ്ഥ, ഭൂമിശാസ്ത്രപരമായ പ്രതികൂല സാഹചര്യം, പ്രവർത്തന കാലയളവിന്റെ ദൈർഘ്യം തുടങ്ങിയവയും ഇതോടൊപ്പം കണക്കിലെടുക്കേണ്ടതുണ്ട്.

അതുകൊണ്ടുതന്നെ പ്രേഷണ-വിതരണ സംവിധാനം ആസൂത്രണം ചെയ്യുമ്പോൾ ചില കാര്യങ്ങൾക്കു പ്രത്യേക ഊന്നൽ നല്കേണ്ടതുണ്ട്. അവ ചുവടെ:

- ദീർഘകാല ഉത്പാദന വികസന പദ്ധതികൾ ആവിഷ്ക്കരിക്കുക.
- വൈദ്യുതി ആവശ്യത്തിലെ വളർച്ചയും വിപണി ട്രെൻഡും പഠനവിധേയമാക്കുക.
- പ്രദേശാടിസ്ഥാനത്തിലുള്ള വികസന ആസൂത്രണം നടപ്പാക്കുക
- പ്രസരണ നഷ്ടം കുറയ്ക്കലിനായി പ്രത്യേക മാർഗം അവലംബിക്കുക.
- സ്മാർട്ട് ഗ്രിഡ് ടെക്നോളജി ഉൾപ്പെടെ സാങ്കേതിക വിദ്യയുടെ തുടർച്ചയായ നവീകരണം ഉറപ്പുവരുത്തുക.

ഈ സാഹചര്യത്തിൽ വൈദ്യുതി ഗ്രിഡ് സൗകര്യം മെച്ചപ്പെടുത്തേണ്ടത് ഏറ്റവും അത്യാവശ്യമാണ്. പ്രത്യേകിച്ച് പുനരുപയോഗ സ്രോതസിൽ നിന്നു വൻതോതിൽ ഉത്പാദിപ്പിക്കുന്ന വൈദ്യുതി, ഗ്രിഡ്ഡിലേക്കു സംയോജിപ്പിക്കുന്ന പശ്ചാത്തലത്തിൽ. മികച്ച നിയന്ത്രണ സംവിധാന കേന്ദ്രങ്ങളുടെ സ്ഥാപനവും വളരെ പ്രധാനപ്പെട്ടതാണ്.

## കാര്യക്ഷമത മെച്ചപ്പെടുത്തൽ

ഏതൊരു വൈദ്യുതി സംവിധാനത്തിന്റേയും മികച്ച പ്രവർത്തനക്ഷമത എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ആവശ്യാനുസരണമുള്ള വൈദ്യുതി ലഭ്യതയാണ്. ഇതിനാവശ്യമായ നിയമപരമായ പിന്തുണയും സംരക്ഷണവും വൈദ്യുതി നിയമം, ഊർജ സംരക്ഷണ നിയമം, ഊർജ്ജ ക്ഷമതാ ദൗത്യം എന്നിവ വഴി ലഭ്യമാക്കിയിട്ടുണ്ട്. വടക്കുകിഴക്കൻ മേഖലയിലെ സാഹചര്യത്തിനു യോജിച്ച ബിസിനസ് മാതൃക വികസിപ്പിക്കുന്നതിനൊപ്പം പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കേണ്ടതും വളരെ പ്രധാനപ്പെട്ടതാണ്.

## നയവും നിയന്ത്രണ സംവിധാനവും

അനുകൂല നയങ്ങളും മികച്ച നിയന്ത്രണ, ഭരണ നിർവഹണ സംവിധാനങ്ങളും സുസ്ഥിര വികസനത്തിന് ആവശ്യമായ ഉപാധികളാണ്. അതുകൊണ്ടു

തന്നെ ഇക്കാര്യത്തിൽ ഒരു ബഹുമുഖ തന്ത്രമാണ് ആവശ്യമായിട്ടുള്ളത്. ആവശ്യമായ സ്ഥലങ്ങളിൽ പൊതു- സ്വകാര്യ പങ്കാളിത്തം സാധ്യമാക്കുന്ന നയങ്ങൾ ഉണ്ടാവണം. ഇതു പദ്ധതിക്കു തുക സ്വരൂപിക്കാൻ സഹായിക്കുമെന്നു മാത്രമല്ല മാനേജ്മെന്റ് തലത്തിൽ കാര്യക്ഷമത വർധിപ്പിക്കുകയും ചെയ്യും.

ലക്ഷ്യങ്ങൾ എത്രകണ്ടു സാധിച്ചുവെന്നു മനസിലാക്കുവാൻ നയങ്ങൾ, നിയന്ത്രണ സംവിധാനങ്ങൾ എന്നിവയെക്കുറിച്ചുള്ള ക്രമമായ വിലയിരുത്തലും പഠനങ്ങളും വളരെ പ്രാധാന്യം അർഹിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നയ, നിയന്ത്രണ സംവിധാനങ്ങളിൽ ആവശ്യമെങ്കിൽ മാറ്റങ്ങൾ വരുത്തുവാനും സാധിക്കും.

## മനുഷ്യശേഷി വികസനം

നൈപുണ്യമുള്ള മനുഷ്യശേഷിയുടെ ലഭ്യതയാണ് ശ്രദ്ധ വേണ്ട മറ്റൊരു മേഖല. എൻജിനീയറിംഗ്, പ്രോജക്ട് മാനേജ്മെന്റ്, നിയന്ത്രണ സംവിധാനങ്ങൾ എന്നിവയിൽ ആവശ്യമായ ശേഷി കൈവരിക്കാൻ തക്കവിധത്തിൽ യുവാക്കളെ പ്രാപ്തരാക്കണം. ഇതുസംബന്ധിച്ച് പൊതുജനങ്ങളിൽ വേണ്ടത്ര അവബോധം ഉണ്ടാക്കേണ്ടിയും നിരന്തരം പരിശീന പരിപാടികൾ സംഘടിപ്പിക്കേണ്ടിയുമിരിക്കുന്നു.

## അവസരങ്ങളും വെല്ലുവിളികളും

വടക്കു കിഴക്കൻ മേഖലയിലെ വൈദ്യുതി ഉത്പാദനത്തിൽ കൈവരുന്ന സുസ്ഥിര വികസനം നിരവധി അവസരങ്ങളാണ് ലഭ്യമാക്കുന്നത്. അതേ സമയം പദ്ധതി നടത്തിപ്പിന് വലിയ വെല്ലുവിളികളും നേരിടേണ്ടതുണ്ട്.

ജലവൈദ്യുതി-പാരമ്പര്യേതര ഊർജസ്രോതസുകളുടെ വികസനം, വിപണി സാധ്യത മുന്നിൽ കണ്ടുകൊണ്ടുള്ള പ്രേഷണ-വിതരണ സംവിധാനത്തിന്റെ വൻതോതിലുള്ള വികസനം, നിലവിലെ സംവിധാനത്തിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തൽ, അനുയോജ്യമായ നയരൂപീകരണവും നിയമ,നിയന്ത്രണ ചട്ടക്കൂടുകളുടെ നവീകരണവും, കാര്യക്ഷമമായ ഭരണ നിർവഹണ സംവിധാനം രൂപപ്പെടുത്തൽ, മനുഷ്യവിഭവശേഷി വികസനം തുടങ്ങിയവ പ്രത്യേക ശ്രദ്ധ നല്കേണ്ട മേഖലകളാണ്.

രാജ്യത്തിന്റെ ഊർജ സുരക്ഷ എന്ന വിശാലമായ കാഴ്ചപ്പാടിൽ വടക്കു കിഴക്കൻ മേഖലയിലെ വൈദ്യുതി രംഗത്തെ സുസ്ഥിര വികസനം വളരെ പ്രധാനപ്പെട്ടതാണ്. പ്രത്യേകിച്ചും ഹരിതഗൃഹവാതകങ്ങളുടെ പുറംതള്ളൽ കുറയ്ക്കുന്നതു സംബന്ധിച്ച് നമ്മുടെ രാഷ്ട്രത്തിനു മുന്നിലുള്ള ലക്ഷ്യം നേടുന്നതിൽ. സൗരോർജ വൈദ്യുതി, കാറ്റിൽനിന്നുള്ള വൈദ്യുതി എന്നിവയെ വൻതോതിൽ ഗ്രിഡിലേക്കു സംയോജിപ്പിക്കുന്നതിലും വടക്കുകിഴക്കൻ വൈദ്യുതി മേഖലയുടെ വികസനം അനിവാര്യമാണ്.

*(ദ എനർജി ആന്റ് റിസോഴ്സസ് ഇൻസ്റ്റിറ്റ്യൂട്ടി (TERI) ൽ വിശിഷ്ടാംഗമാണ് ലേഖകൻ)*

*വിജ്ഞാനപാത*

## ട്രാൻസ് ഏഷ്യൻ റെയിൽവേ നെറ്റ്‌വർക്ക് (TARN)

ഇന്ത്യയുടെ വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലൂടെ അയൽ രാജ്യമായ മ്യാൻമാറിലേക്ക് നീണ്ടുപോകുന്ന റെയിൽവേ ശൃംഖല 81,000 കി.മീ. നീളമുള്ള ട്രാൻസ് ഏഷ്യൻ റെയിൽവേനെറ്റ്‌വർക്കിന്റെ ഭാഗമാണ്. ഇതിൽ 118 കി.മീ. നീളമുള്ള ഒരു റെയിൽപാത മണിപ്പൂരിന്റെ തലസ്ഥാനമായ ഇംഫാലിനെ അതിർത്തിയിലുള്ള മോറെയുമായി (Moreh) ബന്ധിപ്പിക്കുന്നു. ഈ പാത ഇംഫാലിനെ വടക്കൻ മ്യാൻമാറിലെ താമുഹുമായി (Tamu) ബന്ധിപ്പിക്കും. ത്രിപുരയിലെ ജവഹർനഗർ റെയിൽവേ സ്റ്റേഷനെ മിസോറാമിലെ കോലാഷിബുമായും (Kolashib) തുടർന്ന് മ്യാൻമാറിലെ ഡാർലണുമായും (Darlon) ബന്ധിപ്പിക്കുന്ന 257 കി.മീ. പാതയും TARN ന്റെ ഭാഗമാണ് നോർത്ത് ഈസ്റ്റ് ഫ്രോണ്ടിയർ റെയിൽവേ (NEFR) ക്കാണ് ഇതിന്റെ നിർമ്മാണ ചുമതല.



# വടക്ക് കിഴക്കേ ഇന്ത്യയിലെ ജലഗതാഗത മാർഗങ്ങൾ

ഡോ. വിശ്വപതി ത്രിവേദി

ഗതാഗതത്തിന് ജലമാർഗങ്ങളെ ആശ്രയിക്കുക എന്ന ആശയം ഇന്ത്യയിൽ പണ്ട് മുതൽ തന്നെ പ്രാവർത്തികമാക്കിയിരുന്നു. അക്ബറിന്റെ കാലത്ത് തന്നെ ചരക്കു നീക്കത്തിനും യാത്രയ്ക്കു വേണ്ടിയും ഗംഗയും യമുനയും ഉപയോഗപ്പെടുത്തിയിട്ടുണ്ട്. അതിനുശേഷം ബ്രിട്ടീഷുകാരുടെ കാലത്തും ജലമാർഗങ്ങൾ ഉപയോഗപ്പെടുത്തിയിരുന്നു. എന്നാൽ സ്വാതന്ത്ര്യത്തിനു ശേഷം റോഡ്-റെയിൽ ഗതാഗതത്തിന് കൂടുതൽ ഊന്നൽ നൽകുകയും ജലഗതാഗതം ചുരുങ്ങുകയും ചെയ്തു.

രാജ്യത്തെ ഉപയോഗിക്കാവുന്ന ജലപാത ഏതാണ്ട് 14,500 കി. മീ . വരുമെങ്കിലും വെറും 4,500 കി.മീ. മാത്രമാണ് കഴിഞ്ഞ വർഷം വരെ ദേശീയ ജലപാതയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. എന്നാൽ ഉൾനാടൻ ജലഗതാഗതത്തിന്റെ കാര്യത്തിൽ ഗവണ്മെന്റ് ഒരു പുതിയ സമീപനം സ്വീകരിക്കുകയും ദേശീയ ജലപാതയിൽ പുതിയ 106 പാതകൾ ഉൾക്കൊള്ളിക്കുകയും, ജലപാതകളുടെ ആകെ എണ്ണം നിലവിലുള്ള 5 എന്നതിൽ നിന്നും 111 ജലപാതകൾ എന്നതിലേക്കു എത്തിച്ചെരുകയും ചെയ്തു. ഇതിൽ 19 നദികൾ വടക്ക് കിഴക്കേ ഇന്ത്യയിലാണുള്ളത്. പുതുതായി പ്രഖ്യാപിക്കപ്പെട്ട ദേശീയ ജലപാതകൾ വടക്ക് കിഴക്കേ ഇന്ത്യയിലെ നിലവിലുള്ള ഗതാഗതത്തിന് പിന്തുണയും അതോടൊപ്പം ബദൽ മാർഗവുമാകുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. വടക്ക്-കിഴക്കൻ ഇന്ത്യയിലെ ജലപാതകളുടെ ശക്തി അതിന്റെ യഥാർത്ഥ അർത്ഥത്തിൽ ഇന്ന് വരെ ഉപയോഗിക്കപ്പെട്ടിട്ടില്ല എന്നതാണ് സത്യം.

891 കി. മീ. നീളമുള്ള ദുബ്രി (ബംഗ്ലാദേശ് അതിർത്തിക്കടുത്ത്) മുതൽ സാദിയ വരെയുള്ള ബ്രഹ്മപുത്രയുടെ ഭാഗം ദേശീയ ജലപാത രണ്ടിലാണ്. ഈ ഭാഗത്തിന് വളരെയധികം ഗതാഗത സാധ്യതകൾ ഉണ്ടെങ്കിലും ചരക്കു നീക്കത്തിനും യാത്രയ്ക്കും വേണ്ടിയുള്ള സമഗ്രമായ യാതൊരു വികസനവും ഇതുവരെ ഇവിടെ നടന്നിട്ടില്ല. പാസിഘട്ടിനോടു ചേർന്നുള്ള ബ്രഹ്മപുത്രയുടെ ഭാഗങ്ങളിൽ ജലഗതാഗതം സ്ഥിരമാണെങ്കിലും പരിമിതമാണ്. ബോട്ടുകളുടെയും പത്തേമാരികളുടെയും എണ്ണവും, വിസ്തൃതിയും, തരവും കുറവായത് കാരണമാണിത്. ജലപാതയുടെ ഈ ഭാഗം തന്നെ സൈന്യം തങ്ങളുടെ വാഹനങ്ങൾ നദിക്കു കുറുകെ കടത്താനായി ഉപയോഗിക്കുന്നു. ജലപാത രണ്ടിന്റെ ഉത്ഭവസ്ഥാനമായ ദുബ്രി, പഴയ കാലത്തെ പ്രസിദ്ധമായ തുറമുഖമായിരുന്നെങ്കിലും ആ നില പിന്നീട് തുടർന്നുപോയില്ല . വളരെ വലിയ തോതിൽ മത്സ്യം, പച്ചക്കറികൾ എന്നിവ ഈ ഭാഗത്തുകൂടി ആഭ്യന്തരമായും ഒപ്പം ബംഗ്ലാദേശിൽ നിന്നുമായും കടത്തുന്നു.

## ഇന്ത്യ- ബംഗ്ലാദേശ് പ്രോട്ടോകോൾ റൂട്ട്

ഇൻഡോ-ബംഗ്ലാദേശ് പ്രോട്ടോകോൾ റൂട്ട് ദേശീയ ജലപാത 1,2 എന്നിവ തമ്മിൽ ബന്ധപ്പെടുത്തിയാണ് ആസൂത്രകർ നടപ്പിൽ വരുത്താൻ ശ്രമിച്ചത്. എന്നാൽ അതിർത്തി പ്രശ്നങ്ങൾ, ബംഗ്ലാദേശിലെ ജലപാതകളുടെ വികസനമില്ലായ്മ, ജലപാതകളുടെ ആഴമില്ലായ്മ എന്നിവ ഈ പദ്ധതിയുടെ പരിമിതികളായി. പൊതുവിതരണ ശൃംഖലയിൽ ഗോതമ്പിന്റെയും, അരിയുടെയും കടത്ത് ഈ പാത വഴിയാക്കിയാൽ കോടിക്കണക്കിനു രൂപയുടെ ഗതാഗത ചെലവും, റോഡ് വഴിയുള്ള ഗതാഗതത്തിരക്കും ഒഴിവാക്കാം. ഈ പാതയെ വടക്ക് കിഴക്കേ ഇന്ത്യയിൽ ധാന്യക്കടത്തിനു ഉപയോഗിക്കാൻ വളരെ ചെലവുകുറഞ്ഞതായിട്ടു കൂടി ഫുഡ് കോർപറേഷൻ ഓഫ് ഇന്ത്യയ്ക്ക് പറ്റിയിട്ടില്ല എന്നത് നിർഭാഗ്യകരമായ വസ്തുതയാണ്.

ഉൾനാടൻ ജലഗതാഗത വകുപ്പ് ദേശീയ ജലപാത-2 നു വേണ്ടി അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിച്ച് തുടങ്ങിയെങ്കിലും ഇനിയും ഏറെ മുന്നോട്ട് പോകേണ്ടിയിരിക്കുന്നു. പാണ്ടുവിൽ റെയിൽ പാതയ്ക്ക് സമാന്തരമായി ജെട്ടിയുടെ നിർമ്മാണം കഴിഞ്ഞെങ്കിലും ചരക്കു നീക്കം വേണ്ടത്ര നടക്കുന്നില്ല. ജലഗതാഗത വകുപ്പ് മുൻകൈ എടുത്തു ദുബ്രിയിൽ ഒരു RORO (Roll on-Roll off) ജെട്ടി നിർമ്മാണം പൂർത്തിയാക്കിയെങ്കിലും മറുതീരത്തുള്ള ഹറ്റ്സിങ്ങ്മാരിയിൽ വളരെ വ്യാപകമായ കരയിടിച്ചിൽ കാരണം ഉണ്ടാകുന്ന സാങ്കേതിക പ്രശ്നങ്ങൾ ഇനിയും പരിഹരിക്കപ്പെട്ടിട്ടില്ല. പ്രോട്ടോകോൾ റൂട്ടിൽ ഉള്ള ഒരു ഭാഗമായ കരിംഗഞ്ച് - അഷുൻഗഞ്ച് പാത നിരന്തരം വിവാദങ്ങളിൽപ്പെട്ട് നിർജീവാവസ്ഥയിലാണ്.

പുതിയ 19 ജലപാതകൾ കൂടി ഷിപ്പിങ് മന്ത്രാലയം വടക്ക് കിഴക്കേ ഭാഗങ്ങളിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് തീർച്ചയായും, നദികളെ ചരക്കു നീക്കത്തിനും, യാത്ര ആവശ്യങ്ങൾക്കും ഏകീകൃതമായ രീതിയിൽ ഉപയോഗിക്കാൻ സഹായിക്കും എന്നാണു പ്രതീക്ഷിക്കപ്പെടുന്നത്.

*(ദേശീയ ഷിപ്പിങ് ബോർഡ് ചെയർമാനാണ് ലേഖകൻ)*

**വിജ്ഞാനപാത**

## തണ്ണീർ തടങ്ങൾ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ

1971 ഫെബ്രുവരി രണ്ടിന് ഇറാനിലെ റാംസാറിൽ ചേർന്ന ലോക തണ്ണീർത്തട കൺവെൻഷനിൽ തണ്ണീർത്തട ഉടമ്പടി ഒപ്പുവച്ചു. ഇന്ത്യയുടെ മൊത്തം വിസ്തൃതിയുടെ 4.7% തണ്ണീർത്തടങ്ങളാണ്. ഇന്ത്യയിൽ നിന്നും 26 തണ്ണീർതടങ്ങളാണ് റാംസാർ പട്ടികയിൽ ഇടം നേടിയിട്ടുള്ളത്. മണിപ്പൂരിലെ ലോക്ടാക് തടാകം, അസമിൽ നിന്നും ഡീപ്പോർ ഭീൻ, ത്രിപുരയിലെ രുദ്രസാഗർ തടാകം എന്നിവയാണ് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ നിന്നും റാംസാർ പട്ടികയിൽ ഇടം നേടിയ തണ്ണീർ തടങ്ങൾ.

## ലോക്ടക് തടാകം

600 ചതുരശ്ര കിലാമീറ്റർ വിസ്തൃതിയിൽ, മണിപ്പൂരിന്റെ മദ്ധ്യഭാഗത്തുള്ള സമതല പ്രദേശത്ത് സ്ഥിതിചെയ്യുന്ന ലോകടക് തടാകം ഫുംഡി എന്ന ജല സസ്യം കൂടിച്ചേർന്ന് രൂപപ്പെട്ട നിരവധി ചെറു ദ്വീപുകൾക്ക് പ്രസിദ്ധമാണ്. കീബുൾ ലംജാവോ (Keibul Lamjao) വന്യജീവി സങ്കേതം ഇത്തരം ഒഴുകി നടക്കുന്ന ചെറുദ്വീപുകളിലാണ് സ്ഥിതിചെയ്യുന്നത്. വംശനാശ ഭീഷണണി നേരിടുന്ന ബ്രോ ആന്റലേർഡ് (Brow Antlered) മാനുകൾ ഈ ദേശീയോദ്യാനത്തിന്റെ പ്രത്യേകതയാണ്.



# മേഘാലയ : ഗിരിവർഗ സമൂഹവും സ്വയംഭരണ ജില്ലാ ഭരണകൂടവും

ഡോ. ചിന്താമണി റൗത്ത്

ഐക്യ ഖാസി- ജയന്തിയ മലയോര ജില്ലയും ഗാരോ ജില്ലയും കൂട്ടിചേർത്ത് 1970 ഏപ്രിൽ രണ്ടിനാണ് മേഘാലയ ഒരു സ്വയംഭരണ സംസ്ഥാനമായി രൂപം കൊണ്ടത്. 1972 ജനുവരി 21-ന് അതിന് പൂർണ്ണ സംസ്ഥാന പദവി ലഭിച്ചു. തദ്ദേശ സ്വയം ഭരണമാണ് ജനാധിപത്യത്തിന്റെ അടിത്തറ. ഖാസി സമൂഹത്തിന് തനതായ പരമ്പരാഗത സാമൂഹ്യ-രാഷ്ട്രീയ ഘടനയുണ്ട്. പ്രസ്തുത ഘടന സമൂഹത്തിലും ജീവിതത്തിലും ആഴത്തിൽ വേരോട്ടമുള്ളതാണത്. അതിനെ പരമ്പരാഗത സ്വയംഭരണ സ്ഥാപനമായും കണക്കാക്കാം. ഖാസി ജനതയുടെ ദൈനംദിന ഭരണ കാര്യങ്ങൾ നിർവ്വഹിക്കുന്നത് ഇപ്പോഴും ഇത്തരം സ്ഥാപനങ്ങളാണ്. ഖാസി കുന്നുകളിലെ സ്വയംഭരണ സംവിധാനങ്ങൾ നൂറ്റാണ്ടുകളുടെ പെരുമയും പാരമ്പര്യവും പേറുന്നവയാണ്. കാലങ്ങളായി ഗിരിവർഗ ജനത അവരുടെ കാര്യങ്ങൾ ഇങ്ങനെ നിറവേറ്റി വരുന്നു. ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ച വേളയിൽ വടക്കു കിഴക്കൻ മേഖലയിലെ ജനതയുടെ താല്പര്യങ്ങൾ പ്രത്യേകം സംരക്ഷിക്കേണ്ടതിന്റെ ആവശ്യം ഭരണഘടന ശില്പികൾ തിരിച്ചറിഞ്ഞു; ഭൂമിയിലും വന വിഭവങ്ങളിലും അവർക്കുള്ള അവകാശങ്ങൾ ഉൾപ്പെടെ. സ്വയം ഭരണ ജില്ലാ കൗൺസിലുകൾക്ക് രൂപം നൽകാനുള്ള ആറാം ഷെഡ്യൂളിന്റെ പിറവിയിലേക്ക് നയിച്ചത് ഇത് തന്നെയാണ്.

അതിനാൽ, ആറാം ഷെഡ്യൂളിന്റെ തുടർച്ചയായി ഐക്യ ഖാസി-ജയന്തിയ മലയോര ജില്ലയിൽ സ്വയം ഭരണ ജില്ലാ കൗൺസിൽ നിലവിൽ വന്നു. ഇത് പിന്നീട് ഖാസി ഹിൽസ് സ്വയം ഭരണ ജില്ലാ കൗൺസിൽ, ജയന്തിയ ഹിൽസ് സ്വയംഭരണ ജില്ലാ കൗൺസിൽ എന്നിങ്ങനെ രണ്ടായി വേർതിരിച്ചു. ഖാസി ജില്ലാ കൗൺസിലിന് പൂർവ്വ, പശ്ചിമ ഖാസി മലയോര ജില്ലകൾ, റിഭോയ് ജില്ലാ എന്നിവിടങ്ങളിലും ഗാരോ ജില്ലാ കൗൺസിലിന് ഗാരോ മേഖലയിലുമാണ് അധികാര പരിധി.

പുതിയ സ്വയം ഭരണ ജില്ലാ രൂപീകരിക്കുന്നത്, ഏതെങ്കിലും ജില്ലയുടെ പരിധി ചുരുക്കുന്നത്, ഏതെങ്കിലും രണ്ട് ജില്ലകളോ ഭാഗങ്ങളോ കൂട്ടിച്ചേർത്ത് പുതിയ ജില്ല രൂപീകരിക്കുന്നത് തുടങ്ങി ഗവർണ്ണർക്ക് വിപുലമായ അധികാരങ്ങൾ ആറാം അനുഛേദത്തിന്റെ ഒന്നാം ഖണ്ഡികയിൽ നൽകിയിട്ടുണ്ട്. സ്വയംഭരണ ജില്ലാകൗൺസിലുകളുടെ ഭരണാതിർത്തി പുനർനിർണ്ണയിക്കുന്നതിലും ഗവർണ്ണറാണ് അന്തിമ അധികാര സ്ഥാനം.

## ജില്ലാ കൗൺസിലിന്റെയും മേഖലാ കൗൺസിലിന്റെയും സ്ഥാപനം

ഓരോ ജില്ലക്കും 30 അംഗങ്ങൾ വീതം അടങ്ങുന്ന ജില്ലാ കൗൺസിൽ ആണ് ഉള്ളത്. ഇതിൽ നാല് പേരെ ഗവർണർ നാമനിർദ്ദേശം ചെയ്യും. ബാക്കിയുള്ളവരെ പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്. ഇതിന് പുറമെ ഓരോ മേഖലക്കും മേഖലാ കൗൺസിലും ഉണ്ട്. ഓരോ ജില്ലാ മേഖലാ കൗൺസിലും അതത് ജില്ലാ മേഖലയുടെ പേരിൽ അറിയപ്പെടും. നിലവിലുള്ള ഗിരിവർഗ കൗൺസിലുകളോടോ മറ്റ് ഗിരിവർഗ സംഘടനകളോടോ ആലോചിച്ച് ഗവർണറാണ് ജില്ലാ-മേഖലാ കൗൺസിലുകളുടെ പ്രവർത്തന നിയമങ്ങൾ ഉണ്ടാക്കുകയും ജീവനക്കാരെ നിയമിക്കുകയും മറ്റും ചെയ്യുന്നത്. തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ നിയമനം അഞ്ച് വർഷത്തേക്കാണ്; അല്ലെങ്കിൽ കൗൺസിൽ പിരിച്ചു വിടുന്നത് വരെ. നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങൾക്ക് ഗവർണർ തീരുമാനിക്കുന്നത് വരെ തുടരാം.

## ജില്ലാ-മേഖലാ കൗൺസിലുകൾക്കുള്ള നിയമ നിർമ്മാണാധികാരം.

മേഖലാ കൗൺസിലുകൾക്കും ജില്ലാ കൗൺസിലുകൾക്കും അവയുടെ അധികാരപരിധി യിൽ ഭൂവിനിയോഗം, കാലിമേയ്ക്കൽ, കൃഷി, ഭവന നിർമ്മാണം തുടങ്ങി അതത് ഗ്രാമ-പട്ടണ പ്രദേശങ്ങ ളിലെ ജനങ്ങളുടെ ഉന്നമനത്തിന് വേണ്ട സൗകര്യ ങ്ങൾ ഒരുക്കാൻ അധികാരം ഉണ്ട്. ഇവയ്ക്കു പുറമെ, ഗ്രാമ- പട്ടണ തലങ്ങളിൽ സമിതികൾ രൂപീകരിക്കൽ, ഭരണ നടത്തിപ്പിലെ കാര്യങ്ങൾ, ക്രമ സമാധാന പാലനം,ആരോഗ്യം, ശുചീകരണം, ഗ്രാമ തലവനെ നിശ്ചയിക്കൽ, വസ്തുവിന്റെ പിന്തുടർച്ചാവകാശം, വിവാഹം, സാമൂഹ്യ ആചാരങ്ങൾ തുടങ്ങിയ വിവിധ വിഷയങ്ങളിൽ തീരുമാനമെടുക്കാൻ അധികാരമുണ്ട് എന്നത് ശ്രദ്ധേയമാണ്.

## സ്വയം ഭരണ ജില്ലാ മേഖലകളിലെ നീതി നിർവ്വഹണം

മേഖല, ജില്ലാ കൗൺസിലുകൾക്ക് പുറമെ നീതി നിർവഹണത്തിന് ഗ്രാമ കൗൺസിൽ അഥവാ കോടതികളുണ്ട്. അതത് അധികാര പരിധിക്കുള്ളിൽ വരുന്ന ഗിരിവർഗ സമൂഹത്തിലെ അംഗങ്ങൾ തമ്മിലുള്ള തർക്കങ്ങൾ ഇത്തരം ന്യായാലയങ്ങൾ പരിഗണിക്കും. ഇതിന്റെ ചുമതലക്കാരായി അനുയോജ്യരായ വ്യക്തികളെ നിയമിക്കുകയാണ് പതിവ്. ഗവർണർ കാലാകാലങ്ങളിൽ വിജ്ഞാപനം ചെയ്യുന്നതനുസരിച്ച് ഹൈക്കോടതിക്ക് ഇത്തരം കേസുകളുടെ മേൽ അധികാരം നൽകിയിട്ടുമുണ്ട്.

മേഖലാ, ജില്ലാ കൗൺസിലുകൾക്ക് ഗവർണ റുടെ അനുമതിക്ക് വിധേയമായി വില്ലേജ് കൗൺസി ലുകൾ രൂപീകരിക്കാനും മറ്റും അധികാരം ഉണ്ട്. ഗ്രാമീണ കൗൺസിലുകളുടെ തീരുമാനങ്ങൾ നടപ്പാക്കാനുള്ള ചുമതലയും മേഖലാ ജില്ലാ കൗൺസിലുകൾക്ക് തന്നെ.

## പ്രൈമറി സ്ക്കൂളുകൾ സ്ഥാപിക്കാനും മറ്റും ജില്ലാ കൗൺസിലുകളുടെ അധികാരം

പ്രൈമറി സ്ക്കൂളുകൾ, ഡിസ്പെൻസറികൾ, ചന്തകൾ, കടത്ത് വഞ്ചികൾ, മത്സ്യബന്ധന സൗകര്യങ്ങൾ, റോഡ്- ജല ഗതാഗതം തുടങ്ങിയവ സ്ഥാപിക്കാനും നടപ്പാക്കാനും ജില്ലാ കൗൺസിലു കൾക്ക് കഴിയും. അതത് ജില്ലയിലെ പ്രൈമറി വിദ്യാലയങ്ങളിലെ അധ്യയന മാധ്യമം ഏത് ഭാഷയിലാവണമെന്ന് തീരുമാനിക്കാനും ചട്ടങ്ങൾ രൂപീകരിക്കാനും ഗവർണറുടെ അനുമതിക്ക് വിധേയമായി ജില്ലാ കൗൺസിലുകൾക്ക് അധികാരം നൽകിയിട്ടുണ്ട്. അതുപോലെ തന്നെ, കൃഷി, മൃഗ സംരക്ഷണം, സാമൂഹ്യ പദ്ധതികൾ, സഹകരണ സംഘങ്ങൾ, സാമൂഹ്യ ക്ഷേമം, ഗ്രാമാസൂത്രണം തുടങ്ങി മറ്റ് കാര്യങ്ങളിലും ഗവർണർക്ക് ജില്ലാ കൗൺസിലിന്റെ സമ്മതത്തോടെ ചുമതലകൾ വിഭജിച്ച് നൽകാം.

## ജില്ലാ-മേഖലാ ഫണ്ട്

ഓരോ മേഖലാ - ജില്ലാ കൗൺസിലും അതത് ഭരണാതിർത്തിക്കുള്ളിൽ നിന്നും പിരിച്ചെടുക്കുന്ന ധനം നിക്ഷേപിക്കുന്നതിനായി പ്രത്യേക ഫണ്ട് തുറക്കേണ്ടതാണെന്ന് നിയമത്തിൽ പറയുന്നു. ഫണ്ട് വിനിയോഗം സംബന്ധിച്ച് ചട്ടങ്ങൾക്ക് രൂപം നൽകേണ്ടത് ഗവർണറാണ്. രാഷ്ട്രപതിയുടെ അംഗീകാരത്തോടുകൂടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിശ്ചയിക്കുന്ന രൂപത്തിൽ ഈ ഫണ്ട് സൂക്ഷിക്കാം. ഇവ ഓഡിറ്റ് ചെയ്യേണ്ട രീതിയും സി.എ.ജി ആണ് തീരുമാനിക്കുക. തുടർന്ന് സി.എ.ജി തയ്യാറാക്കുന്ന റിപ്പോർട്ടുകൾ ഗവർണർക്കും പിന്നീട് കൗൺസിലിനും സമർപ്പിക്കാം.

ഗിരിവർഗ ജനതയുടെ സർവതോമുഖമായ വികസനവും ക്ഷേമവും യാഥാർത്ഥ്യമാക്കാനുള്ള ഒരു ഉപാധിയാണ് ജില്ലാ കൗൺസിൽ. മേഘാലയയിലെ ജില്ലാ-മേഖലാ കൗൺസിലുകളുടെ പ്രവർത്തനം ഒരേ സമയം തൃപ്തികരവും ശ്ലാഘനീയവുമാണ് എന്നതിൽ തർക്കമില്ല. യോഗ്യരും പ്രാപ്തരുമായവരെ കൗൺസിലുകളിലേക്ക് തിരഞ്ഞെടുത്ത് മികച്ച തൊഴിൽ സംസ്കാരം വളർത്തിയെടുക്കാൻ വഴിയൊരുക്കുന്നു. ഭൂമി, വനം, വിപണി, വ്യാപാരം, ആചാരം തുടങ്ങി ഗിരിവർഗ ജീവിതത്തിന്റെ എല്ലാ തലങ്ങളിലും ഇടപെടാൻ ജില്ലാ കൗൺസിലുകൾക്ക് കഴിയും. കൗൺസിൽ അംഗങ്ങൾക്ക് മെച്ചപ്പെട്ട പരിശീലനം നൽകുകയാണ് ഇനി മുന്നിലുള്ള ആവശ്യം. സംവിധാനത്തിന്റെ മൊത്തത്തിലുള്ള അവലോകനവും വിശകലനവുമാണ് അടിയന്തിര മായി ചെയ്യേണ്ട കാര്യം. ഇത്തരത്തിൽ ഗിരിവർഗ്ഗ ജനതയുടെ ആശയാഭിലാഷങ്ങൾക്ക് അനുസരിച്ച് പ്രവർത്തിക്കാൻ സ്വയംഭരണ കൗൺസിലുകൾക്ക് സാധിക്കും.

*(ഷില്ലോങ് യൂണിവേഴ്സിറ്റിയിൽ നിയമവിഭാഗത്തിന്റെ മേധാവിയാണ് ലേഖിക)*

# വടക്കു കിഴക്കൻ മേഖലയ്ക്കായി നൈപുണ്യ ദൗത്യം

സഞ്ജീവ് ദുഗ്ഗാൽ

സ്വയം പര്യാപ്തമായ സാമ്പത്തിക മേഖല എന്ന നിലയിൽ വികസിക്കാനുള്ള വൻ സാധ്യത മാത്രമല്ല, രാജ്യത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക വളർച്ചയുടെ ചരിത്രത്തിലും വലിയ സംഭാവനകൾ നല്കാൻ വടക്കു കിഴക്കൻ മേഖലയ്ക്ക് സാധിക്കും. നൈപുണ്യവികസന കേന്ദ്രങ്ങളും വ്യവസായ പരിശീലന കേന്ദ്രങ്ങളും ധാരാളമായി സ്ഥാപിച്ചുകൊണ്ട് കേന്ദ്ര ഗവൺമെന്റ് വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ വലിയ രീതിയിൽ സ്കിൽ ഇന്ത്യയുടെ പ്രവർത്തനങ്ങൾ തുടങ്ങുന്നതായി പ്രഖ്യാപിച്ചു കഴിഞ്ഞു. കേന്ദ്ര നൈപുണ്യവികസന, സംരംഭക വകുപ്പ് മന്ത്രി, രാജീവ് പ്രതാപ് റൂഡി വടക്കു കിഴക്ക് സംസ്ഥാനങ്ങളിലെ വ്യവസായികളോട് മേഖലയിലെ നൈപുണ്യവികസനത്തിൽ സജീവമായി പങ്കാളികളാകാൻ ആഹ്വാനം ചെയ്യുക മാത്രമല്ല ഫെഡറേഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് കോമേഴ്സിന്റെ നോർത്ത് ഈസ്റ്റ് റീജണിൽ നിന്ന് ഓരോ അംഗത്തെ വീതം സ്കിൽ കൗൺസിലിന്റെ 40 മേഖലകളിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുകയും ചെയ്തിരിക്കുകയാണ്. ഫെഡറേഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് കോമേഴ്സിന്റെ നോർത്ത് ഈസ്റ്റ് റീജണെ കൂടി അംഗമാക്കിക്കൊണ്ട് നാഷണൽ സ്കിൽ ഡവലപ്മെന്റ് കോർപ്പറേഷൻ പുനസംഘടിപ്പിക്കാനും മന്ത്രി നിർദ്ദേശിച്ചിട്ടുണ്ട്.

വടക്കു കിഴക്കൻ മേഖലയിലെ എട്ട് സംസ്ഥാനങ്ങളും (അരുണാചൽ പ്രദേശ്, അസാം, മണിപ്പൂർ, മേഘാലായ, മിസോറാം, നാഗാലൻഡ്, സിക്കിം (2002 മുതൽ), ത്രിപുര) ഇന്ന് അതിവേഗ വളർച്ചയുടെ പാതയിലാണ്. എന്നാൽ നിർഭാഗ്യവശാൽ ഈ വളർച്ച വേണ്ടത്ര തൊഴിൽ അവസരങ്ങളും ഉപജീവന സാഹചര്യങ്ങളും സൃഷ്ടിക്കുന്നില്ല. അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെയുള്ള മേഖലയുടെ വികസന വെല്ലുവിളികളെ അഭിമുഖീകരിക്കാൻ കേന്ദ്ര ഗവൺമെന്റ് 2004 ൽ വടക്കുകിഴക്ക് മേഖലയുടെ വികസനത്തിനുള്ള മന്ത്രാലയം തന്നെ രൂപവത്ക്കരിക്കുകയുണ്ടായി. 2015-16 ബജറ്റിൽ 2,362 കോടിയായിരുന്നു ഈ മന്ത്രാലയത്തിന് വകയിരുത്തിയിരുന്നത്.

തന്ത്രപ്രധാന മേഖലയിൽ സ്ഥിതിചെയ്യുന്നതിനാലും കിഴക്കൻ ഇന്ത്യയുടെ പ്രാദേശിക വിപണിയുടെ സാമീപ്യത്താലും ഈ മേഖലയ്ക്ക് അനുകൂലമായ ചില പ്രത്യേക അവസരങ്ങളുണ്ട്. കിഴക്കൻ മേഖലയിലെ പ്രധാന സംസ്ഥാനങ്ങളുടെ സാന്നിദ്ധ്യവും ബംഗ്ലാദേശ്, മ്യാൻമർ തുടങ്ങിയ വിദേശരാജ്യങ്ങളുടെ അയൽപക്ക സ്ഥാനവും, ദക്ഷിണ പൂർവേഷ്യൻ വിപണിയിലേയ്ക്കുള്ള ശ്രേഷ്ഠമായ കവാടമാക്കി ഈ മേഖലയെ മാറ്റിയിരിക്കുന്നു. വളക്കൂറുള്ള വിശാലമായ കൃഷിയിടങ്ങൾ കൊണ്ടും, വലിയ സഞ്ചിത ശേഷി കൊണ്ടും വിഭവങ്ങളുടെ കാര്യത്തിൽ വളരെ സമ്പന്നമായ വടക്കുകിഴക്കൻ സംസ്ഥാനങ്ങൾക്ക് ഇന്ത്യയിലെ തന്നെ ഏറ്റവും വികസിത മേഖലയായി മാറാൻ സാധിക്കും.

മേഖലയിൽ നിലനില്ക്കുന്ന സാമ്പത്തിക സാധ്യതകൾ മനസിലാക്കി, അതിൻമേൽ ജനസംഖ്യാപരമായ അനുകൂല സാഹചര്യങ്ങളും മാനദണ്ഡങ്ങളും ഉപയോഗിച്ചാൽ വിപണി ബന്ധിതമായ നൈപുണ്യവികസനത്തിലേയ്ക്ക് എത്താൻ സാധിക്കുമെന്നതിൽ തർക്കമില്ല. നാമമാത്രമായ അടിസ്ഥാന സൗകര്യങ്ങൾ, ഗതാഗത സൗകര്യങ്ങളുടെ കുറവ്, തൊഴിലില്ലായ്മ, ക്രമസമാധാന പ്രശ്നങ്ങൾ തുടങ്ങി മേഖലയുടേതു മാത്രമായ ചില വെല്ലുവിളികൾ മൂലം ഇവിടെ പരമ്പരാഗത വിപണി അധിഷ്ഠിത പരിഹാരങ്ങൾ അത്രകണ്ട് ഫലപ്രദമാകണമെന്നില്ല.

ഇന്ത്യയ്ക്ക് ചെറുപ്പക്കാരുടെ തൊഴിൽ സേന ഉണ്ടെന്ന് പറയാമെങ്കിലും അവരുടെ നൈപുണ്യ ഗുണമേന്മ ഇപ്പോഴും വലിയ വെല്ലുവിളി തന്നെ. 2014

ൽ നടത്തിയ പഠനത്തിൽ 78 ശതമാനം തൊഴിൽ ദാതാക്കളും പറഞ്ഞത് തൊഴിലാളികളുടെ നൈപുണ്യത്തിൽ സംഭവിക്കുന്ന വലിയ വിടവിനെ കുറിച്ചാണ്. 57 ശതമാനം തൊഴിലുടമകൾ, ഒഴിവുകളിലേയ്ക്ക് ആവശ്യത്തിന് വിദഗ്ധ ഉദ്യോഗാർത്ഥികളെ കിട്ടാനില്ല എന്നാണ് പറഞ്ഞത്. ഓരോ വർഷവും തൊഴിലിൽ പ്രവേശിക്കുന്ന 14 ദശലക്ഷം തൊഴിലാളികളിൽ 2 ദശലക്ഷം മാത്രമാണ് ഔപചാരിക പരിശീലനം ലഭിച്ചവർ. സ്കിൽ ഡവലപ്മെന്റ് ആൻഡ് എന്റർപ്രണർഷിപ്പ് മന്ത്രാലയത്തിൽ നിന്നു പുറത്തുവിട്ട വിവരങ്ങൾ പ്രകാരം 4.5 ശതമാനം ആളുകൾ മാത്രമെ വിദഗ്ധ പരിശീലനം നേടിയിട്ടുള്ളു. ഏറ്റവും ഒടുവിൽ നടത്തിയ സാമ്പിൾ സർവെയുടെ കണക്കുകൾ പ്രകാരം വടക്കു കിഴക്ക് മേഖലയിൽ ഇതിലും കുറവാണ് വിദഗ്ധ തൊഴിലാളികൾ. കൊറിയ പോലുള്ള രാജ്യങ്ങളിൽ വിദഗ്ധ തൊഴിലാളികളുടെ സംഖ്യ 96 ശതമാനമാണ്, ജപ്പാനിൽ 80 ശതമാനവും.

## വടക്കു കിഴക്കിന്റെ നൈപുണ്യ വികസന വെല്ലുവിളികൾ

നൈപുണ്യ വികസനത്തിൽ അനുവർത്തിക്കാവുന്ന പ്രാവർത്തിക മാതൃകയുടെ അഭാവമാണ് ഈ മേഖലയിലെ നൈപുണ്യവികസനം നേരിടുന്ന ഏറ്റവും വലിയ പ്രതിബന്ധം. ഇതിനു വേണ്ടി വടക്കു കിഴക്കൻ മേഖലയിൽ അടിയന്തിരമായി നൈപുണ്യ സർവകലാശാല സ്ഥാപിക്കുക എന്ന വെല്ലുവിളി നമുക്ക് മുന്നിലുണ്ട്. കുടിയേറ്റ സഹായ കേന്ദ്രങ്ങൾ സ്ഥാപിച്ച് ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ അവസരങ്ങളെ കുറിച്ച് ആവശ്യമുള്ള വിവരങ്ങൾ നല്കണം. തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് മേഖലയിലെ തോട്ടങ്ങളിൽ തൊഴിൽ ലഭ്യമാക്കണം. ഒപ്പം പ്രാദേശികമായ ജീവസസന്ധാരണ സൗകര്യങ്ങളും ലഭ്യമാക്കണം. തൈലം ശേഖരണം, നിർമ്മാണം തുടങ്ങി വൈദഗ്ധ്യം ആവശ്യമുള്ള തൊഴിലിടങ്ങൾ ഇവിടെ ധാരാളമായുണ്ട്. വടക്കു കിഴക്കൻ മേഖലയിലെ വികസനവും തൊഴിലവസര സൃഷ്ടി സാധ്യതകളും എന്നതു സംബന്ധിച്ച് 2011 -12 കാലത്ത് നടത്തിയ ഒരു പഠനത്തിൽ, ഈ മേഖലയിൽ മാത്രം 2.6 ദശലക്ഷം തൊഴിലവസരങ്ങൾ ഉണ്ട് എന്നാണ് കണ്ടെത്തിയത്. ഇതിൽ പകുതിയും അസമിൽ മാത്രമാണ്. ഏകദേശം 1,234,357 തൊഴിലവസരങ്ങൾ. മേഖലയിൽ 2.6 ദശലക്ഷം തൊഴിലവസരങ്ങൾ പുതുതായി സൃഷ്ടിക്കപ്പെടും, എന്നാൽ മനുഷ്യവിഭവശേഷി 16.8 തൊഴിലാളികൾ മാത്രമായിരിക്കും.അതിനാൽ നൈപുണ്യ വികസനത്തിന് പ്രാദേശിക തൊഴിലന്വേഷകർക്കും കുടിയേറ്റ വിഭാഗത്തിനും വേണ്ടി ദ്വിവിധ സമീപനമാണ് ആവശ്യം. നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട പദ്ധതികൾ ജനങ്ങളിൽ എത്തിക്കുക, വിദൂര ഗ്രാമീണ മേഖലകളിൽ യുവാക്കൾക്ക് വിദ്യാഭ്യാസവും പ്രോത്സാഹനവും നല്കുക എന്നിവയാണ് മറ്റൊരു വലിയ വെല്ലുവിളി.

നിലവാരമുള്ളവരിൽ നിന്ന് പരിശീലനം നേടിയവരിലേയ്ക്ക് ഉള്ള മാറ്റമാണ് ഇന്ത്യൻ തൊഴിൽ മേഖലയിൽ ഇന്ന് കാണുന്ന പ്രവണത. ബേട്ടി ബച്ചാവോ, ബേട്ടി പഠാവോ, ഡിജിറ്റൽ ഇന്ത്യ തുടങ്ങിയ പദ്ധതികളിലൂടെ ഗവൺമെന്റ് ചെറുപ്പക്കാർക്ക് പ്രത്യേകിച്ച് വനിതകൾക്ക് നിർബന്ധമായി കമ്പ്യൂട്ടർ സാക്ഷരത നല്കി വരുന്നു. ഭിന്ന ശേഷിയുള്ളവർക്കും ഗവൺമെന്റ് ഇത്തരം പരിശീലനങ്ങൾ നല്കേണ്ടിയിരിക്കുന്നു. മേൽ സൂചിപ്പിച്ച വിഭാഗങ്ങളെ ഒരു കുടക്കീഴിൽ അണിനിരത്താൻ സാധിച്ചാൽ ശാക്തീകരണത്തിലൂടെ ജീവിത പരിവർത്തനം എന്ന സ്വപ്നം ഒരു പരിധി വരെ യാഥാർത്ഥ്യമാക്കാൻ സാധിക്കും.

## സേതുബന്ധനം

വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ ബഹുമുഖ നൈപുണ്യ പരിശീലന സൗകര്യങ്ങൾ അടിയന്തിരമായി ഏർപ്പെടുത്തേണ്ടിയിരിക്കുന്നു.ഇതോടൊപ്പം മേഖലയിലെ ഉന്നതവിദ്യാഭ്യാസത്തെ സംരംഭക സംബന്ധിയായി മാറ്റുകയും വേണം. തൊഴിലധിഷ്ഠിത പഠനം തൊഴിൽ വീഥികളിലേയ്ക്ക് നയിക്കും. തൊഴിൽ പരിശീലനങ്ങൾ ആകർഷകവും ആവശ്യങ്ങൾ നിറവേറ്റുന്നതും കുടിയേറ്റ വെല്ലുവിളികളെ നേരിടാൻ പര്യാപ്തവുമാകണം. വ്യത്യസ്തമായ വീക്ഷണങ്ങളിൽ കൂടി നൈപുണ്യ വികസന പ്രവർത്തനങ്ങളെ കാണേണ്ടതുണ്ട്. മേഖലയിലെ ഭൂരിഭാഗം ജനങ്ങളും കാർഷിക മനസുള്ളവരാണ്. അതിനാൽ വടക്കു കി

ഴക്കൻ മേഖലയിലെ ആവശ്യാധിഷ്ഠിത നൈപുണ്യ വികസനത്തെയും സംരംഭകത്വ പ്രോത്സാഹനത്തെയും കുറിച്ച് ഇവിടുത്തെ ജനങ്ങളെ ബോധവത്ക്കരിക്കേണ്ടത് ആവശ്യമാണ്. മേഖലയിലെ സാമ്പത്തിക സാധ്യതകളെ കുറിച്ച് പ്രത്യേകിച്ച് എപ്രകാരം വിപണിയും നൈപുണ്യ വികസനവുമായി ബന്ധപ്പെടുത്താനുള്ള മാനദണ്ഡങ്ങൾ ക്രോഡീകരിച്ച് അവയെ പ്രയോജനപ്പെടുത്താമെന്ന് വളർന്നു വരുന്ന ചെറുപ്പക്കാരുടെ തലമുറയെ ബോധ്യപ്പെടുത്തേണ്ടിയിരിക്കുന്നു. വടക്കു കിഴക്കൻ മേഖലയിലെ ചെറുപ്പക്കാരുടെ കഴിവുകൾ പ്രയോജനപ്പെടുത്താനും, മറ്റു പ്രദേശങ്ങളിലേയ്ക്കുള്ള അവരുടെ കുടിയേറ്റം നിരുത്സാഹപ്പെടുത്താനും ശേഷി വികസനത്തിനും അവയുടെ നവീകരണത്തിനുമുള്ള വിഭവഭൂപടം രൂപകല്പന ചെയ്യാനും ഗവൺമെന്റ് അടിയന്തിരമായി തയാറാകണം.

വൈവിധ്യമാർന്ന പഴം-പച്ചക്കറികളുടെയും വിളകളുടെയും ഇടമായ വടക്കു കിഴക്ക് സംസ്ഥാനങ്ങൾ ഭക്ഷ്യ സംസ്കരണ വ്യവസായത്തിന്റെ കേന്ദ്രമായി മാറാൻ പോവുകയാണ്. ഇത് ഈ മേഖലയിലെ യുവാക്കൾക്ക് വൻ തൊഴിലവസരങ്ങളാണ് വാഗ്ദാനം ചെയ്യുന്നത്. മറ്റൊരു മേഖല കൈത്തറിയാണ്.പ്രാദേശിക, ദേശീയ വിപണിയിൽ വൻ ഡിമാന്റുള്ള ഉത്പ്പന്നങ്ങളാണ് ഇവിടെ നിർമ്മിക്കപ്പെടുന്നത്. ഈ മേഖലയിൽ കുറെക്കൂടി സാങ്കേതിക വികസനും പ്രായോഗിക പരിജ്ഞാനവും കൊണ്ടുവന്നാൽ പാരമ്പര്യം നിലനിർത്തിയുള്ള കരകൗശല വിദ്യയുടെ സമഗ്രമായ വളർച്ചക്ക് അത് നിമിത്തമാകും.

സ്റ്റാർട്ട് അപ് കമ്പനികൾ പ്രോത്സാഹിപ്പിച്ച് സംരംഭകത്വം വികസിപ്പിക്കാനുള്ള അനുകൂലമായ സാഹചര്യങ്ങളും വടക്കു കിഴക്ക് സംസ്ഥാനങ്ങളിലുണ്ട്. നൈപുണ്യ സമ്പാദനം, മൂലധനം, വിപണന ശൃംഖല, വിനിമയം, സംരംഭക സംസ്കാരം, വിപണന തന്ത്രങ്ങൾ തുടങ്ങിയവയ്ക്ക് അനുയോജ്യമായ ആവാസ വ്യവസ്ഥയാണ് ഇപ്പോൾ ഇവിടെയുള്ളത്.

ഈ മേഖലയുടെ മുഖച്ഛായ മാറ്റാൻ പോന്ന മറ്റു ചില മേഖലകൾ വിനോദസഞ്ചാരം, മെഡിക്കൽ, ഔഷധ നിർമ്മാണം, കാർഷിക വ്യവസായം, എൻജിനിയറിങ്, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, വാഹനമേഖല, നിർമ്മാണം, ഇലക്ട്രോണിക്സ്, പ്ലംബിങ്, വസ്ത്രവ്യവസായം തുടങ്ങിയവയാണ്. വ്യവസായ വികസനങ്ങൾക്കൊപ്പം ഗ്രാമങ്ങളുടെ ശാക്തീകരണവും ഇവിടെ നടക്കണം. സാമ്പത്തിക ശാക്തീകരണം, പങ്കാളിത്ത വികസനം എന്നിവ ഇവയ്ക്കു പിന്തുണയായി ഉണ്ടാവണം. അതിന് പൊതുമേഖലയും സ്വകാര്യ മേഖലയും പ്രതിജ്ഞാബദ്ധരാവുകയും വേണം. എങ്കിൽ മാത്രമെ നിർണായമമായ നേട്ടങ്ങൾ കൈവരിക്കാനാവൂ.

*(FICCI സ്കിൽ ഡവലപ്മെന്റ് ഫോറത്തിന്റെ കോ-ചെയർമാനാണ് ലേഖകൻ)*

*വിജ്ഞാനപാത*

## ത്രിപുര : ചില വസ്തുതകൾ

വലുപ്പത്തിൽ ഇന്ത്യയിലെ മൂന്നാമത്തെ ചെറിയ സംസ്ഥാനമായ ത്രിപുര, റബറുത്പാദനത്തിൽ കേരളത്തിന് തൊട്ടുപിന്നിലായി രണ്ടാം സ്ഥാനത്താണ്. NH-44 ത്രിപുരയെ മറ്റു സംസ്ഥാനങ്ങളുമായി ബന്ധിപ്പിക്കുന്ന ഏക ദേശീയപാത എന്ന നിലയിൽ ത്രിപുരയുടെ ജീവനാഡി എന്ന് അറിയപ്പെടുന്നു. അസം കഴിഞ്ഞാൽ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ ഏറ്റവും ജനസംഖ്യ കൂടിയ സംസ്ഥാനമാണ് ത്രിപുര. സിപാഹി ജോല (Sipahijola), ഗുംതി (Gumti), റോവ (Rowa), തൃഷ്ണ (Trishna) എന്നിവയാണ് പ്രധാന വന്യജീവി സങ്കേതങ്ങൾ. ക്ലൗഡ് ലപ്പേർഡ്, രാജ്ബാരി എന്നിവ പ്രധാന വന്യജീവി സങ്കേതങ്ങളാണ്. രുദ്രസാഗർ തടാകം ദേശാടന പക്ഷികളുടെ സങ്കേതം എന്ന നിലയിൽ പ്രസിദ്ധമാണ്.

# വടക്കു കിഴക്കൻ മേഖല:

# ചില വസ്തുതകളും കണക്കുകളും

വടക്കു കിഴക്കൻ മേഖലയിലെ വിവിധ സംസ്ഥാനങ്ങളിൽ അടിസ്ഥാനസൗകര്യവികസനത്തിനായി നോൺ ലാപ്സബിൾ സെൻട്രൽ പൂൾ ഓഫ് റിസോഴ്സസിൽ (എൻഎൽസിപിആർ) നിന്നു 2016 ഫെബ്രുവരി വരെ 14309.23 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി നല്കിയിട്ടുണ്ട്. അതാതു സംസ്ഥാന സർക്കാരുകൾ നല്കിയ 1569 പദ്ധതുകൾക്കാണ് ഈ തുക അനുവദിച്ചത്. ഇതിൽ 5846.2 കോടി രൂപയുടെ 890 പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. ശേഷിച്ച 8463.01 കോടി രൂപയുടെ 679 പദ്ധതികൾ നിർവഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇതിനു പുറമേ കഴിഞ്ഞ മൂന്നുവർഷമായി 3867.90 കോടി രൂപയുടെ 247 പദ്ധതികൾ നടപ്പാക്കി വരികയും ചെയ്യുന്നു.

ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ പൂർത്തിയാക്കുവാൻ നടപ്പുവർഷം ഫെബ്രുവരി 26 വരെ 376.61 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ 120.97 കോടി രൂപയുടെ 17 പുതിയ പദ്ധതികൾക്ക് അനുമതി നല്കുകയും ചെയ്തു.

## വടക്കു കിഴക്കൻ മേഖലയിലെ ആധുനിക സൗകര്യങ്ങൾ

വടക്കു കിഴക്കൻ മേഖലയിലെ സാമൂഹ്യ, സാമ്പത്തിക വികസനം ത്വരിതപ്പെടുത്തുന്നതിനായി കേന്ദ്രമന്ത്രാലയങ്ങളും ഡിപ്പാർട്ടുമെന്റുകളും വിവിധ നടപടികൾ സ്വീകരിച്ചു വരികയാണ്. ഇതിനായി കുറഞ്ഞത് അവരുടെ ബജറ്റിന്റെ 10 ശതമാനം വടക്കുകിഴക്കൻ മേഖലയ്ക്കായി നീക്കി വയ്ക്കുന്നുണ്ട്. വടക്കുകിഴക്കൻ മേഖലയുടെ വികസനത്തിനായുള്ള മന്ത്രാലയവും (ഡിഇഎൻഇആർ) വടക്കുകിഴക്കൻ കൗൺസിലും (എൻഇസി) ഈ മേഖലയിലെ അടിസ്ഥാനസൗകര്യ വികസനത്തിലെ വിടവു നികത്തുന്നതിനാവശ്യമായ ഫണ്ട് നല്കിവരുന്നുണ്ട്.

വടക്കുകിഴക്കൻമേഖലയുടെ വികസനത്തിനുള്ള മന്ത്രാലയത്തിനാണ് എൻഎൽസിപിആർ പദ്ധതികളുടെ നടത്തിപ്പ്. ആരോഗ്യമേഖലയിൽ 63313.36 ലക്ഷം രൂപയുടെ 53 പദ്ധതികൾക്കും വിദ്യാഭ്യാസമേഖലയിൽ 145416.55 ലക്ഷം രൂപയുടെ 168 പദ്ധതികൾക്കും മന്ത്രാലയം ഇതുവരെ അനുമതി നല്കിക്കഴിഞ്ഞു. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ വിവിധ മേഖലകളിൽ വടക്കുകിഴക്കൻ കൗൺസിലും (എൻഇസി) നിരവധി പദ്ധതികൾ നടപ്പാക്കി വരുന്നു. വ്യവസായമേഖലയിൽ എൻഇസി 17322.12 ലക്ഷം രൂപയുടെ 41 പദ്ധതികളും ആരോഗ്യമേഖലയിൽ 40870.85 ലക്ഷം രൂപയുടെ 58 പദ്ധതികളും വിദ്യാഭ്യാസമേഖലയിൽ 24294.98 ലക്ഷം രൂപയുടെ 78 പദ്ധതികളും നടപ്പാക്കി വരികയാണ്.

രാജ്യാന്തര അതിർത്തിക്കടുത്തു താമസിക്കുന്ന ജനങ്ങളുടെ വികസനാവശ്യങ്ങൾ നിറവേറ്റുന്നതിനായി ആഭ്യന്തര മന്ത്രാലയം നടപ്പുവർഷം 27757.86 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

മാനവ വിഭവശേഷി വികസനമന്ത്രാലയത്തിന്റെ കീഴിലുള്ള സ്കൂൾ വിദ്യാഭ്യാസ-സാക്ഷരത വകുപ്പ് 630 പുതിയ സ്കൂളുകൾക്ക് അനുമതി നല്കിയിട്ടുണ്ടെന്നു മാത്രമല്ല വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി 3334 സ്കൂളുകൾ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർഎസ്എംഎ) എന്ന പദ്ധതിയനുസരിച്ചാണിത്. ഈ പദ്ധതി തുടങ്ങിയതു മുതൽ ഇതുവരെ 122884.36 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു.

## അടിസ്ഥാന സൗകര്യ പ്രശ്നങ്ങളുടെ വിലയിരുത്തൽ

വടക്കു കിഴക്കൻ മേഖല നേരിടുന്ന പലവിധ സാമൂഹ്യ സാമ്പത്തിക വെല്ലുവിളികളും അടിസ്ഥാനസൗകര്യമേഖലയിലെ പ്രശ്നങ്ങളും വടക്കുകിഴക്കൻ കൗൺസിൽ സമയാസമയങ്ങളിൽ വിലയിരുത്താറുണ്ട്. വടക്കു കിഴക്കൻ മേഖലയിലെ പ്രത്യേക ത്വരിത റോഡ് വികസന പദ്ധതിയുടെ അടിസ്ഥാനത്തിലുള്ള ഗതാഗത പദ്ധതി, വൈദ്യുതി പ്രസരണ-വിതരണ സാധ്യതാ പഠനങ്ങൾ, വടക്കു കിഴക്കൻ മേഖല വിഷൻ 2020 ഡോക്യുമെന്റ്, ദാരിദ്ര്യനിർമാർജനം സംബന്ധിച്ച സാധ്യതാ പഠന റിപ്പോർട്ട്, ടൂറിസം മാസ്റ്റർ പ്ലാൻ, ആരോഗ്യതൊഴിൽ

വികസന പദ്ധതി, വടക്കു കിഴക്കൻ മേഖലയെ വ്യോമയാന ഗതാഗതവുമായി ബന്ധിപ്പിക്കാനുള്ള പദ്ധതി തുടങ്ങിയവ ഇവയിൽ പ്രധാനപ്പെട്ടതാണ്.

ഈ മേഖലയിലെ റോഡ്, പാലങ്ങൾ, ബസ്, ട്രക്ക് ടെർമിനലുകൾ, വിമാനത്താവളം തുടങ്ങിയ ഗതാഗത സൗകര്യങ്ങൾ, വൈദ്യുതി ഉത്പാദനവും വിതരണവും, ജലസേചനം, ജലവിഭവ മാനേജ്മെന്റ്, വിദ്യാഭ്യാസം, ആരോഗ്യം, കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും, വ്യവസായം, ടൂറിസം, ശാസ്ത്ര- സാങ്കേതികം, സ്പോർട്സ്, ഉപജീവന മാർഗം ലഭ്യമാക്കൽ തുടങ്ങിയ മേഖലകളിൽ വടക്കു കിഴക്കൻ കൗൺസിൽ സ്ഥാപിതമായതു മുതൽ ഇതുവരെ 12758 കോടി രൂപ നിക്ഷേപിച്ചിട്ടുണ്ട്.

അന്തർ സംസ്ഥാന തലത്തിൽ 10949 കിലോമീറ്റർ റോഡ്, 11 അന്തർ സംസ്ഥാന ബസ് ടെർമിനലുകൾ, മൂന്ന് അന്തർ സംസ്ഥാന ട്രക്ക് ടെർമിനലുകൾ തുടങ്ങിയവ ഈ മേഖലയിലെ സംസ്ഥാനങ്ങളിൽ നിർമിക്കാൻ വടക്കു കിഴക്കൻ കൗൺസിലുകൾക്കു ഈ കാലയളവിൽ സാധിച്ചു. കൂടാതെ ഗുവാഹത്തി, സിൽച്ചാർ, ജോർഹത്, ദീബ്രുഗഡ്, ലൈലാബാരി, തേസ്പൂർ, ഉമ്രോയ്, ലെംഗ്പൂയ്, ദീയാംപൂർ, ഇംഫാൽ, അഗർത്തല, തെസു എന്നീ വിമാനത്താവളങ്ങൾ നവീകരിക്കുന്നതിനുള്ള പദ്ധതിച്ചെലവിൽ 60 ശതമാനത്തോളം വഹിച്ചത് കൗൺസിലാണ്. എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ വഴിയാണ് ഈ നവീകരണ പദ്ധതി നടപ്പാക്കിയത്.

## ബജറ്റിലെ വകയിരുത്തൽ

2016-17-ലെ കേന്ദ്ര ബജറ്റിൽ വടക്കുകിഴക്കൻ വികസന മന്ത്രാലയത്തിനുള്ള തുക 2334.5 കോടി രൂപയിൽനിന്നു 2,400 കോടി രൂപയായി വർധിപ്പിച്ചിരിക്കുകയാണ്. ഈ മേഖലയുടെ പൊതുവായ വികസനത്തിന് ഊന്നൽ നല്കിക്കൊണ്ടാണ് ബജറ്റിൽ തുക വകയിരുത്തിയിട്ടുള്ളത്.

ഈ മേഖലയെ പരസ്പരം ബന്ധിപ്പിക്കൽ, നൈപുണ്യവികസനം, ജൈവ മൂല്യ ശൃംഖലാ വികസനം തുടങ്ങിയവ ഉൾപ്പെടെയുള്ള വികസനത്തിനാണ് ഊന്നൽ കൊടുത്തിട്ടുള്ളത്. ഇതിൽ ഏറ്റവും മുഖ്യമായ ബജറ്റ് പ്രഖ്യാപനം ജൈവ മൂല്യ ശൃംഖലാ വികസനം തന്നെയാണ്. ഇതിനു നീക്കിവച്ചിട്ടുള്ളത് 115 കോടി രൂപയാണ്. ഇത് ഈ മേഖലയിൽ വലിയ മാറ്റത്തിനു വഴിതെളിക്കുമെന്നാണു പ്രതീക്ഷിക്കുന്നത്.

വടക്കുകിഴക്കൻ മേഖലയിലെ ജൈവ സംരംഭക സാധ്യതകൾ ഉപയോഗപ്പെടുത്തുവാൻ മാത്രമല്ല, ഈ മേഖലയെ പുതിയ സംരഭം ആരംഭിക്കുന്നതിനുള്ള ആകർഷകസ്ഥലവും കൂടിയായി മാറ്റും. സിക്കിമിനെ അടുത്തകാലത്തു പ്രധാനമന്ത്രി രാജ്യത്തെ ആദ്യത്തെ ജൈവ സംസ്ഥാനമായി പ്രഖ്യാപിച്ചത് വടക്കുകിഴക്കൻമേഖലയെ ഇപ്പോൾതന്നെ മുഖ്യ സംരംഭക ലക്ഷ്യസ്ഥാനമായി മാറ്റിയിട്ടുണ്ട്.

അൻപത്തിയാറു മന്ത്രാലയങ്ങളിൽ നിന്നായി വടക്കു കിഴക്കൻ മേഖലയ്ക്കു 33097.02 കോടി രൂപ 2016-17 ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. മുൻവർഷത്തെ ബജറ്റ് എസ്റ്റിമേറ്റായ 29087.93 കോടി രൂപയേക്കാൾ 14 ശതമാനം കൂടുതലാണിത്.

പുതിയതായി ആരംഭിച്ചിട്ടുള്ള വടക്കു കിഴക്കൻ റോഡ് മേഖല വികസന പദ്ധതിക്കു 150 കോടി രൂപ ബജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്. വടക്കു കിഴക്കൻ മേഖലയിലെ അന്തർസംസ്ഥാന റോഡുകൾ വികസിപ്പിക്കുവാൻ ഇതു സഹായിക്കും. ഇതിനുപുറമേ ഈ മേഖലയിലെ റോഡ് നിർമാണത്തിനും സംരക്ഷണച്ചെലവുകൾക്കുമായി ഏഷ്യൻ വികസന ബാങ്ക് (എഡിബി) ഫണ്ടു നല്കുകയും ചെയ്യും.

വടക്കു കിഴക്കൻ വികസന മന്ത്രാലയത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രവർത്തനം ഇന്ത്യയും ബംഗ്ലാദേശും തമ്മിലുള്ള റെയിൽ ബന്ധം വർധിപ്പിക്കുന്നതിനു ഫണ്ടു നല്കുക എന്നതാണ്. 'ആക്ട് ഈസ്റ്റ് പോളിസി' എന്ന നയത്തിന്റെ അടിസ്ഥാനത്തിലാണ് മന്ത്രാലയത്തിന്റെ ഈ മുൻകൈയെടുക്കൽ. ഈ ബജറ്റിൽ ഇതിനായി മന്ത്രാലയത്തിനു 587 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

രാജ്യത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി പതിനായിരം കോടി രൂപ നീക്കി വച്ചിട്ടുണ്ട് ബജറ്റിൽ. ഇതിൽനിന്നു വടക്കു കിഴക്കൻ മേഖലയ്ക്കു 1623 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ബോഡോ ട്രൈബൽ കൗൺസിലിന് 300 കോടി രൂപയും ഗവൺമെന്റ് നീക്കിവച്ചിട്ടുണ്ട്.



# മോട്ടോർവാഹന മലിനീകരണ നിയന്ത്രണം ഭാരത് VIലേക്ക്

ഡോ. പി.എം. മുഹമ്മദ് നജീബ്

കേന്ദ്ര ഉപരിതല ഗതാഗത മന്ത്രി നിതിൻ ഗഡ്കരി പുതുവർഷത്തിൽ ടിറ്റർ സന്ദേശത്തിലൂടെ മോട്ടോർ വാഹന രംഗത്ത് വിപ്ലവകരമായ മാറ്റം വരുത്താനുതകുന്ന വാർത്ത പുറത്തുവിട്ടു. നമ്മുടെ രാജ്യത്ത് 01-04-2020 മുതൽ ഭാരത് VI നിലവാരമുള്ള വാഹനങ്ങളും അതിനനുസൃതമായ ഇന്ധനവും ആയിരിക്കും ഉണ്ടാകുക എന്നായിരുന്നു സന്ദേശം. വാഹനപുക മലിനീകരണ നിയന്ത്രണ നിലവാരം സൂചിപ്പിക്കുന്ന ഭാരത് സ്റ്റേജ് IV ൽ നിന്നും V മറികടന്ന് നേരിട്ട് നാം VIലേക്ക് കുതിക്കുകയാണ്. രാജ്യതലസ്ഥാനമുൾപ്പെടെ നമ്മുടെ നഗരങ്ങൾ നേരിടുന്ന കടുത്ത അന്തരീക്ഷ മലിനീകരണത്തിന്റെ സാഹചര്യത്തിലാണ് ഈ നടപടി. ഈ സാഹചര്യത്തിൽ വാഹനപുക മലിനീകരണ നിയന്ത്രണ രീതികളും അവ നടപ്പാക്കുന്ന ഘട്ടങ്ങളും ഒന്നു പരിചയപ്പെടാം.

## മോട്ടോർ വാഹനങ്ങളും അന്തരീക്ഷ മലിനീകരണവും

മോട്ടോർ വാഹനങ്ങൾ സാധാരണയായി പെട്രോളിയം ഉത്പന്നങ്ങളായ പെട്രോൾ, ഡീസൽ എന്നീ ഇന്ധനങ്ങൾ എഞ്ചിനകത്ത് കത്തിച്ച് തത്ഫലമായി ഉണ്ടാകുന്ന താപോർജ്ജം, യാന്ത്രികോർജ്ജമായും, പിന്നീടത് ഗതികോർജ്ജവുമാക്കി മാറ്റുന്നു. ഇന്ധനം കത്തുമ്പോൾ ഉണ്ടാകുന്ന പുകയും മാലിന്യങ്ങളും പുകക്കുഴൽ വഴി അന്തരീക്ഷത്തിലേക്കു തള്ളുന്നു. ഇതിൽ കാർബൺ മോണോക്സൈഡ് (CO), നൈട്രജൻ ഓക്സൈഡ് ($NO_X$), ഹൈഡ്രോ കാർബൺ (HC), പർട്ടിക്കുലേറ്റ് മാറ്റർ (PM) എന്നിവയും കാർബൺ കണികകളുമാണ് പ്രധാനമായും അടങ്ങിയിട്ടുള്ളത്. ഇവ മനുഷ്യനും മറ്റു ജീവികൾക്കും പ്രകൃതിക്കും ദോഷം വരുത്തുന്ന അളവിൽ നിന്നും എത്രയോ അധികമായിട്ടുണ്ട്. ലോകത്ത് അന്തരീക്ഷ മലിനീകരണത്തിനും കാലാവസ്ഥാ മാറ്റത്തിനും, ആഗോളതാപനത്തിനും പ്രധാന കാരണമാകുന്ന മോട്ടോർ വാഹനങ്ങളുടെ എണ്ണം വികസിത, വികസ്വര രാജ്യങ്ങളിൽ വൻതോതിൽ വർദ്ധിക്കുന്നത് ആശങ്കയുളവാക്കുന്നു. ഈ സാഹചര്യത്തിൽ ഓരോ വാഹനവും പുറത്തുവിടുന്ന മാലിന്യം പരമാവധി കുറയ്ക്കാനായി ഇന്ധനത്തിന്റെ ഗുണമേന്മയും വാഹന എഞ്ചിന്റെ പ്രവർത്തനമികവും ഘട്ടം ഘട്ടമായി പരിഷ്കരിക്കുകയാണ് യൂറോ/ഭാരത് ഘട്ടങ്ങൾ വഴി ലക്ഷ്യമിടുന്നത്.

## ചരിത്ര പശ്ചാത്തലം

തുടക്കത്തിൽ വാഹനങ്ങൾ വിരളമായിരുന്ന സാഹചര്യത്തിൽ പുകമലിനീകരണ നിയന്ത്രണം ഉണ്ടായിരുന്നില്ല. 1991ൽ യൂറോപ്പ് നിയന്ത്രണം തുടങ്ങിയെങ്കിലും 1999 ഏപ്രിൽ 29ന് സുപ്രീംകോടതി ഉത്തരവു പ്രകാരമാണ് ഇന്ത്യയിൽ വാഹന പുകമലിനീകരണ നിയന്ത്രണം തുടങ്ങിയത്. 1999 ജൂൺ 1

| Petrol Emission Norms | | | | |
|---|---|---|---|---|
| (All figrs in g/km) | | | | |
| Emission Norms | CO | HC | $NO_x$ | PM |
| BS III | 2.30 | 0.20 | 0.15 | - |
| BS IV | 1.00 | 0.10 | 0.08 | - |
| Euro 6 | 1.00 | 0.10 | 0.06 | 0.005 |

| **Diesel Emission Norms** (g/km) | | | | | |
|---|---|---|---|---|---|
| Emission Norms | CO | HC | $NO_x$ | HC + $NO_x$ | PM |
| BS III | 0.64 | - | 0.50 | 0.56 | 0.05 |
| BS IV | 0.50 | - | 0.25 | 0.30 | 0.025 |
| Euro 6 | 0.50 | - | 0.06 | 0.17 | 0.005 |

മുതൽ രാജ്യത്ത് യൂറോ I അല്ലെങ്കിൽ 'ഇന്ത്യാ 2000' നിലവാരം നടപ്പിലായി. 2000 ഏപ്രിൽ 1 മുതൽ ഡൽഹിയിൽ യൂറോ II നിലവാരവും നിബന്ധിതമാക്കി. തുടർന്ന് ഭാരതസർക്കാർ, മലേഷ്ക്കർ കമ്മിറ്റി നിർദ്ദേശപ്രകാരം ഭാരത് II, III, IV എന്നിങ്ങനെ ഘട്ടം ഘട്ടമായി വാഹനങ്ങളും, ഇന്ധനവും പരിഷ്കരിച്ചു വരികയായിരുന്നു. 2017ൽ ബിഎസ് V (Bharat Stage) നടപ്പാക്കേണ്ടിയിരുന്നതിനു പകരം 2020ൽ ബിഎസ് VI നേരിട്ട് നടപ്പിലാക്കാനാണ് ഭാരതസർക്കാർ ഇപ്പോൾ ഉദ്ദേശിക്കുന്നത്. ഡൽഹിയിലും 13 വൻ നഗരങ്ങളിലും മാത്രമാണ് ഭാരത് IV നടപ്പിലായിട്ടുള്ളത്. ആയതിനാൽ പലയിടങ്ങളിലും ഭാരത് IIIൽ നിന്നു വേണം ഭാരത് VIലേക്ക് മാറ്റം വരുത്താൻ. വാഹന നിർമ്മിതിയിൽ, പ്രധാനമായും എഞ്ചിനും പുകനിർഗമന സംവിധാനത്തിലും, ഇന്ധനത്തിന്റെ ഗുണമേന്മയിലുമാണ് മാറ്റം വരുത്തുക.

## വാഹന നിർമ്മാതാക്കളും പെട്രോളിയം കമ്പനികളും

വാഹനത്തിന്റെ എഞ്ചിന്റെ പ്രവർത്തനം കഴിയുന്നത്ര കുറ്റമറ്റതാക്കുകയും ഇന്ധനം കത്തുന്ന പ്രക്രിയ ഫലപ്രദമാക്കുകയും വഴി പുറംതള്ളുന്ന മാലിന്യങ്ങൾ കുറക്കാനാവും. വായുവും ഇന്ധനവും ശുദ്ധമായിരിക്കേണ്ടതും പ്രധാനമാണ്. ഇതിനായി വാഹന എഞ്ചിൻ കമ്പ്യൂട്ടർ നിയന്ത്രിത രീതിയിൽ ഇന്ധനം നിയന്ത്രിക്കുകയും കത്തൽ പ്രക്രിയ - പരിപൂർണ്ണമാണ് എന്നുറപ്പാക്കുകയും ചെയ്യാൻ കഴിയും. അരിച്ചെടുത്ത ശുദ്ധ ഇന്ധനവും വായുവും എഞ്ചിന്റെ പ്രവർത്തനത്തിന് കൃത്യമായി ആവശ്യമായ അളവിലും അനുപാതത്തിലും എത്തിച്ചു കത്തിക്കുകയും, കത്തിക്കഴിഞ്ഞ പുക ശുദ്ധീകരിക്കാനുള്ള സംവിധാനങ്ങൾ പുകനിർഗമന സംവിധാനത്തിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നത് വിലകൂടിയ വാഹനങ്ങളിൽ സാധാരണമാണ്. വലിയ വാഹനങ്ങളിൽ ഉപയോഗിക്കുന്ന ഡീസൽ എഞ്ചിൻ മാരകമായ PM കൂടുതൽ പുറത്തുവിടുന്നത് കാരണം ഡീസൽ വാഹനങ്ങളെ കൂടുതലായി നിയന്ത്രിക്കേണ്ടിവരുന്നു.

വാഹന നിർമ്മാതാക്കൾ എഞ്ചിനും പുകനിർഗമന സംവിധാനവും പരിഷ്കരിക്കാൻ ഗവേഷണത്തിനും പരിഷ്കാരക പ്രവർത്തനങ്ങൾക്കും വൻ മുതൽമുടക്കു നടത്തേണ്ടി വരും. ഇന്ധന കമ്പനിക

ളുടെ നിലവിലുള്ള പ്ലാന്റുകൾ പരിഷ്കരിക്കുകയും പുതിയ യന്ത്ര സാമഗ്രികൾ സംഘടിപ്പിക്കുകയും ഗവേഷണ പഠനങ്ങൾ നടത്തുകയും ഇന്ധന ഗുണനിലവാരം ഉറപ്പിക്കുകയും ചെയ്യാൻ 50,000 മുതൽ 80,000 കോടി വരെ മുതൽമുടക്കു വേണ്ടിവരുമെന്ന് അറിയിച്ചുകഴിഞ്ഞു. സ്വാഭാവികമായും വാഹന വിലയിലും ഇന്ധന നിർമ്മാണ ചെലവിലും വർദ്ധനവുണ്ടാകും. എന്നാൽ പ്രകൃതിക്കും, കാലാവസ്ഥക്കും മനുഷ്യനും മൃഗങ്ങൾക്കും ആരോഗ്യ സംരക്ഷണത്തിനു വേണ്ടിവരുന്ന ചെലവിനോടു താരതമ്യം ചെയ്താൽ വളരെ തുച്ഛമായിരിക്കും ഇത്. വാഹനങ്ങൾ, ഇന്ധനം എന്നിവ ഉയർന്ന നിലവാരം പുലർത്തിയാലും ഉപയോഗിക്കുന്നവർ അതേവിധം വാഹന പരിപാലനവും ഇന്ധനത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തലും ചെയ്യേണ്ടിയിരിക്കുന്നു. നിയമ പരിപാലനം ഇക്കാര്യത്തിൽ ഉപകരണങ്ങളുടെ സഹായത്താൽ മാത്രമേ സാദ്ധ്യമാകുകയുള്ളൂ എന്നതും പ്രധാന പ്രശ്നമാണ്.



അന്തരീക്ഷ മലിനീകരണം തടയുന്നതിനുള്ള ശക്തമായ നടപടിയുടെ ഭാഗമായി കേന്ദ്ര പെട്രോളിയം മന്ത്രാലയം 30,000 കോടി രൂപ റിഫൈനറികളുടെ നവീകരണത്തിനായി മാറ്റിവച്ചു. BS VI ടെക്നോളജി പ്രായോഗിക തലത്തിൽ വരുത്തുവാൻ റിഫൈനറികളിലെ സൗകര്യങ്ങൾ നവീകരിക്കേണ്ടതുണ്ട്. പറഞ്ഞതിലും മുൻകൂറായി BS VI നടപ്പിൽവരുത്തുന്നതിനെതിരെ മോട്ടോർ വാഹന നിർമ്മാതാക്കളും രംഗത്തു വന്നിട്ടുണ്ട്. പെട്ടെന്നുള്ള ഈ മാറ്റം നിർമ്മാതാക്കൾക്ക് കടുത്ത സാമ്പത്തിക ബുദ്ധിമുട്ടുകൾ സൃഷ്ടിക്കും എന്നാണ് അവരുടെ അകാശവാദം. ലോകരാജ്യങ്ങൾ പിൻതുടരുന്ന Euro VI മാതൃകയ്ക്ക് സമതുല്യമായ ഇന്ത്യൻ മാതൃകയാണ് BS VI.

ഡൽഹിയിലെ വർദ്ധിച്ച അന്തരീക്ഷ മലിനീകരണം കണക്കിലെടുത്ത് BS VI പ്രാബല്യത്തിൽ വരുത്താൻ സുപ്രീംകോടതി ആവശ്യപ്പെട്ടതും ഈ ദിശയിലുള്ള നടപടി വേഗമാക്കുവാൻ ഗവണ്മെന്റിനെ പ്രേരിപ്പിക്കുന്നു. ഇതിൻപ്രകാരം BS VI മാതൃക പുതിയ വണ്ടികൾക്ക് 2020 ഏപ്രിലോടു കൂടിയും, ഇപ്പോൾ നിലവിലുള്ള വണ്ടികൾക്ക് 2021 ഓടു കൂടിയും ഈ സമ്പ്രദായം നടപ്പിൽ വരുത്തും. ഇത് സംബന്ധിച്ചുള്ള വിജ്ഞാപനം കേന്ദ്ര സർക്കാർ താമസിയാതെ പുറത്തിറക്കും എന്നാണറിയുന്നത്.

ഇന്നത്തെ ലഭ്യത അനുസരിച്ച് രാജ്യത്തെ 30 നഗരങ്ങളിൽ BS IV മാതൃകയിലുള്ള ഇന്ധനം ലഭ്യമാണ്. ബാക്കി നഗരങ്ങളിൽ ഇന്നും BS III മാതൃകയിലുള്ള ഇന്ധനമാണ് ലഭ്യമായിട്ടുള്ളത്.

## ആരോഗ്യ പ്രശ്നങ്ങൾ

വാഹനങ്ങളുടെ പുക മലിനീകരണവും ശബ്ദവും നഗരജീവിതം നരകതുല്യമാക്കികൊണ്ടിരിക്കുന്നു. ശ്വാസകോശ രോഗങ്ങളും ആസ്തമ തുടങ്ങിയവയും വ്യാപകമാണ്. വാഹന പുക മലിനീകരണത്തിൽ CO പ്രധാനമായും പെട്രോൾ വാഹനത്തിൽ നിന്നും പുറംതള്ളുന്നു. ഇവ നേരിട്ട് ശ്വസിച്ചാൽ രക്തത്തിലേക്ക് ഓക്സിജൻ എത്താതെ തലവേദനയും ബോധക്ഷയവും ഏറെനേരം തുടർന്നാൽ മരണംവരെയും സംഭവിക്കാം. CO പെട്ടെന്നു തന്നെ $CO_2$ ആയി മാറുന്നതിനാൽ തുറന്ന സ്ഥലത്ത് മാരകമാകാറില്ല. കത്താത്ത ഇന്ധന കണികകൾ വഴി HC യും പെട്രോൾ വാഹനങ്ങൾ കൂടുതലായി പുറംതള്ളുന്നു. ഇത് കുറഞ്ഞ സമയം ശ്വസിച്ചാൽ പോലും തലവേദന, ഛർദ്ദി തുടങ്ങി സ്ഥലകാലബോധം നഷ്ടപ്പെടുന്ന അവസ്ഥ വരെ ഉണ്ടാകാം. $NO_x$ സാധാരണ കൂടുതലായി ഡീസൽ വാഹനങ്ങളിലാണ്. ദീർഘനേരം ശ്വസിച്ചാൽ കണ്ണിനും, മൂക്കിലും എരിച്ചിൽ അനുഭവപ്പെടും. തുടർച്ചയായി ശ്വസിച്ചാൽ ശ്വാസ

കോശ പേശിക്ക് നാശം സംഭവിക്കും. PM എന്ന കരി പോലെയുള്ള പുകപടലങ്ങൾ കൂടുതലായി കാണുക ഡീസൽ പുകയിലാണ്. ഇത് ശ്വാസകോശ നാളികളെ നശിപ്പിക്കുകയും ശ്വാസകോശത്തിന്റെ പ്രവർത്തനം കുറച്ചുകൊണ്ടു വരികയും ചെയ്യുമെന്നതിനാൽ മാരകമാണ്. വാഹന പുകയിലെ മാലിന്യങ്ങൾ എത്ര കുറഞ്ഞാലും വാഹനം ദിനംപ്രതി വർദ്ധിക്കുന്നത് വീണ്ടും പ്രശ്നം ഗുരുതരമാക്കും.

### ഭാരത് VI പ്രശ്നങ്ങൾ പരിഹരിക്കുമോ?

വാഹനങ്ങളുടെ പുക പരമാവധി നിലവിലുള്ള സാങ്കേതിക വിദ്യകളുപയോഗിച്ചു മാലിന്യം കുറച്ചു മാത്രം പുറംതള്ളുകയും അതിനനുയോജ്യമായ വിധം ഇന്ധനം പരിഷ്കരിച്ച് വിതരണം നടത്തുകയുമാണ് സർക്കാർ ചെയ്യുന്നത്. എന്നാൽ ഏതു സാഹചര്യത്തിലും ഇന്ധനം കത്തുകവഴി അന്തരീക്ഷ മലിനീകരണം ഉണ്ടാകും, പക്ഷെ കുറച്ചുകൊണ്ടു വരുന്നു എന്നുമാത്രം. എന്നാൽ വാഹനം കൂടുകയും വീണ്ടും കൂടുതൽ ഇന്ധനം കത്തുകയും ചെയ്യുമ്പോൾ പ്രശ്നം പഴയ അവസ്ഥ പ്രാപിക്കും. വാഹനങ്ങളുടെ എണ്ണം, പ്രധാനമായും സ്വകാര്യ കാറുകളുടെയും, മോട്ടോർ സൈക്കിൾ മുതലായവയുടെയും ഉപഭോഗം നിയന്ത്രിക്കുകയും വലിയ പൊതുവാഹനങ്ങൾ വർദ്ധിപ്പിച്ച് യാത്രാസൗകര്യം ഒരുക്കുകയും ചെയ്യുകവഴി അന്തരീക്ഷ മലിനികരണം കുറയ്ക്കാനാകും. യൂറോപ്പ് സമാന്തരമായി സംയോജിത പൊതുവാഹന സമ്പ്രദായം നടപ്പിലാക്കി നഗരങ്ങളെ കാർ വിമുക്ത മേഖലയാക്കികൊണ്ടിരിക്കുന്നു. കാൽനടക്കാർക്കും, സൈക്കിൾ യാത്രക്കാർക്കും സൗകര്യമൊരുക്കിയാൽ ചെറിയ ദൂരയാത്രക്ക് മോട്ടോർവാഹനം ഒഴിവാക്കാനാകും. നല്ല പൊതുഗതാഗത സൗകര്യം, അതിന്റെ കൃത്യത, മലിനീകരണത്തെ കുറിച്ചുള്ള പൊതു അവബോധം വളർത്തുക മുതലായവ വഴി സ്വകാര്യ വാഹനങ്ങൾ കുറയ്ക്കാനാകും. ഭാരത് VI കൊണ്ടു മാത്രം നമ്മുടെ അന്തരീക്ഷം ശ്വസിക്കാനാകുംവിധം മാറുമെന്നു പ്രതീക്ഷിക്കാനാവില്ല. നാമെല്ലാം ഒറ്റക്കെട്ടായി സഹകരിച്ചാൽ മാത്രമെ അത് സാധ്യമാകൂ.

*(കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിൽ സീനിയർ മാനേജരാണ് ലേഖകൻ)*

---


ISSN-0971-8397

## യോജന വായിക്കൂ! വരിക്കാരാകൂ!

**വരിക്കാരാകാൻ കൂപ്പൺ ഉപയോഗിക്കുക**

*യോജനയുടെ വരിക്കാരനാകാൻ ഞാൻ ആഗ്രഹിക്കുന്നു. തുക മണിയോർഡർ/ഡ്രാഫ്റ്റ് ആയി നൽകുന്നു*

☐ **1 വർഷം – 230 രൂപ**

☐ **2 വർഷം – 430 രൂപ**

☐ **3 വർഷം – 610 രൂപ**

*(ടിക്ക് ചെയ്യുക)*

*പേര്* ..........

*വിലാസം* ..........

..........

*ജില്ല*..........

*പിൻകോഡ്* ..........

*വരിസംഖ്യയും വിലാസവും പുതുക്കുന്നതിന് വരിസഖ്യാ നമ്പർ കാണിക്കുക* ☐

*അയയ്ക്കേണ്ട വിലാസം :*

*എഡിറ്റർ, യോജന (മലയാളം), ഗവണ്മെന്റ് പ്രസ്സ് റോഡ്, തിരുവനന്തപുരം – 695001*
*ഫോൺ: 0471-2323826, e-mail: yojanamal50@yahoo.co.in*



# അന്താരാഷ്ട്ര പയർ വിള വർഷം

സുരേഷ് മുതുകുളം

കൃഷിയുടെ സുസ്ഥിരതയും കാർഷിക രംഗത്തിന്റെ പുരോഗതിയും ആഗോളതലത്തിൽ തന്നെ ഏവരും ഉറ്റുനോക്കുന്നു എന്നതിന് ഉത്തമ ദൃഷ്ടാന്തമാണ് ഇക്കഴിഞ്ഞ മൂന്നു വർഷങ്ങൾ. വർത്തമാന കാല കാർഷികമേഖലയുമായി ബന്ധപ്പെട്ട ഏറ്റവും പ്രധാന വിഷയങ്ങൾ ലോകജനത നെഞ്ചേറ്റണമെന്ന ആഗ്രഹത്തോടെ ഐക്യരാഷ്ട്ര സംഘടന ഈ മൂന്നു വർഷവും ഓരോ പുതിയ വിഷയം മുന്നോട്ടു വയ്ക്കുകയായിരുന്നു. ഭക്ഷ്യസുരക്ഷ കൈവരിക്കുന്നതിൽ കുടുംബ കൃഷിയിടങ്ങളുടെ പ്രാധാന്യം അടിവരയിട്ടു വ്യക്തമാക്കുന്നതായിരുന്നു 2014-ലെ അന്താരാഷ്ട്ര കുടുംബ കൃഷിവർഷം. ഏറ്റവും അമൂല്യ പ്രകൃതിവിഭവമായിരുന്നിട്ടു കൂടി ഇന്ന് ഭീഷണി നേരിടുന്ന മണ്ണിന്റെ വിലാപം സമൂഹ മനസ്സാക്ഷിയിൽ എത്തിക്കുന്നതായി 2015-ലെ അന്താരാഷ്ട്ര മണ്ണു വർഷം.

ഇപ്പോളിതാ മണ്ണിന്റെയും മനുഷ്യന്റെയും ആരോഗ്യം സംരക്ഷിക്കുന്നതിൽ മുഖ്യപങ്ക് വഹിക്കുന്ന പയർവിളകൾക്കു വേണ്ടി ഒരു വർഷാചരണം - 2016 അന്താരാഷ്ട്ര പയർവിള വർഷം (International Year of Pulses) ആയി ആചരിക്കുവാൻ ഐക്യരാഷ്ട്ര സംഘടന ആഹ്വാനം ചെയ്തിരിക്കുന്നു. ലോകത്തെ ഏറ്റവും ആരോഗ്യദായകമായ ഭക്ഷ്യവിള എന്നു പേരെടുത്ത പയർവിളകളുടെ പ്രാധാന്യം ഗ്രാമതലങ്ങളിൽ വരെ എത്തിക്കുക എന്നതാണ് വർഷാചരണത്തിന്റെ മുഖ്യ ലക്ഷ്യം.

## പയർ - മണ്ണിനും മനുഷ്യനും സമ്പത്ത്

മാംസ്യത്തി (protein) ന്റെ ഏറ്റവും സമ്പന്നമായ സ്രോതസാണ് പയർവിളകൾ. മനുഷ്യൻ ആദ്യം കൃഷിചെയ്യാൻ തുടങ്ങിയ വിളകളിലൊന്നാണ് പയർ. മണ്ണിനും മനുഷ്യനും പയർ ഒരുപോലെ പഥ്യവും. മറ്റ് പോഷകപ്രദമായ ആഹാര പദാർത്ഥങ്ങൾ വാങ്ങി ഉപയോഗിക്കാൻ കഴിയാത്ത നിർധന ജനതയെ പോലും അപര്യാപ്ത പോഷണത്തിൽ നിന്ന് കൈപിടിച്ചു കയറ്റുന്നത് മാംസ്യ സ്രോതസ്സായ പയർച്ചെടികളാണ്. പൊതുവെ പറഞ്ഞാൽ പയർവർഗങ്ങളിൽ ഏതാണ്ട് 25 ശതമാനത്തോളം മാംസ്യാംശം അടങ്ങിയിരിക്കുന്നു. ഇത് ഗോതമ്പിലുള്ളതിന്റെ രണ്ടിലൊന്നും അരിയിലുള്ളതിന്റെ മൂന്നിരട്ടിയും വരും എന്നാണ് കണക്കാക്കിയിരിക്കുന്നത്. മാത്രവുമല്ല പയറിലെ മാംസ്യം അനായസം ദഹിക്കുകയും ചെയ്യും. സംഭരിക്കാനും ദീർഘനാൾ കേടാകാതെ സൂക്ഷിച്ചു വയ്ക്കാനും യോജിച്ച ആഹാരപദാർത്ഥവുമാണ് പയർവർഗങ്ങൾ.

ഭക്ഷ്യ സുരക്ഷയിലും സുസ്ഥിര കൃഷിയിലും പയർവിളകളുടെ സ്ഥാനം എത്ര പറഞ്ഞാലും അധികമാകുകയില്ല. സസ്യാഹാരികൾക്ക് മാംസ്യക്കമ്മി വരാതെ സഹായിക്കുന്ന പ്രധാന ആഹാരപദാർത്ഥവും പയർ തന്നെ. പാൽ, മുട്ട എന്നിവയും മാംസ്യ സമ്പന്നമെങ്കിലും ഏറ്റവും ചെലവു കുറഞ്ഞ മാംസ്യാഹാരം എന്ന വിശേഷണത്തിന് അർഹത പയറിനു മാത്രമേയുള്ളു. ശരീര കോശങ്ങളുടെ വർദ്ധ

## അന്താരാഷ്ട്ര പയർവിള വർഷം - ലക്ഷ്യങ്ങൾ

- ഭക്ഷ്യവ്യവസ്ഥയിൽ പയർവിളകളുടെ ഉപഭോഗവും മൂല്യവും പ്രോത്സാഹിപ്പിക്കുക.
- സുസ്ഥിര കൃഷിയിലും പോഷണത്തിലും ഉൾപ്പെടുത്തുവാൻ ഉതകുംവിധം പയർവിളകളുടെ മേന്മകളെ കുറിച്ച് അവബോധം സൃഷ്ടിക്കുക.
- ആഗോളതലത്തിൽ തന്നെ പയർവിളകളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമാക്കി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
- കാലാനുസൃതമായ ഗവേഷണം പോഷിപ്പിക്കുക.
- വിളപരിക്രമത്തിൽ പയർവിളകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക.
- പയർവർഗ വിളകളുടെ വ്യവഹാരത്തിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുക.
- ഭക്ഷ്യശൃംഖലയിൽ പയർ അധിഷ്ഠിത മാംസ്യത്തിന്റെ ഉപഭോഗം പ്രോത്സാഹിപ്പിക്കുക.

നവിനും വളർച്ചയ്ക്കും നവീകരണത്തിനുമുള്ള മാംസ്യവും കാത്സ്യം, ഇരുമ്പുസത്ത്, ജീവകങ്ങൾ തുടങ്ങിയവയും ധാന്യങ്ങളിലില്ലാത്ത പല അമിനോ -അമ്ലങ്ങളും പയറിലുണ്ട്. രോഗാതുരമായ അവസ്ഥയിൽ കഴിയുന്നവരോട് പയർ മുളപ്പിച്ചു കഴിക്കാൻ പറയുമ്പോൾ ശരീരത്തിനുള്ളിൽ നടക്കുന്ന രാസമാറ്റങ്ങൾ വിസ്മയാവഹമാണ്. പയർമണിയിലെ സ്റ്റാർച്ച് അഥവാ അന്നജം ഡെക്സ്ട്രിൻ, മാൾട്ടോസ് തുടങ്ങിയ പഞ്ചസാരകളായും മാംസ്യമാകട്ടെ പോളിപെപ്റ്റൈഡ്, പെപ്റ്റൈഡ്, അമിനോ അമ്ലങ്ങൾ എന്നിവയായും രൂപാന്തരപ്പെടുന്നു. ഇരുമ്പിന്റെ അംശവും ഫോസ്ഫറസും ജീവകം സി, റിബോഫ്ളേവിൻ, നിയാസിൻ തുടങ്ങിയ ജീവകങ്ങളും ശരീരത്തിനാഗിരണം ചെയ്യാൻ പാകത്തിൽ സജ്ജമാകുന്നു. മനുഷ്യന്റെ ആരോഗ്യം സംരക്ഷിക്കാൻ 'നിസ്സാരനായ' പയർമണി എത്രത്തോളം പ്രധാനമാണ് എന്ന് പലപ്പോഴും നാം മനസ്സിലാക്കുന്നില്ല. ഇതുപോലെ തന്നെയാണ് മണ്ണിന്റെ ആരോഗ്യം സംരക്ഷിക്കുന്നതിലും പയർചെടികളുടെ പ്രാധാന്യം. മണ്ണിലെ കോടാനുകോടി സൂക്ഷ്മജീവികളെ ഊട്ടാനുള്ള നിരവധി സംയുക്തങ്ങൾ പയർ നൽകുന്നു. ഇങ്ങനെ ഉത്തേജിതരാകുന്ന സൂക്ഷ്മാണുക്കൾ മണ്ണിന്റെ ഫലഭൂയിഷ്ടതയും ഘടനയും മെച്ചപ്പെടുത്തി സസ്യരോഗ സാധ്യതകളെ വിവിധ തലങ്ങളിൽ ഒഴിവാക്കുന്നു. ഇലകളെ ഹരിതകക്കലവറകൾ ആക്കാൻ ആവശ്യമായ നൈട്രജൻ അന്തരീക്ഷത്തിൽ നിന്ന് ആഗിരണം ചെയ്തും പയർചെടികൾ പുതിയൊരു ധർമ്മം കൂടെ നിർവഹിക്കുന്നു.

ധാന്യങ്ങൾ കഴിഞ്ഞാൽ ഇന്ത്യൻ ജനതയുടെ ആഹാരത്തിലെ രണ്ടാമത്തെ പ്രധാനഘടകമായ പയർവിളകൾക്ക് എണ്ണിയാൽ തീരാത്ത സവിശേഷതകളുണ്ട്.

### പയർവിളകൾ: സവിശേഷതകൾ

- ഏതുതരം മണ്ണിലും കാലാവസ്ഥയിലും വളരാൻ അനുയോജ്യം.
- അന്തരീക്ഷ നൈട്രജൻ ആഗിരണം ചെയ്ത് മണ്ണിലേക്ക് സന്നിവേശിപ്പിച്ച് മണ്ണ് പൊന്നാക്കുന്ന വിള.
- ഇടവിള കൃഷിയിലും (intercropping), സമ്മിശ്ര കൃഷിയിലും (mixed farming) പങ്കാളിയായ പ്രധാന കാർഷികവിള.
- അമിതമായ ബാഹ്യവളപ്രയോഗം ആവശ്യപ്പെടാത്ത വിള.
- മണ്ണൊലിപ്പ് തടയാൻ സഹായിക്കുന്ന പ്രധാന ജൈവ ഘടകം.

- മണ്ണിന്റെ വളപ്പറ്റ് വർദ്ധിപ്പിക്കുന്ന പച്ചില-വളച്ചെടികൾ.
- വളർച്ചാകാലം കുറവായതിനാൽ ഒരേ സ്ഥലത്തു നിന്നു തന്നെ രണ്ടാംവിള (second crop) എടുക്കാൻ കർഷകനെ സഹായിക്കുന്നു.
- നിരവധി ഭക്ഷ്യവ്യവസായങ്ങളിലെ അസംസ്കൃത പദാർത്ഥം.
- മാവ്, ധാന്യം തുടങ്ങിയ ഉത്പന്ന വ്യവസായങ്ങളിലെ മുഖ്യ ചേരുവ.
- അത്യുത്തമവും പോഷകപ്രദവുമായ കാലിത്തീറ്റ.

2016 INTERNATIONAL YEAR OF PULSES

ആഗോളതലത്തിൽ പയർ ഉത്പാദനത്തിൽ പ്രഥമസ്ഥാനമാണ് ഇന്ത്യയ്ക്ക്. ആകെ പയറുത്പാദനത്തിന്റെ 25% ഇന്ത്യയുടെ സംഭാവനയാണ്. ഇന്ത്യയിൽത്തന്നെ മദ്ധ്യപ്രദേശ്, മഹാരാഷ്ട്ര, ഉത്തർപ്രദേശ്, ആന്ധ്രാപ്രദേശ്, കർണ്ണാടക, രാജസ്ഥാൻ എന്നീ ആറു സംസ്ഥാനങ്ങളിലായി 80% പയർ ഉത്പാദിപ്പിക്കുന്നു.

## കേരളവും പയർകൃഷിയും

മലയാളികളുടെ പരമ്പരാഗത ഭക്ഷണക്രമത്തിൽ മുഖ്യപങ്കു വഹിച്ചിരുന്നു പയർവിളകൾ. ഇന്ന് ഭക്ഷണക്രമത്തിൽ നിന്നും കൃഷിയിടങ്ങളിൽ നിന്നും ഇവയിൽ പലതും കുടിയിറങ്ങിയെങ്കിലും ഒരു കാലത്ത് കേരളത്തിന്റെ പ്രധാന വേനൽക്കാല വിളയായിരുന്നു പയറും നിലക്കടലയും ഒക്കെ. വരണ്ട കാലാവസ്ഥയിൽ ഇവ നന്നായി വളരുകയും ചെയ്യും. വൈവിധ്യമാർന്ന കാർഷിക കാലാവസ്ഥാ മേഖലകൾ നിലനിൽക്കുന്ന കേരളത്തിൽ ഇപ്പോഴും അനന്തമായ സാധ്യതകളുണ്ട്. കേരളത്തിൽ പാലക്കാട് ജില്ലയിലാണ് വിവിധ ധാന്യ പയർവിളകളുടെ ഉത്പാദനം മുൻപന്തിയിൽ നടക്കുന്നത്. ഉഴുന്ന്, ചെറുപയർ, മുതിര, തുവരപ്പയർ തുടങ്ങി വിവിധ പയർവിളകളാണ് പാലക്കാട് ജില്ലയിൽ ഏറിയും കുറഞ്ഞും കൃഷിചെയ്തു വരുന്നത്. ഇതര ജില്ലകളിലും ഇടവിളയായും ഒറ്റവിളയായും (monocrop) പ്രാദേശിക സാഹചര്യങ്ങൾക്കനുസൃതമായി വിവിധ പയർവർഗങ്ങൾ കൃഷിചെയ്തുവരുന്നു.

പയർവിളകളിലെ പ്രമുഖർ ഇവയാണ്:

- **വൻപയർ - പയറുകളിൽ വമ്പൻ**

  കേരളത്തിൽ കൃഷിചെയ്യുന്ന പ്രധാന പയർ. ഇടവിളയായി തെങ്ങിൻതോപ്പിലും മൂന്നാം വിളയായി നേൽപ്പാടത്തും പാടവരമ്പുകളിലും വൻപയർ കൃഷിചെയ്യുന്നു. ഇതിൽ തന്നെ പയറുമണിക്ക് ഉപയോഗിക്കുന്നത്, കുറ്റിപ്പയർ ആയി വളർത്തുന്നത് എന്നിങ്ങനെ വിവിധയിനങ്ങളുണ്ട്. പച്ചപ്പയറായും മണിപ്പയറായും വിളവെടുക്കാവുന്ന കനകമണി, ന്യൂ ഈറ തുടങ്ങിയവ പ്രധാനം.

- **ഉഴുന്ന് - മാംസ്യ സമൃദ്ധം**

  മാംസ്യസമൃദ്ധമാണ് ഉഴുന്ന്. കാലിത്തീറ്റയായും പച്ചിലവളച്ചെടിയായും ആവരണവിള (cover crop) യായും വളർത്താം. വേനൽകാലത്ത് തരിശിടുന്ന നെല്പാടത്ത് വളർത്താൻ അനുയോജ്യം. തെങ്ങിൻതോപ്പിൽ ഇടവിളയായും വളർത്താം. ഓണാട്ടുകരയിലെ മൂന്നാം വിള നെല്പാടങ്ങൾക്ക് യോജിച്ച 'ശ്യാമ', തിരുവനന്തപുരം ജില്ലയിൽ മൂന്നാം വിളയായി ഉപയോഗിക്കുന്ന 'സുമാഞ്ജന' എന്നിവയും മികച്ച ഇനങ്ങളാണ്.

- **ചെറുപയർ - ഉപയോഗത്തിൽ മുമ്പൻ**

തുവര കഴിഞ്ഞാൽ കേരളത്തിൽ ഏറ്റവും അധികം ഉപയോഗിക്കുന്നത് ചെറുപയറാണ്. വിള ദൈർഘ്യം കുറവായതിനാൽ വിളപരിക്രമ (crop rotation) ത്തിനു യോജിച്ചത്. വേനൽകാലത്ത് തരിശിടുന്ന പാടങ്ങളിൽ ഒറ്റവിളയായി കൃഷിയിറക്കാം.

- **വിസ്മൃതിയിലായ മുതിര**

ഏറ്റവും കുറഞ്ഞ വിലയ്ക്ക് ലഭിക്കുന്ന പോഷകാഹാരമെന്ന നിലയ്ക്ക് 'പാവപ്പെട്ടവരുടെ പയർ' എന്നു പേരെടുത്ത ചെടി. ഔഷധസമ്പന്നം. എത്ര കഠിനമായ കാലാവസ്ഥയിലും മുതിര നല്ല വിളവു തരും.

- **നിലക്കടല - ഉത്തമ ഇടവിള**

ഒറ്റ വിളയായും തെങ്ങിൻതോപ്പിലും വാഴത്തോട്ടത്തിലും ഇടവിളയായും വളർത്താം. മണൽ കലർന്ന നെല്പാടങ്ങളിൽ രണ്ടാം വിളയ്ക്കു ശേഷം നിലക്കടല കൃഷിചെയ്യാൻ യോജിച്ചത്.

## വീണ്ടെടുക്കാം നമ്മുടെ വേനൽ വിളകളെ

ഇടവിളയായാലും ഒറ്റവിളയായാലും കേരളത്തിൽ പയർവിളകൾ പണ്ടേക്കു പണ്ടേ വേനൽവിളകളായാണ് കൃഷി ചെയ്തിരുന്നത്. കൃഷിരീതികളിലെ മാറ്റവും പുതിയ കാർഷിക വിളകളുടെ കടന്നുവരവും ഭക്ഷണക്രമത്തിലുണ്ടായ മാറ്റവുമൊക്കെ കാരണം പയർകൃഷിയുടെ പ്രതാപത്തിന് ഇന്നു മങ്ങലേറ്റിരിക്കുന്നു എന്നതാണ് വാസ്തവം. നിലവിൽ കേരളത്തിലെ പയറുത്പാദനത്തിന്റെ തോത് നോക്കിയാൽ പ്രതിദിനം ഒരാൾക്ക് 0.25 ഗ്രാം പയർ ഉപയോഗിക്കാൻ മാത്രമേ സാധിക്കുകയുള്ളൂ. ശരാശരി പ്രതിദിന ഉപയോഗം 50-60 ഗ്രാമായി കണക്കാക്കിയിട്ടുമുണ്ട്. അതായത് നമുക്ക് ഭക്ഷ്യാവശ്യത്തിനുള്ള പയറുവർഗ്ഗങ്ങളുടെ 85-90 ശതമാനവും അയൽ സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യേണ്ടതാണ് സ്ഥിതി. മണ്ണിനെയും മനുഷ്യനെയും പരിപോഷിപ്പിക്കുന്ന പയർവിളകളുടെ ഉത്പാദനം വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ്. കേരളത്തിലെ കാലാവസ്ഥയിൽ പയർ, ചെറുപയർ, ഉഴുന്ന്, മുതിര, നിലക്കടല തുടങ്ങിയവ നന്നായി കൃഷിചെയ്ത് മികച്ച വിളവെടുക്കാൻ കഴിയും. എന്നാൽ പയർ കൃഷിക്ക് മാത്രമായി കൂടുതൽ ഭൂമി കണ്ടെത്തുക എന്നതാണ് നിലവിലെ പ്രശ്നമായി വിദഗ്ദ്ധർ ചൂണ്ടിക്കാട്ടുന്നത്. കേരളത്തിൽ എല്ലാ കാലത്തും പയറുകൃഷിയുണ്ടെങ്കിലും ഒറ്റവിളയായിട്ടുള്ള കൃഷി തുലോം കുറയും. പയറുകൃഷിക്ക് ഏറ്റവും അനുയോജ്യം മൂന്നാം വിളക്കാലത്ത് തരിശിടുന്ന നെൽവയലുകളാണ്. ഈ സാധ്യത കൂടുതൽ ഉപയോഗിച്ചാൽ പയർകൃഷിയിൽ ഒരു പരിധിവരെ സ്വയംപര്യാപ്തത കൈവരിക്കാൻ നമുക്ക് കഴിയും. ഇതിന് പ്രചോദനമാകും വിധം കൃഷി ഗവേഷണ-വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ അന്താരാഷ്ട്ര പയർവിള വർഷമായ 2016ൽ നമുക്ക് കഴിയുമെന്ന് പ്രത്യാശിക്കാം.

*(ഫാം ഇൻഫർമേഷൻ ബ്യൂറോ ഡെപ്യൂട്ടി ഡയറക്ടറാണ് ലേഖകൻ)*

### വിജ്ഞാനപാത

- ഇന്ത്യയിൽ വനഭൂമി ഏറ്റവും കൂടുതലുള്ള സംസ്ഥാനം മധ്യപ്രദേശാണ്. രണ്ടാം സ്ഥാനം അരുണാചൽ പ്രദേശിനാണ്. എന്നാൽ സംസ്ഥാനത്തിന്റെ ആകെ ഭൂവിസ്തൃതിയിൽ ഏറ്റവും കൂടുതൽ ശതമാനം വനമുള്ള സംസ്ഥാനം മിസോറാമാണ്.
- രാജ്യത്ത് പൂർണ്ണമായും ഓർഗാനിക് കൃഷിരീതി നടപ്പിൽ വരുത്തിയ ആദ്യ സംസ്ഥാനം സിക്കിം ആണ്.
- 2011ലെ സെൻസസ് പ്രകാരം ജനസംഖ്യാ വളർച്ചയിൽ നെഗറ്റീവ് സൂചിക നൽകിയ ഏക സംസ്ഥാനം നാഗാലാൻഡാണ്. Land of Festivals എന്ന് പേരുള്ള വടക്കു കിഴക്കൻ സംസ്ഥാനവുമാണ് നാഗാലാൻഡ്.

# സ്വർണം പണമാക്കൽ പദ്ധതി: ഒരു അവലോകനം

ഡോ. ദയാനന്ദൻ എം.എൻ.

വീടുകളിൽ ഉപയോഗശൂന്യമായിരിക്കുന്ന സ്വർണ്ണം ഉപയോഗപ്പെടുത്തുന്ന കേന്ദ്ര സർക്കാരിന്റെ ഒരു നൂതന പദ്ധതിയാണ് സ്വർണ്ണം പണമാക്കൽ പദ്ധതി അഥവാ ഗോൾഡ് മോണിട്ടൈസേഷൻ സ്കീം (GMS). 2015 നവംബർ 5-ന് ഈ പദ്ധതി നിലവിൽ വന്നതോടെ 1999ൽ ആരംഭിച്ച സ്വർണ്ണനിക്ഷേപ പദ്ധതി (Gold Depost Scheme) ഇല്ലാതായി. ഇന്ത്യക്കാർ പരമ്പരാഗതമായി സ്വർണ്ണം (ആഭരണമായും സ്വർണ്ണക്കട്ടിയായും) അവരുടെ സ്വകാര്യ സ്വത്തായി സൂക്ഷിക്കാറുണ്ട്. ഏകദേശം 20,000 ടൺ സ്വർണ്ണം വീടുകളിലും ആരാധനാലയങ്ങളിലും ഉപയോഗിക്കാതെ സൂക്ഷിച്ചിട്ടുണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.

ഏതാണ്ട് 1000 ടൺ സ്വർണ്ണം ഓരോ വർഷവും നാം ഇറക്കുമതി ചെയ്യാറുണ്ട്. ഇറക്കുമതി മൂല്യത്തിൽ അസംസ്കൃത എണ്ണ കഴിഞ്ഞാൽ സ്വർണ്ണത്തിന് രണ്ടാം സ്ഥാനമുണ്ട്. സ്വർണ്ണത്തിന്റെ ഇറക്കുമതി കുറയ്ക്കുക വഴി നമ്മുടെ കറന്റ് അക്കൗണ്ട് കമ്മി (Current Account Deficit) ലഘൂകരിക്കുകയാണ് ഈ പുതിയ പദ്ധതിയുടെ ഉദ്ദേശ്യം. ഈ പദ്ധതി പ്രകാരം ഒരാൾക്ക് തന്റെ കൈവശമുള്ള സ്വർണ്ണം ഒരു ബാങ്കിലോ പ്രത്യേകം അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും കേന്ദ്രത്തിലോ നിക്ഷേപിക്കാവുന്നതാണ്. വിപണിവില ഉയരുന്നതിനനുസരിച്ച് സ്വർണ്ണത്തിന്റെ മൂല്യം ഉയരും. മാത്രമല്ല, നിക്ഷേപത്തിന് പലിശയും ലഭിക്കും.

സ്വർണ്ണം സ്വീകരിക്കുന്നതിനും ലഭിച്ച സ്വർണ്ണത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനും രാജ്യത്തുടനീളം Collection and Purity Testing Centres (CPTC) ഉണ്ട്. സ്വർണ്ണം ഉരുക്കി സൂക്ഷിക്കുന്നത് Minerals and Metal Trading Corporation (MMTC) ആണ്. സ്വർണ്ണത്തിന്റെ കണക്കു സൂക്ഷിക്കുന്നത് ബാങ്കാണ്. നിക്ഷേപകർ സ്വർണ്ണം സ്വീകരിക്കുന്ന ഏജൻസിയുമായും ബാങ്കുമായും ബന്ധപ്പെടണം.

ഈ പദ്ധതിപ്രകാരം ലഭിക്കുന്ന സ്വർണ്ണം റിസർവ്വ് ബാങ്കിന്റെ സ്വർണ്ണകരുതൽ ശേഖരത്തിലെ കുറവു നികത്തുന്നതിനും ലേലത്തിൽ വിൽക്കുന്നതിനും സ്വർണ്ണനാണയമുണ്ടാക്കുന്നതിനും ഉപയോഗിക്കും. കൂടാതെ, ബാങ്കുകൾ ആഭരണ നിർമ്മാതാക്കൾക്ക് സ്വർണ്ണം വായ്പയായും നൽകും.

നിക്ഷേപകരുടെ സൗകര്യാർത്ഥം മൂന്നു വ്യത്യസ്ഥ കാലയളവിലേക്ക് സ്വർണ്ണം നിക്ഷേപിക്കാം.

### ഹ്രസ്വകാല നിക്ഷേപം

ഈ പദ്ധതി പ്രകാരം ഒന്നു മുതൽ മൂന്നു വർഷത്തേക്ക് സ്വർണം നിക്ഷേപിക്കാം. സ്വർണ്ണമായോ പണമായോ നിക്ഷേപം തിരികെ ലഭിക്കും. നിക്ഷേപത്തിന്റെ കാലാവധി ഓരോ വർഷത്തേക്ക് ദീർഘിപ്പിക്കാവുന്നതാണ്. പലിശനിരക്ക് ബാങ്ക് തീരുമാനിക്കും.

### മധ്യമകാല നിക്ഷേപം

5 മുതൽ 7 വർഷം വരെയുള്ള നിക്ഷേപമാണിത്. പണമായി മാത്രമേ തിരികെ ലഭിക്കുകയുള്ളൂ. വാർഷിക പലിശ 2.25% മാണ്.

### ദീർഘകാല നിക്ഷേപം

12 മുതൽ 15 വർഷം വരെ കാലാവധിയുള്ള നിക്ഷേപമാണിത്. പണമായി മാത്രമേ തിരികെ ലഭിക്കൂ. വാർഷിക പലിശ 2.5% മാണ്.

### പ്രത്യേകതകൾ

ഈ പദ്ധതിയുടെ പ്രത്യകതകൾ താഴെ പറയുന്നവയാണ്.

1. ആഭരണമുൾപ്പെടെ ഏതുതരം സ്വർണ്ണവും നിക്ഷേപിക്കാം.
2. ഏറ്റവും കുറഞ്ഞ നിക്ഷേപം 30 ഗ്രാമാണ്.
3. പരമാവധി നിക്ഷേപം എത്രയെന്ന് ക്ലിപ്തപ്പെടുത്തിയിട്ടില്ല.
4. തദ്ദേശവാസികളായ ഇന്ത്യക്കാർക്ക് (വ്യക്തികൾക്കും കൂട്ടുകുടുംബങ്ങൾക്കും മ്യൂചൽ ഫണ്ട്, എക്സ്ചേഞ്ച് ട്രേഡഡ് ഫണ്ട് ഉൾപ്പെടെയുള്ള ട്രസ്റ്റുകൾക്കും) പദ്ധതിയിൽ നിക്ഷേപിക്കാം.
5. സ്വർണ്ണത്തിന്റെ എക്സ്ചേഞ്ച് ട്രേഡഡ് ഫണ്ടുകൾക്ക് (Gold ETF) അവരുടെ ആസ്തിയുടെ 20% GMSൽ നിക്ഷേപിക്കാൻ RBI അനുവദിച്ചിട്ടുണ്ട്.
6. ഏറ്റവും കുറഞ്ഞ നിക്ഷേപ കാലാവധി ഒരു വർഷമാണ്.
7. നിക്ഷേപം ഭാഗികമായോ മുഴുവനായോ കാലാവധിക്കു മുമ്പ് തിരികെ വാങ്ങാൻ അനുവദിക്കും. എന്നാൽ പിഴയായി പലിശയിൽ കുറവു വരുത്തും.
8. മധ്യമകാല, ദീർഘകാല നിക്ഷേപങ്ങൾ പണമായി മാത്രമേ തിരികെ ലഭിക്കൂ.

## നേട്ടങ്ങൾ

ഈ പദ്ധതി സർക്കാരിനും, സമ്പദ്ഘടനയ്ക്കും നിക്ഷേപകർക്കും പ്രയോജനപ്രദമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**1. സ്വർണ്ണനിക്ഷേപം ലാഭകരമാണ്**

താഴെപ്പറയുന്ന കാരണങ്ങളാൽ ഈ പദ്ധതി നിക്ഷേപകർക്ക് ലാഭകരവും സൗകര്യപ്രദവുമാണ്.

- പലിശയുൾപ്പടെ സ്വർണ്ണനിക്ഷേപം വളരുന്നു.
- സ്വർണ്ണത്തിന്റെ സുരക്ഷയെക്കുറിച്ച് ആശങ്കപ്പെടേണ്ടതില്ല.
- ലോക്കറിൽ സ്വർണ്ണം സൂക്ഷിക്കേണ്ട ആവശ്യമില്ലാത്തതിനാൽ ലോക്കർ വാടക ലാഭിക്കാം.
- സ്വർണ്ണത്തിന് മൂല്യശോഷണം സംഭവിക്കുന്നില്ല.
- പണമായി മാറ്റാൻ എളുപ്പമാണ്.

**2. സ്വർണ്ണം സൃഷ്ടിപരമായി ഉപയോഗപ്പെടുത്തുന്നു**

ഉപയോഗിക്കാതിരിക്കുന്ന ഒരു ഉത്പന്നമാണ് സ്വർണ്ണം. ഈ പദ്ധതിയിൽ നിക്ഷേപിക്കുമ്പോൾ പലിശ ലഭിക്കുന്നു. അങ്ങനെ നിക്ഷേപം വളരുന്നു. കാലാവധി കഴിയുമ്പോൾ തിരികെ ലഭിക്കുന്ന തുക ഏതെങ്കിലും ധനകാര്യ ഉത്പന്നത്തിലേക്ക് വഴിതിരിച്ചുവിടാം. അതായത്, ഒരു ഭൗതിക ഉത്പന്നത്തെ ധനകാര്യ ഉത്പന്നമായി മാറ്റുന്നു. അങ്ങനെ ഉപയോഗശൂന്യമായിരിക്കുന്ന സ്വർണ്ണത്തെ സമ്പദ്ഘടനയുടെ വളർച്ചയ്ക്കും വികാസത്തിനും ഉതകുന്ന രീതിയിൽ സൃഷ്ടിപരമായ ആസ്തിയായി മാറ്റുന്നു.

**3. കറന്റ് അക്കൗണ്ടിലെ കമ്മി കുറയ്ക്കുന്നു**

ആഗോള സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും മിക്ക വികസിത രാജ്യങ്ങളും ഇപ്പോഴും കരകയറിയിട്ടില്ല. പുതിയ പ്രതിസന്ധികൾ ഉണ്ടായിക്കൊണ്ടുമിരിക്കുന്നു. ഈ സാഹചര്യത്തിൽ നമ്മുടെ കയറ്റുമതി കുറയും. ഇറക്കുമതി ആനുപാതികമായി കുറഞ്ഞില്ലെങ്കിൽ കറന്റ് അക്കൗണ്ടിലെ കമ്മി (Current Account Deficit) വർദ്ധിക്കും. സ്വർണ്ണത്തിന്റെ ഇറക്കുമതിചുങ്കം 10%മായി വർദ്ധിപ്പിക്കുകയും മറ്റു നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തതുകൊണ്ട് സ്വർണ്ണത്തിന്റെ ഇറക്കുമതി കഴിഞ്ഞവർഷം ഗണ്യമായി കുറഞ്ഞു. അസംസ്കൃത എണ്ണയുടെ വില കുറഞ്ഞതും സ്വർണ്ണ ഇറക്കുമതി കുറഞ്ഞതും കാരണം കറന്റ് അക്കൗണ്ടിലെ കമ്മി കഴിഞ്ഞവർഷങ്ങളിൽ ആഭ്യന്തര ഉത്പാദനത്തിന്റെ (Gross Domestic Product) 4% ത്തിൽ കൂടുതലായിരുന്നത് 1.6% മായി കുറഞ്ഞിട്ടുണ്ട്. പുതിയ സ്വർണ്ണപദ്ധതി വിജയിച്ചാൽ സ്വർണ്ണ ഇറക്കുമതി ഇനിയും കുറയും. തന്മൂലം കറന്റ് അക്കൗണ്ടിലെ കമ്മി പ്രതീക്ഷിക്കുന്ന തലത്തിൽ നിലനിർത്താൻ കഴിയും.

**4. ആഭരണവ്യവസായം അഭിവൃദ്ധിപ്പെടും**

വലിയ ആഭരണ നിർമ്മാതാക്കളും ഊഹക്കച്ചവടക്കാരുമാണ് സ്വർണ്ണം ഇറക്കുമതി ചെയ്യുന്നത്. ചെറിയ ആഭരണ നിർമ്മാതാക്കൾ സ്വർണ്ണം ഇറക്കുമതി ചെയ്യുന്ന വലിയ സ്ഥാപനങ്ങളെ ആശ്രയിക്കുന്നു. സ്വർണ്ണ പദ്ധതി വിജയിച്ചാൽ ചെറുകിട ആഭര

ണനിർമ്മാതാക്കൾക്ക് ബാങ്കുകളിൽ നിന്നും വായ്പയായി സ്വർണ്ണം ലഭിക്കും. സ്വർണ്ണത്തിന്റെ ലഭ്യത വർദ്ധിക്കുന്നതോടെ വിലകുറയുകയും വിലസ്ഥിരത ഉണ്ടാവുകയും ചെയ്യും. ഊഹക്കച്ചവടം ഒരു പരിധിവരെ ഇല്ലാതാവും. ഇത് ആഭരണവ്യവസായം അഭിവൃദ്ധിപ്പെടാൻ ഇടയാക്കും.

**5. സ്വർണ്ണത്തിന് വിലകുറയും**

സ്വർണ്ണത്തിന്റെ ഇറക്കുമതിച്ചുങ്കം ഇപ്പോൾ 10% മാണ്. തദ്ദേശീയമായി ലഭിക്കുന്ന സ്വർണ്ണത്തിന് ഇറക്കുമതിച്ചുങ്കം ബാധകമല്ല. സ്വർണ്ണത്തിന്റെ ലഭ്യത വർദ്ധിക്കുന്നതു കൊണ്ട് വിലകുറയും. വിവാഹാവശ്യത്തിനും മറ്റും സ്വർണ്ണം വാങ്ങുന്നവർക്ക് ഇത് ഗുണകരമാവും.

## ആശങ്കകൾ

സ്വർണ്ണം പണമാക്കൽ പദ്ധതി വിജയിക്കുമോ എന്ന ചോദ്യം പ്രസക്തമാണ്. ഈ പദ്ധതി പല വെല്ലുവിളികളും നേരിടുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനം നിക്ഷേപകരുടെ ആശങ്കകളാണ്.

**1. പലിശ കുറവാണ്**

സ്വർണ്ണനിക്ഷേപത്തിന് ലഭിക്കുന്ന പരമാവധി പലിശ 2.5% മാണ്. ഇത് നിക്ഷേപകരെ ആകർഷിക്കാൻ പര്യാപ്തമല്ലെന്ന് പല വിദഗ്ധരും അഭിപ്രായപ്പെട്ടിട്ടുണ്ട്. സേവിംഗ്സ് ബാങ്ക് അക്കൗണ്ടിനു ലഭിക്കുന്ന 4% പലിശയെങ്കിലും നൽകിയെങ്കിലേ വൻതോതിലുള്ള നിക്ഷേപത്തിനു സാദ്ധ്യതയുള്ളൂ.

**2. സ്വർണ്ണത്തോടുള്ള ആസക്തി**

ഇന്ത്യക്കാരെ സംബന്ധിച്ച് സ്വർണ്ണം ഒരു നിക്ഷേപമാണ്. മാത്രമല്ല, ചെറിയ പലിശയ്ക്കു വേണ്ടി ആഭരണം കൈവിടുന്നതിന്, പ്രത്യേകിച്ച് സ്ത്രീകൾക്ക്, വൈകാരികമായി ബുദ്ധിമുട്ടുണ്ട്. സ്വർണം ഉരുക്കി ആഭരണമല്ലാതാക്കുന്നതും മാലിന്യങ്ങൾ കാരണം സ്വർണത്തിന്റെ ഭാരം കുറയുന്നതും ഈ പദ്ധതിയിൽ ചേരുന്നതിനുള്ള നൂലാമാലകളും സാധാരണ നിക്ഷേപകരെ നിരുത്സാഹപ്പെടുത്തും.

**3. വർദ്ധിച്ച ചെലവ്**

സ്വർണ്ണം ആഭരണമായി വാങ്ങുമ്പോൾ പണിക്കൂലി, പണിക്കുറവ് എന്നിവ വാങ്ങുന്നയാൾ സഹിക്കണം. GMSൽ നിക്ഷേപിക്കുന്ന സ്വർണ്ണം ഉരുക്കി ആഭരണമല്ലാതാക്കുന്നു. തിരികെ പണമായോ സ്വർണ്ണമായോ ലഭിക്കുന്ന നിക്ഷേപം വീണ്ടും ആഭരണമാക്കേണ്ടി വന്നാൽ പണിക്കൂലിയുടേയും പണിക്കുറവിന്റെയും നഷ്ടം ഉപഭോക്താവ് രണ്ടാമതും സഹിക്കേണ്ടിവരും. ലഭിക്കുന്ന പലിശ, ഈ നഷ്ടം നികത്താൻ പര്യാപ്തമാണോ എന്ന് ഉപഭോക്താവിന് ആശങ്കയുണ്ട്.

**4. നികുതി സംബന്ധിച്ച അവ്യക്തത**

പരമ്പരാഗതമായി വീട്ടിൽ സൂക്ഷിക്കുന്ന സ്വർണ്ണത്തിന്റെ വിലയോ സ്രോതസ്സോ കണ്ടെത്തുക പ്രയാസമാണ്. മാത്രമല്ല, മിക്ക വീടുകളിലെയും സ്വർണ്ണം കണക്കിൽ കാണിച്ചിട്ടില്ലാത്തതുമാണ്. GMSൽ നിക്ഷേപിക്കുന്ന സ്വർണ്ണത്തിന്റെ സ്രോതസ്സ് എന്താണെന്ന് വരുമാനനികുതിവകുപ്പ് അന്വേഷിക്കുമോ, നികുതി നൽകേണ്ടിവരുമോ എന്ന് നിക്ഷേപകർക്ക് ആശങ്കയുണ്ട്. അതുപോലെ, പലിശയ്ക്ക് നികുതി നൽകേണ്ടിവരുമോ, സ്വർണ്ണം നിക്ഷേപിക്കുമ്പോഴും കാലാവധി കഴിഞ്ഞ് തിരികെ വാങ്ങുമ്പോഴും മൂല്യ വർദ്ധന നികുതി നൽകേണ്ടി വരുമോ എന്നും ആശങ്കയുണ്ട്. ഈ പദ്ധതിക്കു ബാധകമായ നികുതിയെ സംബന്ധിച്ച് വ്യക്തതയില്ലാത്തതാണ് പ്രശ്നം.

ചെറിയ പലിശ ലഭിക്കാൻ വേണ്ടി നിയമപരമായ നൂലാമാലകളിൽ ചെന്നുപെടാൻ സാധാരണക്കാർ ആഗ്രഹിക്കില്ല. അതുകൊണ്ട് സർക്കാർ പ്രതീക്ഷിക്കുന്ന അളവിൽ സ്വർണ്ണം നിക്ഷേപിക്കപ്പെടാൻ സാദ്ധ്യത കുറവാണ്.

**5. കള്ളപ്പണം വെളുപ്പിക്കൽ**

കള്ളപ്പണം സൂക്ഷിക്കുന്നവർ സ്വീകരിച്ചേക്കാവുന്ന ഏറ്റവും സാധ്യതയുള്ള മാർഗ്ഗങ്ങളിലൊന്നാണ് സ്വർണ്ണനിക്ഷേപം. നികുതി നൽകിയിട്ടില്ലാത്ത പണം ഉപയോഗിച്ചു വാങ്ങിയ സ്വർണ്ണം GMS ൽ നിക്ഷേപിച്ച് കള്ളപ്പണം വെളുപ്പിക്കാൻ സാദ്ധ്യതയുണ്ട്. പ്രത്യേകിച്ച് സ്വർണ്ണത്തിന് വിലകുറയുന്ന ഇക്കാല

ത്ത്. കള്ളപ്പണം ഈ രീതിയിൽ നിയമവിധേയമാക്കുന്ന പ്രശ്നം സർക്കാർ എങ്ങനെ കാകാര്യം ചെയ്യുമെന്നത് പ്രധാനമാണ്.

**6. ബാങ്കുകൾക്കുള്ള നഷ്ടസാദ്ധ്യത**

GMS ന്റെ ഭാഗമാകുന്ന ബാങ്കുകൾക്ക് സ്വർണ്ണം കൈകാര്യം ചെയ്യുമ്പോൾ നഷ്ടം വരാൻ സാധ്യതയുണ്ട്. ബാങ്കുകൾ സ്വർണ്ണം വായ്പയായി നൽകുമ്പോൾ പലിശ ലഭിക്കുന്നത് പണമായിട്ടാണ്. എന്നാൽ നിക്ഷേപകർക്കുള്ള പലിശ കണക്കാക്കുന്നത് സ്വർണ്ണമായിട്ടാണ്. സ്വർണ്ണത്തിനു വിലകൂടുന്ന സാഹചര്യത്തിൽ, വിലക്കയറ്റത്തിന് ആനുപാതികമായി പലിശനിരക്കു വർദ്ധിപ്പിക്കാൻ ബാങ്കുകൾക്ക് കഴിയില്ല. മാത്രമല്ല, സ്വർണ്ണം പരിശോധിച്ച്, ഉരുക്കി സൂക്ഷിക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകളും ബാങ്കുകൾ വഹിക്കണം. ഇത് ബാങ്കുകൾക്ക് നഷ്ടമുണ്ടാക്കാനിടവരുത്തും. സ്വർണ്ണം കൈകാര്യം ചെയ്യുന്നതുമൂലമുണ്ടാവാൻ സാദ്ധ്യതയുള്ള നഷ്ടം നികത്താൻ ഒരു Gold Reserve Fund സൃഷ്ടിക്കണമെന്ന് ഈ മേഖലയിലുള്ളവർ നിർദ്ദേശിക്കുന്നു.

വളരെ പ്രതീക്ഷയോടെ ആരംഭിച്ച GMS ഇതുവരെ വേണ്ടവണ്ണം നിക്ഷേപകരെ ആകർഷിച്ചിട്ടില്ല. 2016 ജനുവരി മാസം വരെ ഏതാണ്ട് 900 കിലോ സ്വർണ്ണമേ സമാഹരിച്ചിട്ടുള്ളൂ. വരുമാന-മൂലധന വർദ്ധന നികുതികൾ സംബന്ധിച്ച് വ്യക്തത വരുത്തുകയും സ്വർണ്ണം സ്വീകരിക്കുന്ന കേന്ദ്രങ്ങൾ വർദ്ധിപ്പിക്കുകയും നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്താൽ തീർച്ചയായും ഈ പദ്ധതി വിജയിക്കും. കേന്ദ്രസർക്കാരും റിസർവ്വ് ബാങ്കും നിക്ഷേപകരുടെ ആശങ്കയകറ്റാനുള്ള നടപടികൾ സ്വീകരിക്കുമെന്നും ഈ പദ്ധതി കൂടുതൽ ആകർഷകമാക്കുമെന്നും പ്രതീക്ഷിക്കാം.

*(സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (SEBI) യുടെ ധനകാര്യ വിദ്യാഭ്യാസ പരിശീലകനാണ് ലേഖകൻ)*

**വിജ്ഞാനപാത**

## വടക്കു കിഴക്കൻ സംസ്ഥാനങ്ങളുടെ രൂപീകരണം

1950-ൽ ഭരണഘടന പ്രാബല്യത്തിൽ വന്ന സമയം ഇന്ത്യൻ യൂണിയനിലെ സംസ്ഥാനങ്ങളെ പാർട്ട് എ, ബി, സി, ഡി എന്നിങ്ങനെ തരംതിരിച്ചിരുന്നു. ബ്രിട്ടീഷ് ഇന്ത്യയിൽ ഗവർണറുടെ ഭരണത്തിലുണ്ടായിരുന്ന പ്രവിശ്യകളാണ് പാർട്ട് എ-യിൽ ഉൾപ്പെടുത്തിയിരുന്നത്. വടക്കു കിഴക്കൻ മേഖലയിലെ ഏറ്റവും വലിയ സംസ്ഥാനമായിരുന്ന ആസാം അന്ന് പാർട്ട് എയിലാണ് ഉൾപ്പെട്ടിരുന്നത്. 1956-ലെ 7-ാം ഭരണഘടന ഭേദഗതി മേൽപറഞ്ഞ തരംതിരിക്കൽ ഇല്ലാതാക്കി.

നാഗാ കുന്നുകളെയും അസമിലെ തുഎൻസാങ്ങ് (Tuensang) മേഖലയെയും ചേർത്ത് 1963 -ൽ നാഗാലാന്റ് സംസ്ഥാനം രൂപീകരിച്ചു. ഇന്ത്യയുടെ പതിനാറാമത് സംസ്ഥാനമാകുന്നതിന് മുൻപ് 1961 മുതൽ ആ പ്രദേശം അസം ഗവർണറുടെ നിയന്ത്രണത്തിലായിരുന്നു.

വടക്കു കിഴക്കൻ സംസ്ഥാനങ്ങളുടെ രാഷ്ട്രീയ ഭൂപടത്തിൽ കാതലായ മാറ്റം വന്നത് 1972 -ലാണ്. കേന്ദ്ര ഭരണ പ്രദേശങ്ങളായ മണിപ്പൂരും ത്രിപുരയും ഇന്ത്യയിലെ പത്തൊൻപതും ഇരുപതും സംസ്ഥാനങ്ങളായി മാറി. സബ് സ്റ്റേറ്റ് എന്ന വിഭാഗത്തിൽ പെടുന്ന മേഘാലയ രാജ്യത്തെ ഇരുപത്തൊന്നാമത്തെ സംസ്ഥാനമായതും 1972ന്റെ പ്രത്യേകതയാണ്. ഇതേവർഷം തന്നെ രണ്ട് കേന്ദ്ര ഭരണ പ്രദേശങ്ങൾ വടക്കുകിഴക്കായി രൂപം കൊണ്ടു. മിസോറാം, നോർത്ത് ഈസ്റ്റ് ഫ്രോണ്ടിയർ ഏജൻസി (NEFA) എന്നിവയായിരുന്നു അവ. ഇവ രണ്ടും മുൻപ് ആസ്സാമിന്റെ ഭാഗമായിരുന്നു.

1975-ൽ 36-ാമത് ഭരണഘടനാ ഭേദഗതിയിലൂടെ സിക്കിം ഇന്ത്യൻ യൂണിയന്റെ 22-ാം സംസ്ഥാനമായി മാറി. 1987-ൽ മിസ്സോറാമും അരുണാചൽ പ്രദേശും യഥാക്രമം ഇരുപത്തിമൂന്നാമതും ഇരുപത്തിനാലാമതും സംസ്ഥാനങ്ങളായി രൂപംകൊണ്ടു.

## നിങ്ങൾക്കറിയാമോ?



# ഡെസ്റ്റിനേഷൻ നോർത്ത് ഈസ്റ്റ്-2016

വടക്കു കിഴക്കൻ മേഖലയുടെ സാമ്പത്തിക, സാമൂഹ്യ, സാംസ്കാരികത്തനിമ രാജ്യത്തിനു മുമ്പിൽ പ്രദർശിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ 'ഡെസ്റ്റിനേഷൻ നോർത്ത് ഈസ്റ്റ് 2016' മേള ന്യൂഡൽഹയിൽ സംഘടിപ്പിച്ചു. 2016 ഫെബ്രുവരി 12 മുതൽ 14 വരെ നടന്ന മേള വടക്കുകിഴക്കൻ വികസന മന്ത്രാലയവും കേന്ദ്ര സാംസ്കാരിക വകുപ്പും സംയുക്തമായാണ് സംഘടിപ്പിച്ചത്.

വരും മാസങ്ങളിൽ മുംബൈ, ബംഗളൂരൂ എന്നിവിടങ്ങളിൽ മേള സംഘടിപ്പിക്കുവാൻ മന്ത്രാലയം തീരുമാനിച്ചിട്ടുണ്ട്. യുവസംരംഭകരേയും സ്റ്റാർട്ട് അപ്പുകളേയും ആകർഷിക്കുവാൻ ഇത്തരം മേളകൾ സഹായിക്കുമെന്നു പ്രതീക്ഷിക്കുന്നു. വിവിധ കേന്ദ്ര മന്ത്രാലയങ്ങൾ വടക്കു കിഴക്കൻ മേഖലയിൽ നടത്താനുദ്ദേശിക്കുന്ന സംരംഭങ്ങളെക്കുറിച്ച് അവതരിപ്പിക്കാനുള്ള അവസരം കൂടിയാണ് ഡസ്റ്റിനേഷൻ നോർത്ത് ഈസ്റ്റ് - 2016 ലൂടെ ലഭ്യമാകുക.

വടക്കുകിഴക്കൻ മേഖലയിലെ ജീവിനോപാധികളുടെ മെച്ചപ്പെടുത്തൽ, മൈക്രോ ഫിനാൻസ്, സാമ്പത്തിക ഉത്തേജനം, സ്റ്റാർട്ട് അപ് അവസരങ്ങളും വെല്ലുവിളികളും, കൈത്തറി തുണികളുടെ മൂല്യവർധന വളർച്ച, നൈപുണ്യ വികസനം, സംരംഭകത്വ പ്രോത്സാഹനം, വടക്കു കിഴക്കൻ മേഖലയിലെ കരകൗശല വസ്തുക്കളെ രാജ്യാന്തര വിപണിയിൽ പ്രീമിയം ബ്രാൻഡായി അവതരിപ്പിക്കൽ തുടങ്ങിയ വിഷയങ്ങൾ മേളയിൽ ചർച്ച ചെയ്തു.

വടക്കു കിഴക്കൻ മേഖലയുടെ സാംസ്കാരികത്തനിമ പ്രകടമാക്കുന്ന നിരവധി കലാപരിപാടികൾ അവതരിപ്പിക്കപ്പെട്ടു. വടക്കു കിഴക്കൻ മേഖലകളിലെ വിവിധ നാടോടി നത്തങ്ങൾ, ജനപ്രിയ റോക്ക് സംഗീതം, ഫോക് ഫ്യൂഷൻ, ഫാഷൻ ഷോ തുടങ്ങിയവയും മേളയുടെ ഭാഗമായി സംഘടിപ്പിച്ചിരുന്നു.

ബിസിനസ് സമ്മേളനമായിരുന്നു മേളയുടെ മറ്റൊരു സവിശേഷത. ടൂറിസം, കൃഷി, ഭക്ഷ്യസംസ്കരണം, നൈപുണ്യ വികസനം, സംരംഭകത്വം,ഐടി, കൈത്തറി, കരകൗശലം, മൈക്രോ ഫിനാൻസ്, സ്റ്റാർട്ട് അപ് തുടങ്ങിയ വിഭാഗങ്ങളിലായിരുന്നു സമ്മേളനം നടന്നത്.

വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽനിന്നുള്ള തുണിത്തരങ്ങൾ, പാരമ്പര്യവേഷങ്ങൾ, കലാവസ്തുക്കൾ, ഗൃഹോപകരണങ്ങൾ, ഹോം മേഡ് ഭക്ഷ്യവസ്തുക്കൾ, ബാംബൂ പെയിന്റിംഗുകൾ തുടങ്ങിയവ പ്രദർശിപ്പിച്ചിരുന്ന പവലിയനുകളും സ്റ്റാളുകളും മേളയോടനുബന്ധിച്ചു തുറന്നിരുന്നു.




Publications Division
Ministry of Information and Broadcasting
Government of India
website: publicationsdivision.nic.in
भारत 2016
INDIA 2016
Prestigious
INDIA 2016
Reference Annual
now
available
ONLINE
Buy at flipkart.com
www.flipkart.com
Buy eBooks at kobo
www.kobo.com


Subscribe Online NOW
बाल भारती
कुरुक्षेत्र
Kurukshetra
आजकल
YOJANA
योजना
Log on to
http://publicationsdivision.nic.in/,
in collaboration with bharatkosh.gov.in

**Yojana (Malayalam) April, 2016 Price Rs.22/- RNI No.22588/72 Postal Regn.KL/TV(S)/29/2015-17**
Licensed to post without pre-payment : KL/TV(S)/WPP/172/2015-17
Published on 1st April 2016





**2016 Civil Service prelims regular batch & crash programme for 2016 preliminary**



**Civil Service Mock Test Series - 74 Tests**
**starts from March**

Civil Service Mock Test - 74 Tests including portion wise break-up test & current affairs test.

**Features of Regular Batch Classes**

- Top rated faculties from all over India & various organization.
- Individual attention to students.
- Regular interaction session with expert Civil Servants, UPSC Toppers and prominent personality.
- Comprehensive approach for both Prelims and Mains.
- Answer writing Tips and Practices for Mains, which start from Prelims preparation itself.
- Regular Test series.
- Portion-wise breakup tests for complete General Studies.
- 24hrs library with internet facility.
- Add on batch available for college going students and working professionals.
- Special techniques and direction for general studies preparation.
- Long-term approach for Personality Development that helps to achieve your interview task.
- Separate hostel facility available for boys and girls inside the campus.





**Contact : 97440 48814, 99617 21244**

**Noorul Islam Civil Service Academy**

ISO 9001-2008 Certified Hospital
**NIMS**
A unit of N.I. EDUCATIONAL TRUST

NIMS Medicity, Nice Garden, Aaralumoodu, Neyyattinkara, Thiruvananthapuram - 695 123.
Ph: 0471-3951111. E-mail: info@nimsmedicity.org Website: www.noorulislamcivilserviceacademy.com


ഇന്ത്യാ ഗവണ്മെന്റിന്റെ പബ്ലിക്കേഷൻസ് ഡിവിഷനുവേണ്ടി **അഡീഷണൽ ഡയറക്ടർ ജനറൽ ഡോ. സാധനാ റാവുത്**
എസ്.ബി. പ്രസ്സ് (പ്രൈവറ്റ്) ലിമിറ്റഡിൽ അച്ചടിച്ച് തിരുവനന്തപുരത്തെ ഗവ. പ്രസ്സ് റോഡിലുള്ള യോജന ഓഫീസിൽ നിന്ന് പ്രസാധനം ചെയ്യുന്നത്.
**ചീഫ് എഡിറ്റർ – ദീപിക കച്ചൽ, സീനിയർ എഡിറ്റർ – ധന്യ സനൽ കെ.**